# സാമൂഹ്യശാസ്ത്രം I

## ഭാഗം - 1

## സ്റ്റാൻഡേർഡ് X

കേരളസർക്കാർ
പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2025

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

**സാമൂഹ്യശാസ്ത്രം I**

**10**

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in
e-mail : scertkerala@gmail.com, Phone : 0471 - 2341883,
Typesetting and Layout : SCERT
First Edition : 2025
*Printed at* : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട വിദ്യാർഥികളേ,

സമൂഹത്തിന്റെ വിവിധ തലങ്ങളിൽ നടത്തിയ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ കാഴ്ചപ്പാടുകളെ അടിസ്ഥാനമാക്കിയുള്ള പത്താംക്ലാസിലെ പുതിയ സാമൂഹ്യശാസ്ത്രം I പാഠപുസ്തകം രണ്ടുഭാഗങ്ങളിലായി നിങ്ങളുടെ കൈകളിൽ എത്തുകയാണ്. സാമൂഹ്യശാസ്ത്രത്തിലെ പ്രധാന പഠനമേഖലകളായ ചരിത്രം, രാഷ്ട്രതന്ത്രശാസ്ത്രം, സമൂഹശാസ്ത്രം എന്നിവയുമായി ബന്ധപ്പെട്ട പാഠഭാഗങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇന്നത്തെ ലോകത്തെ ശരിയായി മനസ്സിലാക്കാനും അടുത്തറിയാനും നാളെകളെ രൂപപ്പെടുത്താനും ഇന്നലെകളെക്കുറിച്ചുള്ള അറിവ് പ്രധാനപ്പെട്ടതാണല്ലോ. ആധുനികലോകത്തിന്റെ രൂപപ്പെടലിൽ പ്രധാന പങ്കുവഹിച്ച നവോത്ഥാനകാലഘട്ടത്തിൽ വിവിധ മേഖലകളിലുണ്ടായ മാറ്റങ്ങളെയാണ് ഈ പാഠപുസ്തകത്തിലെ ഒന്നാമത്തെ യൂണിറ്റ് ചർച്ചചെയ്യുന്നത്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന മുദ്രാവാക്യം ലോകത്തിന് നൽകിയ ഫ്രഞ്ച് വിപ്ലവത്തെക്കുറിച്ചും വിവിധകാലഘട്ടങ്ങളിൽ സാമ്പത്തികരംഗത്തുണ്ടായ മാറ്റങ്ങൾ, അവയുടെ പ്രത്യാഘാതങ്ങൾ എന്നിവയെക്കുറിച്ചും തുടർന്നുള്ള ചരിത്ര അധ്യായങ്ങളിൽ ചർച്ചചെയ്യുന്നു. ആധുനികലോകം സാക്ഷ്യം വഹിച്ച ഏറ്റവും വലിയ ബഹുജനസമരങ്ങളിലൊന്നായ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെയും അതിൽ നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ പങ്കിനെയും സവിസ്തരം പ്രതിപാദിക്കുന്നതാണ് അടുത്ത അധ്യായം. സ്വാതന്ത്ര്യാനന്തരം ഇന്ത്യ നേരിട്ട വെല്ലുവിളികളെയും അവ മറികടന്നുകൊണ്ട് നമ്മൾ കൈവരിച്ച നേട്ടങ്ങളെയുമെല്ലാം ചരിത്രപാഠഭാഗങ്ങൾ ചർച്ചയ്ക്ക് വിധേയമാക്കുന്നു.

സാമൂഹ്യശാസ്ത്രപഠനരംഗത്തെ നൂതന മേഖലകളിലൊന്നായ സമൂഹശാസ്ത്രം സാമൂഹികവിഷയങ്ങളെയും പ്രശ്നങ്ങളെയും സാമാന്യബോധജ്ഞാനത്തിനുപരിയായി സമൂഹശാസ്ത്രസങ്കല്പത്തിലൂടെ സമീപിക്കാനുള്ള നൈപുണി നിങ്ങളിൽ വികസിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് അവതരിപ്പിച്ചിട്ടുള്ളത്. ഇന്ത്യൻ സാമൂഹ്യഘടനയെ വിശദമായി ചർച്ചചെയ്യുന്നതാണ് സമൂഹശാസ്ത്രത്തിലെ മറ്റൊരു പാഠഭാഗം.

ജനാധിപത്യഭരണക്രമത്തിൽ പൊതുജനാഭിപ്രായരൂപീകരണം വളരെ പ്രധാനപ്പെട്ടതാണല്ലോ. പൊതുജനാഭിപ്രായരൂപീകരണത്തിന്റെ വിവിധതലങ്ങളെ പരിചയപ്പെടുത്തുന്നതാണ് 'പൊതുജനാഭിപ്രായം ജനാധിപത്യത്തിൽ' എന്ന പാഠഭാഗം. സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൽ ഇന്ത്യൻ രാഷ്ട്രീയരംഗത്തുണ്ടായ മാറ്റങ്ങളെയും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ടായ ജനകീയ പ്രക്ഷോഭങ്ങളെയും പ്രതിപാദിക്കുന്ന പാഠഭാഗവും രാഷ്ട്രതന്ത്രശാസ്ത്രത്തിന്റെ ഭാഗമായി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സാമൂഹ്യജീവിയെന്ന നിലയിൽ വിവിധ വിഷയങ്ങളിൽ കാര്യക്ഷമമായി ഇടപെടാനും ജനാധിപത്യബോധത്തോടെ മാനവികമൂല്യങ്ങളെ ഉയർത്തിപ്പിടിച്ച് സമൂഹത്തിന്റെ നെടുംതൂണുകളാവാനും ഈ പാഠപുസ്തകം നിങ്ങൾക്ക് ഒരു വിളക്കുമരമാകുമെന്ന് പ്രതീക്ഷിക്കുന്നു. വൈജ്ഞാനികസമൂഹത്തിന്റെ ഭാഗമാകാൻ നിങ്ങൾക്കോരോരുത്തർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ആശംസകളോടെ,

ഡോ. ജയപ്രകാശ് ആർ. കെ.
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തകരചനാസമിതി

## അഡ്വൈസർ

**ഡോ. കെ.എൻ. ഗണേഷ്**
ചെയർമാൻ, കേരള കൗൺസിൽ ഫോർ
ഹിസ്റ്റോറിക്കൽ റിസർച്ച്

## ചെയർപേഴ്സൺ

**ഡോ. ശിവദാസൻ പി.**
സീനിയർ പ്രൊഫസർ, ഡിപ്പാർട്ടുമെന്റ് ഓഫ്
ഹിസ്റ്ററി, കാലിക്കറ്റ് യൂണിവേഴ്സിറ്റി

## വിദഗ്ധർ

**ഡോ. കെ.കെ. രാധ**
പ്രിൻസിപ്പൽ (റിട്ട)
ഗവ. കോളേജ് ഫോർ വുമൺ
തിരുവനന്തപുരം

**ഡോ. പി. മോഹൻദാസ്**
അസോസിയേറ്റ് പ്രൊഫസർ (റിട്ട)
ഡിപ്പാർട്ടുമെന്റ് ഓഫ് ഹിസ്റ്ററി
കെ.എം.എം. ഗവ. വുമൺസ് കോളേജ്, കണ്ണൂർ

**ഡോ. പി.പി. അബ്ദുൾ റസാക്**
പ്രൊഫസർ & ഹെഡ്സ് (റിട്ട)
ഡിപ്പാർട്ടുമെന്റ് ഓഫ് ഹിസ്റ്ററി
പി.എസ്.എം.ഒ. കോളേജ്, തിരൂരങ്ങാടി

**ഡോ. പ്രദീപ്കുമാർ കെ.**
അസോസിയേറ്റ് പ്രൊഫസർ & ഹെഡ്സ് (റിട്ട)
ഡിപ്പാർട്ടുമെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ്
ഗവ. കോളേജ്, ആറ്റിങ്ങൽ, തിരുവനന്തപുരം

## അംഗങ്ങൾ

**യൂസഫ് കുമാർ എസ്.എം.**
പ്രിൻസിപ്പൽ, ജി.എച്ച്.എസ്.എസ്.
ചിതറ, കൊല്ലം

**ഹരിപ്രദീപ് എസ്.**
എച്ച്.എസ്.ടി. (റിട്ട)
എസ്.വി.എച്ച്.എസ്., പുല്ലാട്
പത്തനംതിട്ട

**ഡോ. അഞ്ജന വി.ആർ. ചന്ദ്രൻ**
റിസർച്ച് ഓഫീസർ
എസ്.സി.ഇ.ആർ.ടി, കേരള

**ഡോ. അജിത് ആർ. പിള്ള**
പ്രിൻസിപ്പൽ, ഡി.ബി.എച്ച്.എസ്.എസ്.
പരുമല, പത്തനംതിട്ട

**അജു എസ്.**
എച്ച്.എസ്.എസ്.ടി., ഹിസ്റ്ററി
ജി.എം.ജി.എച്ച്.എസ്.എസ്.
പട്ടം, തിരുവനന്തപുരം

**ജയകൃഷ്ണൻ ഒ.കെ.**
എച്ച്.എസ്.എസ്.ടി.
കെ.പി.സി.എച്ച്.എസ്.എസ്. പട്ടാനൂർ, കണ്ണൂർ

**പ്രദീപൻ ടി.**
എച്ച്.എസ്.എസ്.ടി., ഹിസ്റ്ററി
ജി.എച്ച്.എസ്.എസ്. പാലയാട്, കണ്ണൂർ

**മാർഗരറ്റ് ലിനി വി.പി.**
എച്ച്.എസ്.ടി. സോഷ്യൽസയൻസ്
ജി.വി. & എച്ച്.എസ്.എസ്. വെള്ളനാട്, തിരുവനന്തപുരം

**വിശ്വംഭരൻ എൻ.**
എച്ച്.എസ്.എസ്.ടി. (റിട്ട), ബോയ്സ് ഹയർ
സെക്കണ്ടറി സ്കൂൾ, കരുനാഗപ്പള്ളി, കൊല്ലം

**ശ്രീജിത്ത് എം. മൂത്തേടത്ത്**
എച്ച്.എസ്.ടി., സോഷ്യൽ സയൻസ്
സി.എൻ.എൻ. ജി.എച്ച്.എസ്. ചേർപ്പ്, തൃശ്ശൂർ

**അനസ് എൻ.എസ്.**
ഗവേഷകവിദ്യാർഥി, കേരള സർവകലാശാല

## അക്കാദമിക് കോഡിനേറ്റർ

**ജഗദീഷ് കെ.ടി.**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി, കേരളം

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം**
**വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012**

# ഉള്ളടക്കം


| | | |
|---|---|---|
| 1 | മാനവികത | 7-26 |
| 2 | സ്വാതന്ത്ര്യം സമത്വം സാഹോദര്യം | 27-46 |
| 3 | സാമൂഹികവിശകലനം: സമൂഹശാസ്ത്രസങ്കല്പത്തിലൂടെ | 47-64 |
| 4 | സമ്പത്തും ലോകവും | 65-86 |
| 5 | പൊതുജനാഭിപ്രായം ജനാധിപത്യത്തിൽ | 87-102 |


ഈ പുസ്തകത്തിൽ പഠനസൗകര്യത്തിനായി
ചില ചിഹ്നങ്ങൾ ഉപയോഗിച്ചിരിക്കുന്നു


അധികവായനയ്ക്ക് - വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല


പഠനപ്രവർത്തനം


തുടർപ്രവർത്തനങ്ങൾ

# ഭാരതത്തിന്റെ ഭരണഘടന

## ആമുഖം

**ഭാരതത്തിലെ ജനങ്ങളായ നാം** ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;** സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

**നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ** ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**

---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്റ്റ് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക് "എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).
2. മേല്പറഞ്ഞ ആക്റ്റ് 2-ാം വകുപ്പു പ്രകാരം ''രാഷ്ട്രത്തിന്റെ ഐക്യം''എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).







# 1

# മാനവികത

"അറിവിന്റെ നിരാസം നന്മയുടെ നിരാസം തന്നെയാണ്; നന്മയുടെ ജ്വാലയാൽ പ്രകാശിതമാക്കപ്പെട്ട ബുദ്ധിക്ക് ആ ജ്വാലയെ സ്നേഹിക്കാതിരിക്കാനാവില്ല. സ്നേഹം അറിവിന്റെ മാത്രം സന്തതിയാണ്. യുക്തിചിന്ത ശരിയായ ഇച്ഛയുടെ മാർഗദർശിയും. നമ്മെ മോക്ഷത്തിലേക്ക് നയിക്കുന്നതും യുക്തി തന്നെ"

പതിമൂന്നാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിൽ ജീവിച്ചിരുന്ന ശാസ്ത്രചിന്തകനായ റോജർ ബേക്കണിന്റെ വാക്കുകളാണിത്. യുക്തിചിന്ത, അറിവ്, സ്നേഹം എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ചാണ് ഇവിടെ പരാമർശിക്കുന്നത്. അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തിൽ യൂറോപ്പിലെ അധികാരികൾ യുക്തി ചിന്തയെ നിഷേധിച്ചിരുന്നു. റോജർ ബേക്കണിനെപ്പോലുള്ള ചിന്തകർ നിലവിലിരുന്ന ഫ്യൂഡൽ അധികാരവ്യവസ്ഥയെയും അതിന്റെ ആശയങ്ങളെയും ചോദ്യം ചെയ്തു. തൽഫലമായി അവരിൽ പലരും അധികാരികളുടെ ക്രൂരമായ പീഡനത്തിനും ജയിൽവാസത്തിനും വിധേയരായി. ചിലർക്ക് ജീവൻതന്നെ നഷ്ടപ്പെട്ടു. എന്നാൽ പിൽക്കാലത്ത് സ്ഥിതിഗതികൾ മാറിമറിയാൻ തുടങ്ങി.




റോജർ ബേക്കണും അദ്ദേഹം വരച്ച ഡയഗ്രങ്ങളും

പതിനാലാം നൂറ്റാണ്ടോടെ യൂറോപ്പിലെ സാമൂഹിക, സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ രംഗങ്ങളിൽ ചില മാറ്റങ്ങൾ സംഭവിച്ചു. പ്രാചീന യൂറോപ്പിലെ ഗ്രെക്കോ-റോമൻ സംസ്കാരത്തിന്റെ സ്വാധീനത്തോടൊപ്പം മധ്യകാലത്ത് നിലനിന്നിരുന്ന ആശയങ്ങളിൽ നിന്നും വഴിപിരിയാനുള്ള പ്രവണതയും ഇക്കാലത്ത് ശക്തിപ്പെട്ടു. ഈ മാറ്റങ്ങളുടെ സവിശേഷതകൾ എന്തെല്ലാമായിരുന്നുവെന്ന് നോക്കാം.

### ഗ്രെക്കോ-റോമൻ സംസ്കാരങ്ങൾ

പ്രാചീന യൂറോപ്പിൽ നിലനിന്നിരുന്ന രണ്ട് പ്രധാന സംസ്കാരങ്ങളായിരുന്നു ഗ്രീക്ക്, റോമൻ സംസ്കാരങ്ങൾ. ഇവ ക്ലാസിക്കൽ സംസ്കാരങ്ങൾ എന്നറിയപ്പെടുന്നു. ബി.സി.ഇ. പന്ത്രണ്ടാം നൂറ്റാണ്ടു മുതൽ ബി.സി.ഇ. നാലാം നൂറ്റാണ്ടുവരെയുള്ള കാലഘട്ടമായിരുന്നു ഗ്രീക്ക് സംസ്കാരത്തിന്റേത്. ബി.സി.ഇ. ഏഴാം നൂറ്റാണ്ടു മുതൽ സി.ഇ. അഞ്ചാം നൂറ്റാണ്ടുവരെയായിരുന്നു റോമൻ സംസ്കാരത്തിന്റെ കാലഘട്ടം.

- മനുഷ്യകേന്ദ്രീകൃതമായ കാഴ്ചപ്പാട് (മാനവികത)
- നഗരജീവിതത്തിന്റെ വളർച്ച
- കച്ചവടത്തിന്റെ പുരോഗതി
- ദേശരാഷ്ട്രങ്ങളുടെ വളർച്ച
- വ്യക്തിസ്വാതന്ത്ര്യം
- യുക്തിചിന്ത
- മതേതരമൂല്യങ്ങളുടെ വ്യാപനം
- പണാധിഷ്ഠിത സമ്പദ്ഘടന
- പ്രാദേശികഭാഷകൾക്ക് ലഭിച്ച പ്രാധാന്യം
- കല, ശാസ്ത്ര രംഗങ്ങളിലുണ്ടായ മാറ്റങ്ങൾ

പ്രാചീന റോമൻ സംസ്കാരത്തിന്റെ ഭാഗമായിരുന്ന ഇറ്റലിയിലായിരുന്നു ഈ മാറ്റങ്ങൾ കൂടുതൽ പ്രകടമായത്. ഇറ്റലിയിൽ ആവിർഭവിച്ച ഈ മാറ്റങ്ങൾക്ക് ചരിത്രകാരർ 'നവോത്ഥാനം' (Renaissance) എന്ന പേര് നൽകി. മധ്യകാലത്തെ ഫ്യൂഡൽവ്യവസ്ഥയിൽ നിന്നും ആധുനികകാലഘട്ടത്തിലേക്കുള്ള മാറ്റത്തിന്റെ കാലമായി നവോത്ഥാനം ചരിത്രത്തിൽ ഇടം നേടി.

മധ്യകാലഘട്ടത്തിൽ നിന്നും ആധുനിക കാലഘട്ടത്തിലേക്കുള്ള സംക്രമണകാലമായിരുന്നു (Transition Period) നവോത്ഥാനകാലം. ഈ പ്രസ്താവന വിലയിരുത്തുക.

**നവോത്ഥാനം (Renaissance)**

'റിനൈസ്സൻസ്' എന്ന വാക്കിന് മലയാളത്തിൽ നവോത്ഥാനം, പുനർജനി എന്നൊക്കെയാണ് അർഥം. പതിനാലാം നൂറ്റാണ്ടോടുകൂടി പ്രാചീന ഗ്രെക്കോ-റോമൻ സംസ്കാരങ്ങൾക്കുണ്ടായ പുനർജനി എന്നാണ് ഇതുകൊണ്ടർഥമാക്കുന്നത്.

## നവോത്ഥാനം എന്തുകൊണ്ട് ഇറ്റലിയിൽ?

തന്നിട്ടുള്ള ഭൂപടം 1.1 നിരീക്ഷിക്കൂ. അതിൽ നിന്നും മധ്യകാല ഇറ്റലിയിൽ നിലനിന്നിരുന്ന നഗരങ്ങളെ കണ്ടെത്തി എഴുതൂ.

- 
- 
- 
- 

ഇറ്റലിയിലെ നഗരങ്ങൾ യൂറോപ്പിലെ മറ്റ് നഗരങ്ങളിൽ നിന്നും വ്യത്യസ്തമായിരുന്നു. കാരണം:

- അവ കൂടുതൽ സ്വതന്ത്രവും സമ്പന്നവും ഊർജസ്വലവും ആയിരുന്നു.
- ഇവിടങ്ങളിലെ വ്യാപാരികൾ ബാങ്കിംഗ്, ഇൻഷ്വറൻസ് എന്നീ മേഖലകളെക്കുറിച്ച് അറിവുള്ളവരായിരുന്നു. 'ബുക്ക് കീപ്പിംഗ്' പോലുള്ള വാണിജ്യ സാങ്കേതിക വിദ്യകളിൽ കാര്യക്ഷമത കൈവരിച്ചവരും അക്കൂട്ടത്തിലുണ്ടായിരുന്നു. അവരിൽ നിരവധിപേർ വാണിജ്യത്തിലൂടെ അതിസമ്പന്നരായി മാറുകയും ചെയ്തിരുന്നു.




ഭൂപടം 1.1

**ബുക്ക് കീപ്പിംഗ്**

ഒരു സ്ഥാപനത്തിന്റെ വരവും ചെലവും ദൈനംദിനാടിസ്ഥാനത്തിൽ ക്രമമായി രേഖപ്പെടുത്തുന്നതിനെയാണ് ബുക്ക് കീപ്പിംഗ് എന്നുപറയുന്നത്.
അക്കൗണ്ടിംഗിന്റെ ആദ്യനടപടിയാണ് ബുക്ക് കീപ്പിംഗ്.

പതിനൊന്നാം നൂറ്റാണ്ടോടെ യൂറോപ്പിൽ ഉണ്ടായ വാണിജ്യവൽക്കരണം മധ്യകാല ഫ്യൂഡൽവ്യവസ്ഥയുടെ തകർച്ചയ്ക്കും മതമേധാവിത്വത്തിന്റെ ശക്തി ക്ഷയിക്കുന്നതിനും കാരണമായി. ഇത് സമ്പന്നരായ ഒരു വിഭാഗത്തിന്റെ ഉയർച്ചയ്ക്കും ആധിപത്യത്തിനും ഇടയാക്കി. വാണിജ്യ പുരോഗതിയുടെ ഫലമായി ഇറ്റലിയിൽ നിരവധി സമ്പന്നകുടുംബങ്ങൾ ഉയർന്നുവന്നു. ഇവർ രാഷ്ട്രീയാധികാരത്തിന്റെ ഒരു പങ്ക് ആവശ്യപ്പെട്ടു. ഇത്തരത്തിൽ ഉയർന്നുവന്ന കുടുംബങ്ങളും അവ വളർന്നുവന്ന നഗരങ്ങളും ഏതെല്ലാമെന്ന് നോക്കാം.

| ഇറ്റാലിയൻ കുടുംബങ്ങൾ | വളർന്നുവന്ന നഗരങ്ങൾ |
|---|---|
| മെഡിചി | ഫ്ലോറൻസ് |
| സ്ഫോർസാ | മിലാൻ |
| ഫർനീസി | പാർമ |
| ഓർസീനി | നേപ്പിൾസ് |
| വിസ്കൊന്തി | മിലാൻ |

### കുരിശുയുദ്ധങ്ങൾ

വിശുദ്ധനാടായി കരുതപ്പെടുന്ന ജറുസലേമിനായി ഇസ്ലാം മത വിശ്വാസികളും ക്രൈസ്തവരും തമ്മിൽ നടന്ന യുദ്ധങ്ങളാണ് കുരിശുയുദ്ധങ്ങൾ. ഏഷ്യയുടെയും യൂറോപ്പിന്റെയും രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക ജീവിതത്തിൽ ഇത് നിർണ്ണായക സ്വാധീനം ചെലുത്തി. സി.ഇ. പതിനൊന്നാം നൂറ്റാണ്ടുമുതൽ പതിമൂന്നാം നൂറ്റാണ്ടുവരെയായി രുന്നു ഇതിന്റെ കാലഘട്ടം.

മധ്യകാലത്ത് നടന്ന കുരിശുയുദ്ധങ്ങൾ കിഴക്കും പടിഞ്ഞാറും തമ്മിലുള്ള സാംസ്കാരികവിനിമയത്തിന് വഴിതെളിച്ചു. കിഴക്കൻ ലോകത്തെ സംസ്കാരങ്ങൾ, നഗരങ്ങൾ, അവിട ങ്ങളിലെ ജനജീവിതം തുടങ്ങിയവയുമായി ഇറ്റാലിയൻ നഗരങ്ങൾ പരിചയത്തിലായി. ഇത് ഇറ്റാലിയൻ നഗര ങ്ങളുടെ വളർച്ചയ്ക്ക് വേഗത കൂട്ടി. ഇസ്ലാമികസാമ്രാജ്യം, ബൈസന്റൈൻ (കിഴക്കൻ റോമൻ) സാമ്രാജ്യം എന്നിവയുമായി സ്ഥാപിച്ച വാണിജ്യബന്ധത്തിലൂടെ വൻതോതിൽ സമ്പത്ത് ഇറ്റാലിയൻ നഗരങ്ങളിലേക്ക് ഒഴുകി. കാലാന്തരത്തിൽ മെഡി റ്ററേനിയൻ പ്രദേശം കേന്ദ്രീകരിച്ച് നിലനിന്നിരുന്ന കിഴക്കും പടിഞ്ഞാറും തമ്മിലുള്ള വാണിജ്യത്തിന്റെ കുത്തക ഇറ്റാലി യൻ നഗരങ്ങളിലെ കച്ചവടക്കാരുടെ നിയന്ത്രണത്തിലായി.

ഇറ്റാലിയൻ നഗരങ്ങൾ മറ്റ് യൂറോപ്യൻ നഗരങ്ങളെ അപേക്ഷിച്ച് കൂടുതൽ സമ്പന്നമായിരുന്നു. ഇതി ലേക്ക് നയിച്ച സാഹചര്യം വിശദീകരിക്കുക.

പതിനാലാം നൂറ്റാണ്ടിന്റെ മധ്യത്തിൽ പൊട്ടിപ്പുറപ്പെട്ട ബ്യൂബോണിക് പ്ലേഗ് എന്ന മഹാമാരി ഇറ്റാലിയൻ നഗരങ്ങളെ സാരമായി ബാധിച്ചു. 'ബ്ലാക്ക് ഡെത്ത്' എന്നറിയപ്പെടുന്ന ഈ ദുരന്തത്തിൽ വൻതോതിൽ ജനങ്ങൾ മരണപ്പെട്ടത് തൊഴിലാളികളുടെ ലഭ്യതയിൽ കുറവുണ്ടാക്കി. ഇത് കാർ ഷികമേഖലയെ ആശ്രയിച്ച് നിലനിന്നിരുന്ന മധ്യകാല ഫ്യൂഡൽ വ്യവ സ്ഥയുടെ തകർച്ചയ്ക്കും വാണിജ്യകേന്ദ്രീകൃതമായ ഒരു മധ്യവർഗത്തിന്റെ

വളർച്ചയ്ക്കും വഴിയൊരുക്കി. നിലവിലുണ്ടായിരുന്ന മരുന്നുകൾ പ്ലേഗിനെ ചെറുക്കുന്നതിൽ പരാജയപ്പെട്ടപ്പോൾ ജനം പ്രാചീന ഗ്രീസിലെയും റോമിലെയും വൈദ്യശാസ്ത്രത്തെക്കുറിച്ച് കൂടുതൽ പഠിക്കാൻ തുടങ്ങി. പ്ലേഗിന്റെ ഭീകരത മനുഷ്യനെ ജീവിതത്തിന്റെ നൈമിഷികതയെയും അനിശ്ചിതത്വത്തെയും കുറിച്ച് ചിന്തിക്കാനും സുഖങ്ങളെക്കുറിച്ചന്വേഷിക്കാനും തങ്ങളെക്കുറിച്ചുതന്നെ ചിന്തിക്കാനും പ്രേരിപ്പിച്ചു. ഇത് മാനവികതയിലേക്ക് (Humanism) വഴിതുറന്നു.

പതിനാലാം നൂറ്റാണ്ടിൽ പൊട്ടിപ്പുറപ്പെട്ട പ്ലേഗ് യൂറോപ്പിന്റെ വിവിധ മേഖലകളിൽ ഉണ്ടാക്കിയ മാറ്റങ്ങൾ ചർച്ച ചെയ്യുക.

നഗരങ്ങളിലെ സമ്പത്ത്, രാഷ്ട്രീയസ്വാതന്ത്ര്യം, സാമൂഹിക ഐക്യം തുടങ്ങിയവ ജനങ്ങളിൽ പൗരബോധവും ആത്മാഭിമാനവും വളർത്തി. പ്രാചീന റോമാസാമ്രാജ്യത്തിൽ നിലനിന്നിരുന്ന ക്രമസമാധാനം, ഭരണകൂടം എന്നിവയെ സംബന്ധിച്ച ആശയങ്ങൾ ഇറ്റലിയിൽ പ്രചരിച്ചു. പ്രാചീന റോമൻ നിയമങ്ങളിലും ലാറ്റിൻ ഭാഷയിലും പാണ്ഡിത്യമുണ്ടായിരുന്ന വിദ്യാസമ്പന്നരായ ഒരുവിഭാഗം വാണിജ്യപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നു. തൽഫലമായി പ്രാചീനഭാഷ, സാഹിത്യം, സ്ഥാപനങ്ങൾ, പൗരാണികത എന്നിവയിൽ ഇവർക്ക് താൽപര്യം ജനിച്ചു. ഓരോ നഗരവും കലയുടെയും സാഹിത്യത്തിന്റെയും കേന്ദ്രങ്ങളാകാൻ ആഗ്രഹിച്ചു. പ്രാചീന റോമാനഗരത്തിലെ ചിത്രങ്ങളും കൈയെഴുത്തു പ്രതികളും കെട്ടിടാവശിഷ്ടങ്ങളും രാജാക്കന്മാരുടെയും പുരോഹിതരുടെയും നേതൃത്വത്തിൽ കണ്ടെടുത്ത് സംരക്ഷിക്കപ്പെട്ടു. കെട്ടിടങ്ങൾ നിർമ്മിക്കുന്നതും കലയെയും സാഹിത്യത്തെയും പ്രോത്സാഹിപ്പിക്കുന്നതും യുദ്ധങ്ങളെക്കാൾ തങ്ങളെ ജനമനസ്സിൽ അനശ്വരരാക്കുമെന്ന് രാജാക്കന്മാർ കരുതി.


സമ്പന്നരായ ആളുകൾ തങ്ങളുടെ ഇടവക ദേവാലയങ്ങൾ (പാരിഷ്) മോടിപിടിപ്പിക്കുകയും സന്യാസി മഠങ്ങൾ, സന്യാസിനി മഠങ്ങൾ, കത്തീഡ്രലുകൾ എന്നിവയുടെ നിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഫ്ലോറൻസ്, മിലാൻ, റോം, വെനീസ് തുടങ്ങിയ ഇറ്റാലിയൻ നഗരങ്ങളിൽ കലാകാരരെ പ്രോത്സാഹിപ്പിക്കുന്നത് പൗരധർമ്മമായി കണക്കാക്കപ്പെട്ടു. 1453ൽ തുർക്കികൾ കിഴക്കൻ റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനമായിരുന്ന കോൺസ്റ്റാന്റിനോപ്പിൾ

## ബ്ലാക്ക് ഡെത്ത് (Black Death)

1347നും 1351നും ഇടയിൽ യൂറോപ്പിനെ തകർത്തെറിഞ്ഞ പ്ലേഗ് എന്ന മഹാമാരിയെയാണ് 'ബ്ലാക്ക് ഡെത്ത്' എന്ന് വിശേഷിപ്പിക്കുന്നത്. രോഗം ബാധിച്ചവരുടെ ശരീരത്തിൽ കറുത്ത കുമിളകൾ രൂപപ്പെട്ടിരുന്നു. ഇതിനാലാണ് ഈ ദുരന്തം കറുത്ത മരണം എന്നറിയപ്പെട്ടത്. വാണിജ്യത്തിനായി വന്ന കപ്പലുകളിലൂടെ എത്തിയ എലികളിലെ ചെള്ള് വഴിയാണ് യൂറോപ്പിൽ പ്ലേഗ് പടർന്നുപിടിച്ചത്.

## യൂറോപ്യൻ നവോത്ഥാനം ഒരു കൊളോണിയൽ കാഴ്ചപ്പാട്

യൂറോപ്പ് കേന്ദ്രീകരിച്ചാണ് നവോത്ഥാനം ആവിർഭവിച്ചത് എന്ന ആശയത്തിനെതിരായി ഇന്ന് നിരവധി അഭിപ്രായങ്ങൾ ഉയർന്നുവരുന്നുണ്ട്. ജോർജ് ജെയിംസിന്റെ 'സ്റ്റോളൻ ലെഗസി', മാർട്ടിൻ ബർണലിന്റെ 'ബ്ലാക്ക് അഥീന: ദ ആഫ്രോ ഏഷ്യാറ്റിക് റൂട്സ് ഓഫ് ക്ലാസിക് സിവിലൈസേഷൻ' എന്നീ ഗ്രന്ഥങ്ങൾ ഈ അഭിപ്രായം പങ്കുവയ്ക്കുന്നവയാണ്. യൂറോപ്പ് മാത്രം ശരിയും മറ്റെല്ലാം തെറ്റുമാണ്, അല്ലെങ്കിൽ യൂറോപ്യർ മാത്രം പരിഷ്കൃതരും മറ്റെല്ലാവരും അപരിഷ്കൃതരുമാണ് എന്ന് വരുത്തിത്തീർക്കാനാണ് കൊളോണിയൽ ചരിത്രകാരർ ശ്രമിക്കുന്നത് എന്നാണ് ഇവർ വാദിക്കുന്നത്.


I

ΙΠΠΟΚΡΑΤΟΥΣ
ΟΡΚΟΣ
HIPPOCRATIS
IVSIVRANDVM

ഗ്രീക്ക് കൈയെഴുത്തുപ്രതി

പിടിച്ചെടുത്തു. പ്രാചീന ഗ്രെക്കോ-റോമൻ സാഹിത്യകൃതികളുടെ കൈയെഴുത്തുപ്രതികൾ കൈവശമുണ്ടായിരുന്ന നിരവധി പണ്ഡിതരുടെ കേന്ദ്രമായിരുന്നു കോൺസ്റ്റാന്റിനോപ്പിൾ. തുർക്കികളുടെ ആക്രമണത്തെത്തുടർന്ന് അവർ തങ്ങളുടെ കൈവശമുള്ള കൈയെഴുത്തു പ്രതികളുമായി ഇറ്റാലിയൻ നഗരങ്ങളിലേക്ക് നീങ്ങി. മധ്യകാലത്ത് സർവകലാശാലകളിൽ മാത്രം ഒതുങ്ങി നിന്ന അന്വേഷണങ്ങളും പഠനങ്ങളും ഗ്രന്ഥാലയങ്ങളിലേക്ക് വ്യാപിക്കാൻ തുടങ്ങി. സമ്പത്തും രാഷ്ട്രീയസ്വാതന്ത്ര്യവും കലാപരമായ പുരോഗതിക്കും സാംസ്കാരികരംഗത്തെ പരീക്ഷണങ്ങൾക്കും വഴിയൊരുക്കി. ഇതോടെ സാംസ്കാരികരംഗത്തും വൈജ്ഞാനികമേഖലയിലും പുത്തൻ ആശയങ്ങൾ പ്രകടമാകാൻ തുടങ്ങി.




ഭൂപടം 1.2


ഭൂപടം 1.2 നിരീക്ഷിച്ച് കോൺസ്റ്റാന്റിനോപ്പിളിന്റെ സ്ഥാനം കണ്ടെത്തുക. അതിന്റെ ഭൂമിശാസ്ത്രപരമായ പ്രാധാന്യം ചർച്ച ചെയ്യുക.

തുർക്കികളുടെ കോൺസ്റ്റാന്റിനോപ്പിൾ ആക്രമണം ഇറ്റലിയുടെ വൈജ്ഞാനിക മേഖലയെ സ്വാധീനിച്ചതെങ്ങനെയെന്ന് വിലയിരുത്തുക.

## മനുഷ്യർ കേന്ദ്രമാകുന്നു

മധ്യകാലലോകത്തെ പ്രധാനമായും സ്വാധീനിച്ചിരുന്നത് സ്കൊളാസ്റ്റിസിസം (Scholasticism) എന്നറിയപ്പെട്ട തത്വശാസ്ത്രമായിരുന്നു. ക്രൈസ്തവ മതചിന്തയെ അടിസ്ഥാനമാക്കിയുള്ള ഈ തത്വശാസ്ത്രം വിജ്ഞാനത്തെയും അന്വേഷണങ്ങളെയും പ്രോത്സാഹിപ്പിച്ചുവെങ്കിലും ദൈവത്തിനും പരലോകജീവിതത്തിനുമാണ് ഊന്നൽ നൽകിയത്. ഇതിൽ നിന്ന് മാറി മനുഷ്യനും ഇഹലോകത്തിനും യുക്തിചിന്തയ്ക്കും പ്രാധാന്യം നൽകിക്കൊണ്ടാണ് മാനവികത എന്ന ആശയം രൂപപ്പെട്ടത്. മനുഷ്യനിൽ അന്തർലീനമായ അനന്യത, വികാരങ്ങൾ, ശേഷികൾ, എഴുത്ത്, സംഭാഷണം എന്നിവയ്ക്ക് മാനവികതാവാദികൾ ഊന്നൽ നൽകി. ദൈവകേന്ദ്രീകൃതമായ കാഴ്ചപ്പാടിൽ നിന്നും മനുഷ്യകേന്ദ്രീകൃതമായ വീക്ഷണത്തിലേക്കുള്ള പരിവർത്തനമായിരുന്നു ഇതിന്റെ അടിസ്ഥാനം. വിയോജിപ്പുകൾക്കും വിമർശനങ്ങൾക്കും മാനവികതയിൽ സ്ഥാനം ലഭിച്ചു. അവർ മതത്തിന്റെ ആധിപത്യത്തെ ചോദ്യം ചെയ്തു.

### അരിസ്റ്റോട്ടിൽ



പ്രാചീന ഗ്രീസിൽ ജീവിച്ചിരുന്ന ചിന്തകനായിരുന്നു അരിസ്റ്റോട്ടിൽ. അദ്ദേഹത്തിന്റെ ആശയങ്ങൾ നവോത്ഥാനകാലത്ത് പുതിയ ചോദ്യങ്ങൾക്കും സംവാദങ്ങൾക്കും പശ്ചാത്തലമൊരുക്കി. പന്ത്രണ്ട്, പതിമൂന്ന് നൂറ്റാണ്ടുകളിൽ യൂറോപ്പിൽ അരിസ്റ്റോട്ടിലിന്റെ കൃതികൾ ലത്തീനിലും പ്രാദേശികഭാഷകളിലും വിവർത്തനം ചെയ്ത് പ്രചരിപ്പിക്കപ്പെട്ടു. സത്യാന്വേഷണത്തിന് അദ്ദേഹം നൽകിയ പ്രാധാന്യവും പഠനങ്ങളുടെ വ്യാപ്തിയുമാണ് ഇതിന് കാരണമായത്.

ഇക്കാലത്ത് പ്രാചീന ഗ്രെക്കോ-റോമൻ ഗ്രന്ഥങ്ങൾ ജനങ്ങൾ വർധിച്ച താൽപര്യത്തോടെ വായിച്ചു. പ്രാചീന ഗ്രീക്ക് തത്വചിന്തകനായ അരിസ്റ്റോട്ടിലിന്റെ ആശയങ്ങൾ അറബികൾ യൂറോപ്പിൽ പ്രചരിപ്പിച്ചു. മാനവികതാവാദികൾ പ്രാദേശികഭാഷകളിൽ കൃതികൾ രചിക്കുകയും ഗ്രെക്കോ-റോമൻ ശൈലിയിൽ ചിത്രങ്ങൾ വരയ്ക്കുകയും ശില്പങ്ങൾ നിർമ്മിക്കുകയും ചെയ്തു. അവർക്ക് പ്രധാന പ്രചോദനം പ്രാചീന ഗ്രെക്കോ-റോമൻ സംസ്കാരങ്ങളായിരുന്നുവെങ്കിലും അവരുടെ കാഴ്ചപ്പാട് വ്യത്യസ്തമായിരുന്നു. ഗ്രെക്കോ-റോമൻ കല ദൈവത്തെയും സമ്പന്നരെയും ശക്തരെയുമാണ് ചിത്രീകരിച്ചിരുന്നത്. രൂപങ്ങൾ പൂർണ്ണ സൗന്ദര്യത്തോടെ ആവിഷ്കരിക്കാനാണ് അവർ ശ്രമിച്ചത്. എന്നാൽ നവോത്ഥാനകല മനുഷ്യരെ സ്വാഭാവികതയോടെ ചിത്രീകരിക്കുകയാണ് ചെയ്തത്. നവോത്ഥാനകാലത്തെ കലാസാഹിത്യസൃഷ്ടികൾ ഇത് സാക്ഷ്യപ്പെടുത്തുന്നു. മാനവികത പിൽക്കാലത്ത് ചിത്രകല, ശില്പകല, സാഹിത്യം, രാഷ്ട്രീയം, ചരിത്രം, ശാസ്ത്രം, മതം തുടങ്ങി വിവിധ മേഖലകളിൽ മാറ്റത്തിനുള്ള പ്രചോദനവും സ്രോതസ്സുമായി മാറി. ഈ മാറ്റങ്ങളെയാണ് നവോത്ഥാനം പ്രതിനിധീകരിക്കുന്നത്.

മാനവികതയുടെ കടന്നുവരവ് ലോകചരിത്രത്തെ സ്വാധീനിച്ചതെങ്ങനെ?

## നവോത്ഥാനകല




മധ്യകാലത്തെ ചിത്രം     നവോത്ഥാനകാലത്തെ ചിത്രം

മധ്യകാലത്തെയും നവോത്ഥാനകാലത്തെയും ചിത്രങ്ങളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. രണ്ടിന്റെയും പ്രമേയം ഒന്നുതന്നെയാണ്. എന്നാൽ ഇവയുടെ ശൈലിയിൽ എന്തെല്ലാം വ്യത്യാസങ്ങൾ ഉണ്ടെന്ന് കണ്ടെത്താമോ?

മധ്യകാലത്തെ ചിത്രം മാലാഖമാർ, സ്വർഗീയത തുടങ്ങിയ ആത്മീയഘടകങ്ങൾക്ക് പ്രാധാന്യം നൽകുമ്പോൾ നവോത്ഥാനകാലത്തെ ചിത്രം ശരീരത്തിന്റെ സൗന്ദര്യം, മൗലികത, വർണ്ണങ്ങളുടെ സ്വാഭാവികപ്രയോഗം തുടങ്ങിയ ഭൗതികഘടകങ്ങൾക്ക് ഊന്നൽ നൽകുന്നു. ഈ രീതിയിൽ നവോത്ഥാനകാലത്ത് ചിത്രകല, ശില്പകല, വാസ്തുവിദ്യ എന്നീ മേഖലകൾ സവിശേഷമായ മാറ്റങ്ങൾക്ക് വിധേയമായി. യൂറോപ്പിലെ പ്രധാന വാണിജ്യകേന്ദ്രങ്ങളിലൊന്നായ ഫ്ലോറൻസ് നഗരമായിരുന്നു ഇറ്റലിയിലെ നവോത്ഥാനകലയുടെ പ്രധാന കേന്ദ്രം.

## ചിത്രകല

നവോത്ഥാനകാലത്ത് മാനവികത ഏറ്റവും ശക്തമായി പ്രതിഫലിച്ച മേഖലയായിരുന്നു ചിത്രകല. ചിത്രകാരർ തങ്ങളുടെ ചിത്രങ്ങളിൽ മനുഷ്യരൂപങ്ങളെ കൃത്യമായും വ്യക്തമായും സൂക്ഷ്മതയോടെയും അവതരിപ്പിച്ചു. ശരീരശാസ്ത്രത്തിൽ (Anatomy) അവർ കൈവരിച്ചിരുന്ന അറിവ് ഇതിന് സഹായകമായി. യുക്തിചിന്തയ്ക്കും മനുഷ്യസ്വഭാവത്തിലെ വൈകാരികതയ്ക്കും ചിത്രകാരർ തങ്ങളുടെ സൃഷ്ടികളിൽ ഊന്നൽ നൽകി. ഇഹലോകത്തെ മൂല്യങ്ങൾക്ക് പ്രാധാന്യം ലഭിച്ചു. മാനവികതയുടെ സ്വാധീനം കാരണം കലാസൃഷ്ടികൾ കൂടുതൽ കൃത്യതയുള്ളവയും യാഥാർഥ്യത്തോട് ചേർന്നുനിൽക്കുന്നവയുമായി.

ദൈവസിദ്ധാന്തങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രമേയങ്ങളാണ് തങ്ങളുടെ സൃഷ്ടികൾക്ക് കലാകാരർ പൊതുവെ തിരഞ്ഞെടുത്തിരുന്നത്. പക്ഷേ അവരുടെ ചിത്രങ്ങളിൽ ചുവടെ പറയുന്ന സവിശേഷതകൾ കാണാമായിരുന്നു.

- ഭൂദൃശ്യങ്ങൾ (Landscapes)
- വർണ്ണങ്ങൾകൊണ്ട് പ്രകാശത്തെയും അകലത്തെയും ചിത്രീകരിക്കൽ
- മനുഷ്യശരീരത്തിന്റെ യഥാർഥ ചിത്രീകരണം
- എണ്ണച്ചായത്തിന്റെ ഉപയോഗം
- ഛായാചിത്രങ്ങൾ (Portraits)
- ആദർശവൽക്കരിക്കപ്പെട്ട (Idealised) മനുഷ്യരൂപത്തിലുള്ള ദൈവത്തിന്റെ ചിത്രീകരണം.



ഇറ്റാലിയൻ നവോത്ഥാന ചിത്രകാരനായ ജിയോവന്നി ബെല്ലിനി വരച്ച 'ആഗണി ഇൻ ദി ഗാർഡൻ' (പൂന്തോട്ടത്തിലെ വേദന) എന്ന ചിത്രമാണിത്. ഒലിവ് പർവതത്തിൽ ക്രിസ്തു മുട്ടുകുത്തി പ്രാർഥിക്കുമ്പോൾ ശിഷ്യർ അദ്ദേഹത്തിന്റെ സമീപത്ത് ഉറങ്ങുന്നു. ക്രിസ്തുവിനെ പിടികൂടാൻ റോമൻ പടയാളികൾ വരുന്നതും പശ്ചാത്തലത്തിൽ കാണാം.

ഇറ്റാലിയൻ നവോത്ഥാന ചിത്രകാരനായ പിയറോ ഡെല്ല ഫ്രാൻസെസ്കയുടെ പ്രശസ്തമായ ഇരട്ട എണ്ണച്ചായാചിത്രമായ ഡിപ്റ്റിക്ക് ഓഫ് ഫെഡറിക്കോ ഡാ മോണ്ടെ ഫെൽട്രോയും ബാറ്റിസ്റ്റ സ്ഫോർസയും




തന്നിട്ടുള്ള ചിത്രങ്ങൾ നിരീക്ഷിച്ച് നവോത്ഥാനചിത്രകലയുടെ ഏതെല്ലാം സവിശേഷതകൾ അവയിൽ പ്രതിഫലിക്കുന്നുവെന്ന് കണ്ടെത്തുക.


ജിയോട്ടോയുടെ ചിത്രങ്ങളിലാണ് ഗ്രെക്കോ-റോമൻ സ്വാധീനം ആദ്യം പ്രകടമായത്. പിൽക്കാലത്ത് ചിത്രകലാരംഗത്തേക്ക് കടന്നുവന്ന, എല്ലാവരെയും സ്വാധീനിച്ച ചിത്രകാരൻ മസാച്യോ ആയിരുന്നു. അദ്ദേഹത്തിന്റെ ചുമർചിത്രങ്ങൾ വൃത്താകാരത്തിലുള്ളവയും പ്രതലത്തിൽനിന്നും പുറത്തേക്ക് തള്ളി നിൽക്കുന്നതായി തോന്നുന്നവയുമായിരുന്നു. ദൈനംദിന ജീവിതാനുഭവങ്ങൾ പേറുന്ന മനുഷ്യരൂപങ്ങളെയാണ് തന്മയത്വത്തോടെ അദ്ദേഹം ചിത്രീകരിച്ചത്.

ലിയനാർഡൊ ഡാവിഞ്ചിയുടെ വിശ്വപ്രസിദ്ധങ്ങളായ ചിത്രങ്ങളാണ് 'അന്ത്യ അത്താഴം', 'മൊണാലിസ' എന്നിവ. വർണ്ണം, നിഴൽ, പ്രകാശം എന്നിവയെ സംയോജിപ്പിക്കുന്ന ശാസ്ത്രത്തിൽ ഡാവിഞ്ചി അതുല്യനായിരുന്നുവെന്ന് ഈ ചിത്രങ്ങൾ നമ്മോട് പറയുന്നുണ്ട്. മനുഷ്യശരീരത്തെക്കുറിച്ച് ശാസ്ത്രീയമായി

പഠിച്ച ഒരു ബഹുമുഖപ്രതിഭയായിരുന്നു ലിയനാർഡൊ ഡാവിഞ്ചി. നിങ്ങളിലൊരാൾ എന്നെ ഒറ്റിക്കൊടുക്കുമെന്ന് യേശുക്രിസ്തു തന്റെ ശിഷ്യരോട് പറയുമ്പോൾ അവരുടെ മുഖത്ത് പ്രത്യക്ഷപ്പെടുന്ന അദ്ഭുതം, ഭയം, കുറ്റബോധം തുടങ്ങിയ മാനുഷികവികാരങ്ങളാണ് 'അന്ത്യ അത്താഴത്തിൽ' പ്രതിഫലിക്കുന്നത്. മൊണാലിസയുടെ നിഗൂഢമായ മുഖഭാവത്തിൽ ഉത്തരം കിട്ടാത്ത നിരവധി ചോദ്യങ്ങൾ ഡാവിഞ്ചി ഒളിപ്പിച്ച് വച്ചിരിക്കുന്നു എന്നാണ് പൊതുവെ വിലയിരുത്തപ്പെടുന്നത്.


ലിയനാർഡൊ ഡാവിഞ്ചി


അന്ത്യ അത്താഴം


മൊണാലിസ

വത്തിക്കാനിലെ സിസ്റ്റൈൻ ചാപ്പലിന്റെ മുകൾത്തട്ടിൽ (Ceiling) വരച്ച ചുമർചിത്രങ്ങളും 'അന്ത്യവിധിയും' മൈക്കലാഞ്ചലൊ എന്ന മറ്റൊരു പ്രതിഭാശാലിയെ അനശ്വരനാക്കുന്നു. ശക്തരും സുന്ദരരുമായ മനുഷ്യരായിരുന്നു അദ്ദേഹത്തിന്റെ മിക്ക ചിത്രങ്ങളുടെയും കേന്ദ്രബിന്ദു.

നവോത്ഥാനകാലത്ത് ശ്രദ്ധനേടിയ മറ്റ് രണ്ട് ചിത്രകാരരായിരുന്നു ടിഷ്യനും റാഫേലും. മനുഷ്യരെ വിവേകികളും മിതവാദികളും അന്തസ്സുള്ളവരുമായി റാഫേൽ ചിത്രീകരിച്ചു. ഇവരുടെ ചിത്രങ്ങളിൽ ആശയത്തോടൊപ്പം സൗന്ദര്യത്തിനും ഊന്നൽ നൽകി.



മൈക്കലാഞ്ചലൊ


ടിഷ്യൻ


റാഫേൽ

നവോത്ഥാന ചിത്രകലയുടെ സവിശേഷതകൾ ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## ശില്പകല


ഡൊണാടെല്ലോയുടെ ദാവീദ്

ചിത്രകലപോലെ ശ്രദ്ധേയമായ മറ്റൊരു രംഗം ശില്പകലയായിരുന്നു. നവോത്ഥാനകാലത്തെ ശ്രദ്ധേയരായ ശില്പികളിൽ ഒരാളായിരുന്നു ഡൊണാടെല്ലോ. മധ്യകാല ഗോഥിക്ശൈലിയിൽ നിന്നും ശില്പകലയെ മോചിപ്പിച്ച അദ്ദേഹം ശില്പങ്ങൾക്ക് കൂടുതൽ ഊർജവും വ്യക്തിത്വവും പകർന്നു. ഒരു കാലിൽ തന്റെ ശരീരഭാരം പൂർണ്ണമായും താങ്ങുന്ന ഒരു കൗമാരക്കാരനെ അദ്ദേഹം 'ദാവീദ്' എന്ന വെങ്കലശില്പത്തിലൂടെ അവതരിപ്പിച്ചു. അദ്ദേഹത്തിന്റെ 'ഗത്താമലാത്ത' എന്ന കുതിരപ്പുറത്തിരിക്കുന്ന യോദ്ധാവിന്റെ ശില്പം പ്രാചീനറോമിലെ കുതിരപ്പടയാളികളെ ഓർമ്മിപ്പിക്കുന്നു. മതേതരനായ ഒരു വീരനെ അനശ്വരനാക്കുക എന്ന ദൗത്യമാണ് ഡൊണാടെല്ലൊ ഇതിൽ നിർവഹിച്ചിരിക്കുന്നത്.

മനുഷ്യരൂപത്തിൽ ദൈവത്തെ അവതരിപ്പിക്കുന്ന മൈക്കലാഞ്ചലൊയുടെ ശില്പങ്ങൾ പ്രാചീന ഗ്രെക്കോ-റോമൻ ശൈലിയിൽ നിന്നും വഴിമാറി സഞ്ചരിച്ചു. ക്രിസ്തുവിന്റെ ശരീരം മടിയിൽ കിടത്തിയിരിക്കുന്ന മേരിയെ ചിത്രീകരിക്കുന്ന ശില്പമായ പിയത്തയും വീരനായ ദാവീദിന്റെ ശില്പവും അദ്ദേഹത്തെ അനശ്വരനാക്കി.



ഗത്താമലാത്ത


പിയത്ത


മൈക്കലാഞ്ചലൊയുടെ ദാവീദ്

നവോത്ഥാന ചിത്രകലയുടെയും ശില്പകലയുടെയും പൊതുസവിശേഷതകൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

## വാസ്തുവിദ്യ


ബ്രൂണലസ്കി രൂപകല്പന ചെയ്ത താഴികക്കുടം

ചിത്രകലയ്ക്കും ശില്പകലയ്ക്കും പുറമെ മാറ്റങ്ങൾക്ക് സാക്ഷ്യം വഹിച്ച മറ്റൊരു മേഖല വാസ്തുവിദ്യാരംഗമായിരുന്നു. ഫിലിപ്പോ ബ്രൂണലസ്കി വാസ്തുവിദ്യാരംഗത്ത് പുതിയ ശൈലിക്ക് തുടക്കം കുറിച്ചു. മധ്യകാലത്ത് നിലനിന്നിരുന്ന ഗോഥിക് വാസ്തുവിദ്യാശൈലിയിൽ നിന്നും വ്യത്യസ്തമായി പ്രാചീന ഗ്രെക്കോ-റോമൻ (ക്ലാസിക്കൽ) ശൈലിയുടെ സ്വാധീനം അദ്ദേഹം

### ഗോഥിക്‌ശൈലി


മധ്യകാലത്തിന്റെ രണ്ടാം പകുതിയിൽ യൂറോപ്പിൽ വികസിച്ചുവന്ന വാസ്തുവിദ്യാശൈലിയായിരുന്നു ഗോഥിക്‌ശൈലി. ഫ്രാൻസിലാണ് ഇത് ഉദയം ചെയ്തത്. മുനയുള്ള കമാനങ്ങൾ (Pointed Arch) ഇതിന്റെ പ്രധാന സവിശേഷതയായിരുന്നു. നിരവധി ദേവാലയങ്ങളും സർവകലാശാലകളും ഈ മാതൃകയിൽ യൂറോപ്പിൽ നിർമ്മിക്കപ്പെട്ടു.



ഫ്ലോറൻസിൽ നിർമ്മിച്ച കത്തീഡ്രലിൽ കാണാം. ഗോഥിക്‌ശൈലിയിലെ ഉയർന്ന ഗോപുരങ്ങൾക്ക് പകരം താഴികക്കുടങ്ങളായിരുന്നു (ഡ്യൂമോ) ഇവയ്ക്കുണ്ടായിരുന്നത്. മൈക്കലാഞ്ചലൊ, ബ്രമാന്തെ തുടങ്ങിയവരുടെ നേതൃത്വത്തിൽ റോമിൽ പണി കഴിപ്പിച്ച സെന്റ് പീറ്റേഴ്‌സ് ബസിലിക്കയിൽ ഈ ശൈലി കൂടുതൽ പ്രകടമാണ്.



സെന്റ് പീറ്റേഴ്‌സ് ബസിലിക്ക



നവോത്ഥാനകലയിൽ മാനവികതയുടെ സ്വാധീനം വ്യക്തമാക്കുന്ന ഒരു ഡിജിറ്റൽ ആൽബം വിവരണസഹിതം തയ്യാറാക്കുക.

## നവോത്ഥാന സാഹിത്യം

> “ നമ്മുടെ വിധിയെ നിർണ്ണയിക്കാൻ കഴിയുന്നത് നക്ഷത്രങ്ങൾക്കല്ല, നമുക്ക് തന്നെയാണ് ”

ഇംഗ്ലീഷ് സാഹിത്യകാരനായ വില്യം ഷേക്‌സ്പിയറുടെ പ്രശസ്തമായ 'ജൂലിയസ് സീസർ' എന്ന നാടകത്തിലെ വരികളാണിത്. നവോത്ഥാനം സ്വാധീനിച്ച സാഹിത്യകാരരിൽ ഒരാളായ ഷേക്‌സ്പിയറുടെ ഈ വരികളിൽ മാനവികതയുടെ ശക്തി എത്രമാത്രം പ്രതിഫലിക്കുന്നു എന്ന് പരിശോധിക്കൂ.

നവോത്ഥാനസാഹിത്യകാരർ വ്യക്തിസ്വാതന്ത്ര്യത്തിനും മതേതരമൂല്യങ്ങൾക്കും പ്രാധാന്യം നൽകി. മധ്യകാലത്ത് നിലനിന്നിരുന്ന സ്കൊളാസ്റ്റിസിസത്തിൽ നിന്നുമുള്ള മോചനമായിരുന്നു നവോത്ഥാനസാഹിത്യത്തിന്റെ അടിസ്ഥാന സവിശേഷത. പ്രാചീന ഗ്രെക്കോ-റോമൻ സംസ്കാരത്തിന്റെ സ്വാധീനം

ഉണ്ടായിരുന്നുവെങ്കിലും ലാറ്റിൻ ഭാഷക്ക് പകരം പ്രാദേശികഭാഷയിലാണ് മിക്ക നവോത്ഥാനസാഹിത്യകാരരും രചനകൾ നടത്തിയത്. ഗദ്യസാഹിത്യത്തിന് ഇക്കാലത്ത് കൂടുതൽ പ്രാധാന്യം ലഭിച്ചു.

പ്രാദേശികഭാഷയിലും ഗദ്യരൂപത്തിലും രചനകൾ നടത്തുന്നത് സമൂഹത്തിന് എങ്ങനെയെല്ലാം പ്രയോജനകരമാകും എന്ന് ക്ലാസിൽ ചർച്ച ചെയ്യൂ.

നവോത്ഥാനകാലത്തെ ശ്രദ്ധേയനായ സാഹിത്യകാരനായിരുന്നു 'ഡിവൈൻ കോമഡി'യുടെ രചയിതാവായ ദാന്തെ. നരകം, ശുദ്ധീകരണസ്ഥലം (Purgatory), സ്വർഗം എന്നിവയിലൂടെയുള്ള ദാന്തെയുടെ സാങ്കല്പിക തീർഥാടനമാണ് ഈ കവിതയുടെ പ്രമേയം. പക്ഷേ മനുഷ്യസ്നേഹം, രാജ്യസ്നേഹം, പ്രകൃതി പ്രതിഭാസങ്ങളോടുള്ള താൽപര്യം, സ്വതന്ത്രവും ഏകീകൃതവുമായ ഇറ്റലിക്കുവേണ്ടിയുള്ള മോഹങ്ങൾ എന്നിവ ഇതിൽ ശക്തമായി പ്രതിഫലിക്കുന്നു. ഇറ്റലിയിലെ പ്രാദേശികഭാഷയിലാണ് ദാന്തെ 'ഡിവൈൻ കോമഡി' രചിച്ചത്.



ദാന്തെ

മറ്റൊരു വിശ്വപ്രസിദ്ധ സാഹിത്യകാരനായ പെട്രാർക്ക് മാനവികതയുടെ പ്രധാന പ്രചാരകരിലൊരാളായിരുന്നു. അദ്ദേഹം ലോറയ്ക്കെഴുതിയ പ്രണയഗീതങ്ങൾ ധീരവും വേറിട്ട ശൈലിയിലുള്ളവയുമായിരുന്നു. എന്നാൽ, ലാറ്റിൻ ഭാഷയെ ഉപേക്ഷിക്കാൻ പെട്രാർക്ക് തയ്യാറായിരുന്നില്ല. 'ഡക്കാമറൺ' എന്ന കൃതിയുടെ രചയിതാവായ ബൊക്കാച്ചിയോ മറ്റൊരു വിഖ്യാതനായ നവോത്ഥാന സാഹിത്യകാരനായിരുന്നു.



പെട്രാർക്ക്

'ദി പ്രിൻസ്' എന്ന കൃതിയിൽ നിക്കോളോ മാക്യവെല്ലി രാഷ്ട്രീയചിന്തകളാണ് പങ്കുവയ്ക്കുന്നത്. താൻ ഭരിക്കുന്ന രാജ്യത്തിന്റെ അധികാരവും സുരക്ഷയും നിലനിർത്തുക എന്നത് ഭരണാധികാരിയുടെ സുപ്രധാന കടമയായി അദ്ദേഹം കരുതി. ജനങ്ങൾ പൊതുവെ സ്വാർത്ഥരും അധികാരത്തോടും ഭൗതിക അഭിവൃദ്ധിയോടും താൽപര്യമുള്ളവരുമാണ്. അതിനാൽ രാജ്യത്തിന്റെ തലവൻ ഒരിക്കലും തന്റെ പ്രജകളിൽ ഒരു വിഭാഗത്തോട് പ്രീതിയോ കടപ്പാടോ കാണിക്കാൻ പാടില്ല എന്നദ്ദേഹം അഭിപ്രായപ്പെട്ടു. മധ്യകാലത്തെ ഫ്യൂഡൽ ഭരണാധികാരികളിൽ നിന്നും വ്യത്യസ്തനായ ഒരു ഭരണാധികാരിയെയാണ് മാക്യവെല്ലി തന്റെ 'ദി പ്രിൻസിൽ' അവതരിപ്പിക്കുന്നത്.



മാക്യവെല്ലി

"ഓരോ രാജാവും 'ക്രൂരതയില്ലാത്ത കരുണാർദ്രൻ' എന്ന സൽപ്പേര് ആഗ്രഹിക്കണം; അതേസമയം ആ കരുണ മറ്റാരും ദുരുപയോഗം ചെയ്യാതിരിക്കാനും അദ്ദേഹം ശ്രദ്ധിക്കണം. അതിനാൽ, തന്റെ ജനങ്ങൾക്കിടയിൽ ഐക്യവും വിശ്വസ്തതയും നിലനിർത്തുന്നതിനുവേണ്ടി ക്രൂരൻ എന്ന പേര് കേൾക്കേണ്ടി വന്നാലും അത് ഒരു രാജാവ് വകവയ്ക്കേണ്ടതില്ല"

രാജാവിനെക്കുറിച്ചുള്ള മാക്യവെല്ലിയുടെ കാഴ്ചപ്പാടാണ് മുകളിൽ നൽകിയിരിക്കുന്നത്. ഇതിനെ അടിസ്ഥാനമാക്കി രാജവാഴ്ചയെ സംബന്ധിച്ച് മാക്യവെല്ലി മുന്നോട്ട് വയ്ക്കുന്ന ആശയങ്ങൾ എന്തെല്ലാമെന്ന് ചർച്ച ചെയ്യുക. ഇതിൽ മാനവികത എത്രത്തോളം പ്രതിഫലിക്കുന്നു എന്ന് കണ്ടെത്തുക.



കസാന്ദ്ര ഫെഡെലെ

മാനവികതയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ ചില വനിതകളും ഇക്കാലത്ത് ഇറ്റലിയിൽ ജീവിച്ചിരുന്നു. അവരിൽ പ്രധാനിയായിരുന്നു മാനവികതാവാദിയും എഴുത്തുകാരിയുമായിരുന്ന കസാന്ദ്ര ഫെഡെലെ. തന്റെ രചനകളിലൂടെയും പ്രസംഗങ്ങളിലൂടെയും പ്രശസ്തയായ കസാന്ദ്ര സ്ത്രീകൾക്ക് ഉന്നതവിദ്യാഭ്യാസം നൽകേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് സംസാരിച്ചു. ഇറ്റലിയിലെ മാനവികതാവാദികളായ പ്രഭുക്കളുമായി കത്തുകളിലൂടെ ആശയവിനിമയം നടത്തിയ അവരുടെ പ്രസംഗങ്ങളും രചനകളും നിരവധി പ്രസിദ്ധീകരണങ്ങൾ അച്ചടിച്ച് പ്രചരിപ്പിച്ചു.

പിൽക്കാലത്ത് നവോത്ഥാനം ഇറ്റലിയിൽ നിന്നും മറ്റ് രാജ്യങ്ങളിലെ സാഹിത്യത്തിലേക്കും വ്യാപിക്കാൻ തുടങ്ങി. അവിടങ്ങളിലും നിരവധി കൃതികൾ രചിക്കപ്പെട്ടു. അവയിൽ ചിലത് പരിചയപ്പെടാം.

| സാഹിത്യകാരർ | കൃതി | രാജ്യം |
|---|---|---|
| ഇറാസ്മസ് | ഇൻ പ്രെയിസ് ഓഫ് ഫോളി | നെതർലൻഡ്സ് |
| ജെഫ്രി ചോസർ | കാന്റർബറി കഥകൾ | ഇംഗ്ലണ്ട് |
| തോമസ് മൂർ | ഉട്ടോപ്പിയ | ഇംഗ്ലണ്ട് |
| മിഗ്വെൽ ഡെ സെർവാന്റെ | ഡോൺ കിഹോട്ട് | സ്പെയിൻ |
| ഫ്രാൻസ്വാ റാബെലെയ് | ഗാർഗന്റുവയും പാന്റഗ്രൂലും | ഫ്രാൻസ് |

നവോത്ഥാനകാലത്തെ സാഹിത്യ രചനകളെ ജനകീയമാക്കുന്നതിൽ അച്ചടി സുപ്രധാന പങ്കുവഹിച്ചു. യൂറോപ്പിലെ ആദ്യത്തെ അച്ചടിശാല സ്ഥാപിച്ചത് ജർമ്മൻകാരനായ ജൊഹാനസ് ഗുട്ടൻബർഗ് ആയിരുന്നു. പതിനഞ്ചാം നൂറ്റാണ്ടിൽ സ്ഥാപിച്ച ഈ അച്ചടിശാലയിലെ അച്ചടിയന്ത്രം ലോഹനിർമ്മിതവും ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേക്ക് കൊണ്ടുപോകാൻ കഴിയുന്നതുമായിരുന്നു. അച്ചടിയന്ത്രത്തിന്റെ കണ്ടുപിടിത്തം അന്നത്തെ സമൂഹത്തെ എങ്ങനെയെല്ലാം സ്വാധീനിച്ചിട്ടുണ്ടാകാം?

- അറിവിന്റെ വ്യാപനം
- സാക്ഷരതയിലുണ്ടായ പുരോഗതി
- 
- 



അച്ചടിയന്ത്രം

അച്ചടിയന്ത്രത്തിന്റെ കണ്ടുപിടിത്തത്തോടെ സാഹിത്യകൃതികളും മറ്റ് ഗ്രന്ഥങ്ങളും ജനങ്ങൾ വ്യാപകമായി വായിക്കാൻ തുടങ്ങി.

> മാനവികതയും നവോത്ഥാനകാല സാഹിത്യവും എന്ന വിഷയത്തിൽ ഒരു ഉപന്യാസം തയ്യാറാക്കുക.

## നവോത്ഥാനവും ചരിത്രരചനയും

ലോകചരിത്രം

പ്രാചീനകാലം | മധ്യകാലം | ആധുനികകാലം

സി.ഇ. അഞ്ചാം നൂറ്റാണ്ട് | സി.ഇ. പതിനഞ്ചാം നൂറ്റാണ്ട്

പഠനസൗകര്യാർഥം ലോകചരിത്രത്തെ വിഭജിച്ചിട്ടുള്ളതിൽ ഏറ്റവും ശ്രദ്ധേയമായ രീതിയാണ് മുകളിൽ കൊടുത്തിട്ടുള്ളത്. ഇതുപ്രകാരം സി.ഇ. അഞ്ചാം നൂറ്റാണ്ടുവരെയുള്ള കാലം പ്രാചീനകാലമെന്നും തുടർന്ന് പതിനഞ്ചാം നൂറ്റാണ്ടുവരെയുള്ള കാലം മധ്യകാലമെന്നും അറിയപ്പെടുന്നു. പതിനഞ്ചാം നൂറ്റാണ്ടിനുശേഷമുള്ള കാലം ആധുനികകാലമായി പരിഗണിക്കുന്നു. ഈ രീതി നവോത്ഥാനകാലഘട്ടത്തിലാണ് നിലവിൽവന്നത്. ഇറ്റാലിയൻ ചരിത്രകാരരായ ഫ്ലാവിയോ ബിയോൻഡൊ, ലിയനാർഡൊ ബ്രൂണി എന്നിവരാണ് ഈ രീതി ആവിഷ്കരിച്ചത്. ഇക്കാലത്ത് ചരിത്രരചനയിലുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.

മധ്യകാല ക്രൈസ്തവ പാരമ്പര്യത്തിൽ നിന്നും മതേതര ജീവിതത്തിലേക്കും ചിന്തയിലേക്കുമുള്ള മാറ്റം ചരിത്രരചനയിലും പ്രതിഫലിച്ചു. ചരിത്രസംഭവങ്ങൾ ദൈവസൃഷ്ടിയാണെന്നും ചരിത്രത്തിന്റെ ഗതി നിർണ്ണയിക്കുന്നത് ഒരു അതീന്ദ്രിയശക്തിയാണെന്നുമുള്ള (Super natural power) കാഴ്ചപ്പാടാണ് മധ്യകാലത്ത് നിലനിന്നിരുന്നത്. എന്നാൽ ഈ കാഴ്ചപ്പാടിന് നവോത്ഥാനകാലത്ത് പ്രസക്തി നഷ്ടപ്പെട്ടു. മനുഷ്യകേന്ദ്രീ



ഫ്ലാവിയോ ബിയോൻഡൊ



ലിയനാർഡൊ ബ്രൂണി

കൃതമായ ചരിത്രവ്യാഖ്യാനങ്ങൾക്ക് അംഗീകാരം ലഭിക്കാൻ തുടങ്ങി. സന്യാസിമാരുടെ ദിനവൃത്താന്തങ്ങൾക്കും (Chronicles) പുരോഹിതരുടെ ജീവിതകഥകൾക്കും ഉപരിയായി മനുഷ്യജീവിതം ചരിത്രരചനയുടെ കേന്ദ്രബിന്ദുവായിമാറി.

### ദിനവൃത്താന്തം

രാജാക്കന്മാർ തങ്ങളുടെ രാജ്യത്തെ സംഭവങ്ങൾ രേഖപ്പെടുത്താൻ കൊട്ടാര ചരിത്രകാരരെ ചുമതലപ്പെടുത്തിയിരുന്നു. ഇവർ തങ്ങളുടെ രാജാക്കന്മാരുടെ കാലത്തെ സംഭവങ്ങൾ രേഖപ്പെടുത്തിയ ഗ്രന്ഥങ്ങളെ ആധുനിക ചരിത്രകാരർ ദിനവൃത്താന്തങ്ങൾ എന്ന് വിളിച്ചു. കാരണം അവ സംഭവങ്ങളുടെ തുടർച്ചയായ കാലാനുക്രമവിവരണം നൽകുന്നവയായിരുന്നു.

പുരാവസ്തുതെളിവുകൾക്കും ശേഷിപ്പുകൾക്കും ചരിത്രരചനയിൽ സുപ്രധാനമായ സ്ഥാനം ലഭിച്ചതാണ് നവോത്ഥാനകാല ചരിത്രരചനയുടെ മറ്റൊരു പ്രധാന സവിശേഷത. തൽഫലമായി ചരിത്രകാരർ ലിഖിതങ്ങൾ, നാണയങ്ങൾ, പ്രാചീന കൈയെഴുത്തുപ്രതികൾ തുടങ്ങിയ തെളിവുകൾക്ക് ചരിത്രരചനയിൽ സവിശേഷസ്ഥാനം നൽകി. പ്രാചീന കൈയെഴുത്തുപ്രതികൾ ശേഖരിക്കാനും സംരക്ഷിക്കാനുമുള്ള ശ്രമങ്ങൾ കൂടുതൽ ഊർജിതമായി.

മാനവികതയുടെ കടന്നുവരവോടെ ചരിത്രരചനയിൽ വിമർശനങ്ങൾക്കും സ്ഥാനം ലഭിച്ചു. കഥകളുടെയും മിത്തുകളുടെയും സ്ഥാനം ശാസ്ത്രീയമായ അന്വേഷണങ്ങളും പഠനങ്ങളും കൈയടക്കി. മാക്യവെല്ലിയും നവോത്ഥാന ചരിത്രരചനയെ സമ്പന്നമാക്കി.

ചരിത്രരചനയെ ശാസ്ത്രീയമാക്കുന്നതിൽ നവോത്ഥാനം വഹിച്ച പങ്ക് വ്യക്തമാക്കുക.

### നവോത്ഥാനവും ശാസ്ത്രവും

> “ആയിരത്തി അറുന്നൂറ്റി ഒൻപതിൽ ശാസ്ത്രത്തിന്റെ പ്രകാശം ഉദിച്ചുയരാനാരംഭിച്ചു. പാദുവാ നഗരത്തിലെ തന്റെ ഗൃഹത്തിലിരുന്നുകൊണ്ട് ഗലീലിയോ ഗലീലി സൂര്യൻ നിശ്ചലമാണെന്നും ഭൂമിയാണ് സഞ്ചരിക്കുന്നതെന്നും തെളിയിക്കാൻ ശ്രമമാരംഭിച്ചു.”

പ്രശസ്ത ജർമ്മൻ നാടകകൃത്തായ ബെർത്തോൾഡ് ബ്രെക്ടിന്റെ ‘ഗലീലിയോയുടെ ജീവിതം’ എന്ന നാടകത്തിന്റെ പ്രാരംഭവാക്യമാണിത്. പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയാണെന്നുള്ള വിശ്വാസം പതിനാറാം നൂറ്റാണ്ടുവരെ നിലനിന്നിരുന്നു. എന്നാൽ ആ വിശ്വാസത്തെ തള്ളിക്കളഞ്ഞ ഗലീലിയോയുടെ പരിശ്രമങ്ങളെക്കുറിച്ചാണ് ഈ വരികൾ സൂചിപ്പിക്കുന്നത്. ഇത്തരത്തിൽ നിലവിലിരുന്ന ചിന്തകളെയും യുക്തിബോധത്തെയും നവോത്ഥാനം എങ്ങനെയെല്ലാം സ്വാധീനിച്ചു എന്ന് നമുക്കിവിടെ ചർച്ച ചെയ്യാം.

നവോത്ഥാനം ആധുനികശാസ്ത്രത്തിന്റെ വളർച്ചയ്ക്ക് അടിത്തറയിട്ടു. നവോത്ഥാനകാലത്ത് ശ്രദ്ധേയമായ മാറ്റങ്ങൾ ഉണ്ടായ ഒരു പ്രധാനമേഖല ജ്യോതിശാസ്ത്രമായിരുന്നു. പ്രപഞ്ചത്തിന്റെ ചലനങ്ങളെ നിയന്ത്രിക്കുന്നത് ഭൗതികശക്തികളാണ് എന്ന കാഴ്ചപ്പാട് ശാസ്ത്രജ്ഞർ മുന്നോട്ടുവച്ചു. പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയാണെന്നുള്ള ടോളമിയുടെ സിദ്ധാന്തം പതിനാറാം നൂറ്റാണ്ടുവരെയും വെല്ലുവിളികൾ നേരിടാതെ നിലകൊണ്ടു. എന്നാൽ പോളണ്ടുകാരനും പുരോഹിതനുമായ കോപ്പർനിക്കസ് ഇതിനെ വെല്ലുവിളിച്ചു. പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയല്ല, സൂര്യനാണെന്ന് അദ്ദേഹം വാദിച്ചു. ഭൂമിയും മറ്റ് ഗ്രഹങ്ങളും സൂര്യനെ വലം വയ്ക്കുകയാണ് ചെയ്യുന്നതെന്നും അദ്ദേഹം നിരീക്ഷിച്ചു.

കോപ്പർനിക്കസിന്റെ വിപ്ലവകരമായ കണ്ടുപിടിത്തങ്ങളെ ഗലീലിയോ ഗലീലി, ജോഹന്നാസ് കെപ്ലർ എന്നിവർ കൂടുതൽ വ്യക്തമായി അവതരിപ്പിച്ചു. സൂര്യനിൽ നിന്നുള്ള അകലത്തിനനുസരിച്ച് ഗ്രഹങ്ങളുടെ വേഗതയിൽ വ്യത്യാസം വരുന്നുവെന്ന് കെപ്ലർ കണ്ടെത്തി. ഇത് പതിനേഴാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഐസക് ന്യൂട്ടൻ ഗുരുത്വാകർഷണസിദ്ധാന്തം ആവിഷ്കരിക്കുന്നതിനെ ശക്തമായി സ്വാധീനിച്ചു. ഗലീലിയോ ഗലീലി താൻ നിർമ്മിച്ച ദൂരദർശിനിയുടെ സഹായത്താൽ വ്യാഴത്തിന്റെ ഉപഗ്രഹങ്ങൾ, ശനിയുടെ വലയങ്ങൾ എന്നിവ കണ്ടെത്തി. ഗലീലിയോയുടെ കണ്ടെത്തലുകൾ കോപ്പർനിക്കസിന്റെ സിദ്ധാന്തത്തെ ശരിവച്ചു.



കോപ്പർനിക്കസ് — ഗലീലിയോയും ദൂരദർശിനിയും — ഐസക് ന്യൂട്ടൺ

നവോത്ഥാനം വൈദ്യശാസ്ത്രരംഗത്ത് പൊതുവെയും ശരീരശാസ്ത്രരംഗത്ത് പ്രത്യേകിച്ചും നേട്ടങ്ങൾ കൈവരിച്ചു. സ്വിറ്റ്സർലണ്ടുകാരനായ പാരസെൽസസ് രോഗങ്ങളുടെ കാരണങ്ങൾ അന്വേഷിക്കുകയും അവയുടെ പ്രതിവിധികൾ കണ്ടെത്താൻ ശ്രമിക്കുകയും ചെയ്തു. ആൻഡ്രിയസ് വെസാലിയസ് മൃതശരീരങ്ങളെ കീറിമുറിച്ച് പരിശോധിക്കുകയും ശരീരശാസ്ത്രത്തിന് പുതിയ അറിവുകൾ സമ്മാനിക്കുകയും ചെയ്തു.

ആധുനികസമൂഹത്തിന്റെ വളർച്ചയ്ക്ക് നവോത്ഥാനകാലഘട്ടത്തിലെ ശാസ്ത്രം നൽകിയ സംഭാവനയെക്കുറിച്ച് ഒരു പാനൽ ചർച്ച സംഘടിപ്പിക്കുക.

## മതനവീകരണം (Reformation)

നവോത്ഥാനത്തിന്റെ സ്വാധീനം യൂറോപ്പിലെ മതരംഗത്തും പ്രതിഫലിച്ചു. ഇറാസ്മസിനെ പോലുള്ള മാനവികതാവാദികൾ രചിച്ച ആക്ഷേപഹാസ്യ കൃതികളും ജോൺവൈക്ലിഫ്, ജോൺഹസ്സ്, സവോനറോള തുടങ്ങിയവരുടെ വിമർശനങ്ങളും കത്തോലിക്കാസഭയിൽ നിലനിന്നിരുന്ന ചില പ്രവണതകൾക്കും വിശ്വാസങ്ങൾക്കും എതിരായി പ്രതിഷേധങ്ങൾ രൂപം കൊള്ളുന്നതിന് പശ്ചാത്തലമൊരുക്കി. ജനങ്ങളിൽനിന്നും പണം സമാഹരിക്കാനായി പുറത്തിറക്കിയ പാപവിമോചനപത്രത്തിന്റെ (Indulgence) വില്പനയായിരുന്നു അക്കാലത്ത് ഏറ്റവും കൂടുതൽ പ്രതിഷേധം ക്ഷണിച്ചുവരുത്തിയത്. പാപവിമോചനപത്രം പണം നൽകി വാങ്ങിയാൽ പാപങ്ങളിൽ നിന്നും മോചനം നേടാം എന്ന് മതനേതൃത്വം ജനങ്ങളോട് ആഹ്വാനം ചെയ്തു. പാപവിമോചനപത്രത്തിന്റെ വില്പനയിലൂടെ ശേഖരിക്കുന്ന പണം കൊണ്ട് ആശുപത്രികൾ, കത്തീഡ്രലുകൾ തുടങ്ങിയവ നിർമ്മിക്കുക എന്നതായിരുന്നു സഭാനേതൃത്വത്തിന്റെ ലക്ഷ്യം. ഇതിന്റെ വില്പനയ്ക്കായി ജൊഹാൻ ടെറ്റ്സൽ എന്ന ഡൊമിനിക്കൻ സന്യാസി ജർമ്മനിയിലെത്തി. പാപവിമോചനപത്രത്തിന്റെ വില്പനയിൽ പ്രതിഷേധിച്ച് ജർമ്മനിയിലെ വിറ്റൻബർഗ് ദേവാലയത്തിന്റെ വാതിലിൽ 1517ൽ മാർട്ടിൻ ലൂഥർ എന്ന പുരോഹിതൻ തന്റെ '95 പ്രബന്ധങ്ങൾ (Ninety five theses) പതിപ്പിച്ചു. ഇത് പ്രൊട്ടസ്റ്റന്റ് പ്രസ്ഥാനം എന്ന മതനവീകരണപ്രസ്ഥാനത്തിന്റെ ആരംഭമായി കണക്കാക്കുന്നു. ഒരു ആശയപരമായ സംവാദം മാത്രമാണ് മാർട്ടിൻ ലൂഥർ ഇതിലൂടെ ലക്ഷ്യമിട്ടത്. ജർമ്മന് പകരം ലാറ്റിൻഭാഷയിലാണ് അദ്ദേഹം തന്റെ പ്രബന്ധങ്ങൾ തയ്യാറാക്കിയത്. എന്നാൽ അജ്ഞാതരായ ചിലർ ഇത് ജർമ്മൻ ഭാഷയിലേക്ക് പരിഭാഷപ്പെടുത്തി പ്രചരിപ്പിച്ചു. തുടർന്ന് അദ്ദേഹം സഭയുമായുള്ള ബന്ധം ഉപേക്ഷിച്ചു.


ഇറാസ്മസ്


മാർട്ടിൻ ലൂഥർ

ജർമ്മനിയിലെ സർവകലാശാലകളും മതനവീകരണത്തിന് പശ്ചാത്തലമൊരുക്കി. മാർട്ടിൻ ലൂഥറുടെ പ്രൊട്ടസ്റ്റന്റ് മതനവീകരണത്തിന് കേന്ദ്രമായി പ്രവർത്തിച്ചത് അദ്ദേഹം അധ്യാപകനായിരുന്ന ജർമ്മനിയിലെ വിറ്റൻബർഗ് സർവകലാശാലയായിരുന്നു. പുരോഹിതരുടെയും മതകോടതികളുടെയും അധികാരത്തെ നിയന്ത്രിക്കാൻ ആഗ്രഹിച്ച ഭരണാധികാരികളുടെ താൽപര്യങ്ങളും മതനവീകരണത്തിന് കരുത്ത് പകർന്നു. നികുതി പിരിവിലും ദേവാലയങ്ങളിലെ നിയമനങ്ങളിലും പുരോഹിതർക്കുണ്ടായിരുന്ന അധികാരത്തെയും അപ്രമാദിത്വത്തെയും ഭരണാധികാരികൾ ഇഷ്ടപ്പെട്ടിരുന്നില്ല.

മാനവികതയുടെ സ്വാധീനം മതനവീകരണത്തിന് കാരണമായി. ഈ പ്രസ്താവന സാധൂകരിക്കുക.

ജർമ്മനിയിൽ ആരംഭിച്ച മതനവീകരണം മറ്റ് യൂറോപ്യൻ രാജ്യങ്ങളിലേക്ക് വ്യാപിച്ചു. സ്വിറ്റ്സർലണ്ടിൽ ഉൾറിച്ച് സ്വിംഗ്ളി, ജോൺകാൽവിൻ എന്നിവരും ഇംഗ്ലണ്ടിൽ, രാജാവായ ഹെൻറി എട്ടാമനുമാണ് മതനവീകരണത്തിന് നേതൃത്വം നൽകിയത്. ഇംഗ്ലണ്ടിൽ രാജാവ് തലവനായ ആംഗ്ലിക്കൻ സഭ നിലവിൽ വന്നു. ഇത് 'ദേശീയസഭ' (National Church) എന്നറിയപ്പെട്ടു.

## പ്രതിമതനവീകരണം (Counter Reformation)

മതനവീകരണത്തെ തുടർന്ന് കത്തോലിക്കാസഭ സ്വയം നവീകരിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു. ഇത് പ്രതിമതനവീകരണം എന്നറിയപ്പെടുന്നു. ഇതിന്റെ ഭാഗമായി വടക്കൻ ഇറ്റലിയിലെ ട്രെന്റിൽ സഭാനേതൃത്വത്തിന്റെ ഒരു സമ്മേളനം (സുനഹദോസ്) വിളിച്ചുചേർത്തു. മതരംഗത്തെ തെറ്റായ പ്രവണതകളെ ഒഴിവാക്കി, പരിഷ്കരണവുമായി മുന്നോട്ടുപോവുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. തൽഫലമായി പാപവിമോചനപത്രത്തിന്റെ വില്പന നിരോധിച്ചു. വിശ്വാസികൾ വായിക്കാൻ പാടില്ലാത്ത പുസ്തകങ്ങളുടെ പട്ടികയായ 'ഇൻഡക്സ്' പ്രസിദ്ധീകരിച്ചു. മധ്യകാലത്ത് നിലനിന്നിരുന്ന മതവിചാരണ കോടതി (Inquisition) പുനഃസ്ഥാപിച്ചു.



ഇഗ്നേഷ്യസ്‌ലൊയോള

സ്പെയിൻകാരനായ ഇഗ്നേഷ്യസ്‌ലൊയോള എന്ന പുരോഹിതൻ സ്ഥാപിച്ച 'സൊസൈറ്റി ഓഫ് ജീസസ്' എന്ന സഭയും പ്രതിമതനവീകരണത്തിൽ പ്രധാന പങ്ക് വഹിച്ചു. ഇതിലെ അംഗങ്ങൾക്ക് കർശനമായ അച്ചടക്കവും ചോദ്യം ചെയ്യാതെയുള്ള അനുസരണയും ബാധകമായിരുന്നു. വിദ്യാലയങ്ങൾ സ്ഥാപിച്ചുകൊണ്ടും മതപ്രചാരണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടും കത്തോലിക്കാസഭയുടെ മേധാവിത്വം ഉറപ്പിക്കാൻ അവർ ശ്രമിച്ചു. കത്തോലിക്കാസഭയിൽ അക്കാലത്ത് നിലനിന്നിരുന്ന നിരവധി തെറ്റായ പ്രവണതകളെ ഇല്ലാതാക്കാൻ പ്രതിമതനവീകരണത്തിന് കഴിഞ്ഞു. പ്രതിമതനവീകരണം 'കത്തോലിക്കാമതനവീകരണം' (Catholic Reformation) എന്നും അറിയപ്പെടുന്നു.

മതനവീകരണവും പ്രതിമതനവീകരണവും തമ്മിലുള്ള വ്യത്യാസം കണ്ടെത്തി എഴുതുക.

ഗ്രെക്കോ-റോമൻ കാലം മുതൽക്കേ നിലനിന്നിരുന്ന മാനവികാശയങ്ങളുടെ വികാസപരിണാമഘട്ടത്തെയാണ് നവോത്ഥാനം അടയാളപ്പെടുത്തുന്നത്. പ്രാചീന - മധ്യ കാലങ്ങളുടെ തുടർച്ച കൂടിയായിരുന്നു നവോത്ഥാനം. മനുഷ്യനും മനുഷ്യന്റെ ആവശ്യങ്ങൾക്കും സാധ്യതകൾക്കും സവിശേഷതകൾക്കും കേന്ദ്രസ്ഥാനം നൽകുന്ന മാനവികതയാണ് നവോത്ഥാനത്തിന്റെ കാതൽ. യൂറോപ്പും ഇതര സമൂഹങ്ങളുമായുള്ള പരസ്പരബന്ധത്തിലൂടെയും വ്യാപാര, വിനിമയങ്ങളിലൂടെയും വളർന്നുവന്ന നവോത്ഥാനം ലോകത്തെ മുഴുവൻ സ്വാധീനിച്ചു.

'നവോത്ഥാനത്തിന്റെ സ്വാധീനം വിവിധ മേഖലകളിൽ' എന്ന വിഷയത്തിൽ ക്ലാസിൽ ഒരു സെമിനാർ സംഘടിപ്പിക്കുക. പരിഗണിക്കേണ്ട മേഖലകൾ:

- കല
- സാഹിത്യം
- രാഷ്ട്രീയം
- ചരിത്രം
- ശാസ്ത്രം
- മതം

## തുടർപ്രവർത്തനം

- നവോത്ഥാനകാലത്തെ കല, സാഹിത്യം എന്നീ രംഗങ്ങളിലെ സംഭാവനകൾ ഉൾപ്പെടുത്തി ഒരു ഫ്ലിപ്പ് മാഗസിൻ തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കുക.
- നവോത്ഥാനകാലത്ത് ശാസ്ത്രരംഗത്തുണ്ടായ കണ്ടുപിടിത്തങ്ങളും സമകാലിക ലോകവും എന്ന വിഷയത്തിൽ ഒരു പോസ്റ്റർ പ്രദർശനം സംഘടിപ്പിക്കുക.
- യൂറോപ്പിലെ മതനവീകരണത്തെപ്പോലെ ഒരു പ്രതിഷേധപ്രസ്ഥാനമായിരുന്നു ഇന്ത്യയിലെ ഭക്തിപ്രസ്ഥാനവും. ഇവ തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.
- നവോത്ഥാനം, മതനവീകരണം എന്നിവ പ്രചരിച്ചിരുന്ന പ്രധാന യൂറോപ്യൻ രാജ്യങ്ങൾ ലോക ഭൂപടത്തിൽ രേഖപ്പെടുത്തി ഡിജിറ്റൽ അറ്റ്ലസ് തയ്യാറാക്കുക.

# 2

# സ്വാതന്ത്ര്യം സമത്വം സാഹോദര്യം

**1789 ജൂൺ 20**

**ഫ്രാൻസിന്റെ രാഷ്ട്രീയ സിരാകേന്ദ്രവും യൂറോപ്പിലെ പ്രധാന നഗരങ്ങളിൽ ഒന്നുമായിരുന്ന പാരീസ് മഴയിൽ കുതിർന്നിരിക്കുകയായിരുന്നു. എന്നാൽ പാരീസിന്റെ രാഷ്ട്രീയകാലാവസ്ഥ തികച്ചും ചൂടേറിയതായിരുന്നു. ഫ്രഞ്ച് പാർലമെന്റായ എസ്റ്റേറ്റ്സ് ജനറലിന്റെ മൂന്നാമത്തെ വിഭാഗത്തിന്റെ പ്രതിനിധികൾക്ക് പാർലമെന്റിലേക്ക് പ്രവേശനം നിഷേധിക്കപ്പെട്ടു. അതിനെത്തുടർന്ന് അവർ തൊട്ടടുത്തുള്ള ടെന്നീസ് കോർട്ടിൽ സമ്മേളിച്ചു. ഫ്രാൻസിൽ ജനങ്ങൾക്ക് പരമാധികാരമുള്ള ഒരു ലിഖിത ഭരണഘടന തയ്യാറാക്കുന്നതുവരെ പിരിഞ്ഞ് പോകില്ലെന്ന് അവർ പ്രതിജ്ഞയെടുത്തു. ഫ്രാൻസിന്റെയും യൂറോപ്പിന്റെയും പിൽക്കാലചരിത്രത്തെ നിർണ്ണായകമായി സ്വാധീനിച്ച ജനമുന്നേറ്റത്തെക്കുറിച്ചാണ് ഈ പാഠഭാഗത്ത് ചർച്ച ചെയ്യുന്നത്.**

## ഫ്രാൻസിലെ സ്വേച്ഛാധിപത്യ ഭരണക്രമം

ഫ്രാൻസിൽ നിലനിന്നിരുന്ന സ്വേച്ഛാധിപത്യ രാഷ്ട്രീയവ്യവസ്ഥയ്ക്ക് എതിരെയായിരുന്നു ജനമുന്നേറ്റം ഉയർന്നുവന്നത്. പതിറ്റാണ്ടുകളായി ഫ്രാൻസ് ഭരിച്ചിരുന്നത് ബൂർബൺ രാജവംശമായിരുന്നു. ഈ രാജവംശത്തിലെ ഭരണാധികാരികളെല്ലാം പൊതുവെ സ്വേച്ഛാധിപതികളായിരുന്നു. രാജാധികാരം ദൈവദത്തമാണ് എന്നായിരുന്നു അവർ വിശ്വസിച്ചിരുന്നത്. എസ്റ്റേറ്റ്സ് ജനറൽ എന്ന പേരിൽ ഒരു പാർലമെന്റ് ഉണ്ടായിരുന്നുവെങ്കിലും ദീർഘകാലമായി അത് വിളിച്ചു ചേർക്കാതെയാണ് ഭരണം നടത്തിയിരുന്നത്. 1614 ൽ ആയിരുന്നു അവസാനമായി പാർലമെന്റ് യോഗം ചേർന്നത്. ബൂർബൺ രാജാക്കന്മാരിൽ പ്രധാനിയായിരുന്നു 'ഞാനാണ് രാഷ്ട്രം' എന്ന് പ്രഖ്യാപിച്ച ലൂയി പതിനാലാമൻ.

### ദൈവദത്താധികാരസിദ്ധാന്തം (Divine Right Theory)

ദൈവദത്താധികാരസിദ്ധാന്തമനുസരിച്ച് രാജാവ് ദൈവത്തിന്റെ പ്രതിനിധിയാണ്. രാജാക്കന്മാർക്ക് അവരുടെ അധികാരം ദൈവത്തിൽ നിന്ന് ലഭിച്ചതാണ്. അതിനാൽ അവർ ജനങ്ങളോടല്ല, ദൈവത്തോടാണ് കടപ്പെട്ടിരിക്കുന്നത്. സ്വേച്ഛാധിപത്യഭരണത്തെ പിന്തുണയ്ക്കുന്നവർ ഈ സിദ്ധാന്തത്തിൽ വിശ്വസിച്ചു.




ഭൂപടം 2.1 യൂറോപ്പ് 1789 ൽ

ഭൂപടം 2.1 നിരീക്ഷിച്ച് ഫ്രാൻസിന്റെ സ്ഥാനം കണ്ടെത്തുക. ഫ്രാൻസിന്റെ അയൽ രാജ്യങ്ങളെ കണ്ടെത്തി രേഖപ്പെടുത്തുക.

ലൂയി പതിനാലാമനെത്തുടർന്ന് അധികാരത്തിൽ വന്ന ലൂയി പതിനഞ്ചാമന്റെ കാലത്തെ അഴിമതിയും ധൂർത്തും അദ്ദേഹം തുടർച്ചയായി നടത്തിയ യുദ്ധങ്ങളും രാജ്യത്തെയും ജനങ്ങളെയും ദുരിതത്തിലാക്കി. തന്റെ ധൂർത്തിനായി പണം കണ്ടെത്താൻ അദ്ദേഹം ജനങ്ങളുടെമേൽ പുതിയ നികുതികൾ അടിച്ചേൽപ്പിച്ചു. ലൂയി പതിനാറാമനാണ് പിന്നീട് അധികാരത്തിലെത്തിയത്. എന്നാൽ അദ്ദേഹം ഭരണകാര്യങ്ങളിൽ മതിയായ താൽപര്യം പ്രകടിപ്പിച്ചിരുന്നില്ല. വിശ്വസ്തരായ മന്ത്രിമാരുടെ കൈകളിൽ രാജ്യം ഭദ്രമാണ് എന്ന വിശ്വാസമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. രാജ്ഞിയായിരുന്ന മാരി അന്റോയിനറ്റ് (Marie Antoinette) ഭരണകാര്യങ്ങളിൽ തുടർച്ചയായി ഇടപെട്ടിരുന്നു. രാജ്ഞിയുടെ ധാരാളിത്തവും ധൂർത്തും രാജാവ് കണ്ടില്ലെന്ന് നടിച്ചു. ഇത് ജനങ്ങളിൽ അസംതൃപ്തി ഉളവാക്കി.

ഫ്രാൻസിലെ ഭരണാധികാരികൾ ജനങ്ങൾക്ക് അപ്രിയരായിത്തീരുവാനുള്ള കാരണങ്ങൾ വിശകലനം ചെയ്ത് പട്ടികപ്പെടുത്തുക.

## ഫ്രഞ്ച് സാമൂഹികവ്യവസ്ഥിതി

**“ പ്രഭുക്കൾ യുദ്ധം ചെയ്യുന്നു,**
**പുരോഹിതർ പ്രാർഥിക്കുന്നു**
**സാധാരണക്കാർ നികുതി കൊടുക്കുന്നു. ”**

ഫ്രാൻസിലെ സാധാരണക്കാരുടെ ഇടയിൽ പ്രചാരത്തിലിരുന്ന ഒരു ചൊല്ലായിരുന്നു ഇത്. എന്താണ് ഇതുകൊണ്ടർഥമാക്കുന്നത്? നമുക്ക് പരിശോധിക്കാം.

പതിനെട്ടാം നൂറ്റാണ്ടിലെ ഫ്രഞ്ച് സമൂഹത്തെ മൂന്ന് തട്ടുകളായി (എസ്റ്റേറ്റുകൾ) വിഭജിച്ചിരുന്നു. പുരോഹിതർ ഒന്നാം എസ്റ്റേറ്റിലും പ്രഭുക്കൾ രണ്ടാം എസ്റ്റേറ്റിലും സാധാരണക്കാർ മൂന്നാം എസ്റ്റേറ്റിലുമായിരുന്നു ഉൾപ്പെട്ടിരുന്നത്.

## പുരോഹിതർ (ഒന്നാം എസ്റ്റേറ്റ്)

വളരെ പ്രബലവും സമ്പന്നവുമായിരുന്നു ഫ്രാൻസിലെ കത്തോലിക്കാസഭ. ഭൂസ്വത്തിന്റെ വലിയൊരുഭാഗവും സഭയുടെ ഉടമസ്ഥതയിലായിരുന്നു. പുരോഹിതരെ എല്ലാത്തരം നികുതികളിൽനിന്നും ഒഴിവാക്കിയിരുന്നു.

മാത്രമല്ല, അവർ സാധാരണ കർഷകരിൽനിന്നും ടൈഥ് (Tithe) എന്ന നികുതി പിരിച്ചിരുന്നു. വിളവിന്റെ പത്തിലൊന്നായിരുന്നു നികുതിയായി നൽകേണ്ടിയിരുന്നത്. ഇത് സാധാരണ കർഷകർക്ക് പുരോഹിതരോട് വിരോധം തോന്നാൻ ഇടയാക്കി.

### പ്രഭുക്കൾ (രണ്ടാം എസ്റ്റേറ്റ്)

ഭരണരംഗത്തെ ഉയർന്ന സ്ഥാനങ്ങളും സൈന്യത്തിലെ ഉയർന്ന പദവികളും കൈയടക്കിവച്ചിരുന്നത് പ്രഭുക്കളായിരുന്നു. ഇവർ ഭൂവുടമകൾ കൂടിയായിരുന്നു. ആഡംബരജീവിതം നയിച്ചിരുന്ന പ്രഭുക്കൾ ജനങ്ങളിൽനിന്ന് വിവിധ നികുതികൾ പിരിച്ചെടുത്തിരുന്നു.

1749 ലെ നിയമമനുസരിച്ച് എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങളും തങ്ങളുടെ വരുമാനത്തിന്റെ ഇരുപതിൽ ഒരുഭാഗം സർക്കാരിലേക്ക് നേരിട്ട് നികുതിയായി നൽകണമായിരുന്നു. ഈ നികുതി വോങ്ത്തീയെം (Vingtieme) എന്നറിയപ്പെട്ടിരുന്നു. ആദ്യത്തെ രണ്ട് വിഭാഗങ്ങളും (പുരോഹിതരും പ്രഭുക്കളും) രാജാവിന് ഒരു ചെറിയതുക മാത്രം നൽകി തന്ത്രപൂർവം ആ നികുതിയിൽനിന്നും ഒഴിവായിരുന്നു.

തങ്ങളുടെ അവകാശങ്ങൾ നിലനിർത്തുന്നതിനായി രാജവാഴ്ചയെ എതിർക്കുന്നതിന് പുരോഹിതരും പ്രഭുക്കളും ഒരിക്കലും മടി കാണിച്ചിരുന്നില്ല.

#### പ്രഭുക്കൾ സാധാരണക്കാരായ ജനങ്ങളെ ചൂഷണം ചെയ്തിരുന്ന വിവിധ രീതികൾ

- കോവീ (Corvee): ഒരു വർഷത്തിൽ മൂന്നോ നാലോ ദിവസം സാധാരണക്കാരെക്കൊണ്ട് പ്രതിഫലം നൽകാതെ ജോലി ചെയ്യിപ്പിക്കുന്നതിനുള്ള അവകാശം
- ബെനാലിറ്റി (Banalite): വീഞ്ഞുനിർമ്മാണത്തിലെ കുത്തകവഴി ലഭിക്കുന്ന അധിക നികുതിയും മുന്തിരിച്ചാർ, റൊട്ടി തുടങ്ങിയവയുടെ നിർമ്മാണത്തിനായി ജന്മിയുടെ ഉടമസ്ഥതയിലുള്ള സൗകര്യങ്ങൾ നിർബന്ധമായും ഉപയോഗിക്കേണ്ടിവരുന്നതിന്റെ വാടകയും ഇതിലുൾപ്പെടുന്നു.
- ബൻവിൻ (Banvin): തങ്ങളുടെ പ്രദേശത്ത് ഉൽപാദിപ്പിച്ചിരുന്ന വീഞ്ഞിനുമേലുള്ള കുത്തക നികുതി.
- പിയേഷ് (Peage): പാലങ്ങൾ, റോഡുകൾ എന്നിവയുടെ മേലുള്ള ചുങ്കം.
- ടെറാഷ് (Terrage): വിളവെടുപ്പുകാലത്ത് കർഷകരിൽനിന്നും പിരിക്കുന്ന പ്രത്യേക കരം.

CDM Ketelby, A History of Modern Times from 1789

## സാധാരണക്കാർ (മൂന്നാം എസ്റ്റേറ്റ്)




'ഉന്നതവിഭാഗക്കാർ അനുഭവിച്ച പ്രത്യേക ആനുകൂല്യങ്ങളാൽ ചതച്ചരയ്ക്കപ്പെട്ട സാധാരണക്കാർ'

പതിനെട്ടാം നൂറ്റാണ്ടിൽ ഫ്രാൻസിൽ ജീവിച്ചിരുന്ന സാധാരണക്കാരന്റെ അവസ്ഥയാണ് മുകളിൽ നൽകിയിട്ടുള്ള ചിത്രത്തിലൂടെ വ്യക്തമാകുന്നത്. മധ്യവർഗവും തൊഴിലാളികളും കർഷകരും അടങ്ങുന്നതായിരുന്നു ഫ്രാൻസിലെ മൂന്നാമത്തെ എസ്റ്റേറ്റ്. ഇവർ കോമൺസ് (സാധാരണക്കാർ) എന്നറിയപ്പെട്ടു. ജനസംഖ്യയുടെ ഭൂരിഭാഗവും ഉൾക്കൊണ്ടിരുന്ന മൂന്നാമത്തെ എസ്റ്റേറ്റിലെ ഭൂരിഭാഗം ജനങ്ങളും ദാരിദ്ര്യത്തിലായിരുന്നു ജീവിച്ചിരുന്നത്. തങ്ങൾ ഉൽപാദിപ്പിക്കുന്ന വിളവിന്റെ ഒരു അംശം മാത്രമാണ് കർഷകന് ലഭിച്ചിരുന്നത്. ഇവർ രാജാവിനും പള്ളിക്കും പ്രഭുവിനും വ്യത്യസ്തങ്ങളായ നികുതികൾ നൽകാൻ ബാധ്യസ്ഥരായിരുന്നു. അതിനോടൊപ്പം പ്രതിഫലമില്ലാത്ത അനേകം നിർബന്ധിതസേവനങ്ങളും ഇവർ ചെയ്യേണ്ടിയിരുന്നു. അവയിൽ ചിലതാണ്:

- ആവശ്യമുള്ള സന്ദർഭങ്ങളിൽ സൈനികസേവനം നടത്തുക.
- പൊതുനിരത്തുകൾ, ജലമാർഗങ്ങൾ, പാലങ്ങൾ തുടങ്ങിയവയുടെ മരാമത്തുപണികൾക്ക് സൗജന്യസേവനം നൽകുക.

പതിനെട്ടാം നൂറ്റാണ്ടിൽ ഫ്രാൻസിൽ നിലനിന്നിരുന്ന സാമൂഹികവ്യവസ്ഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**ഗാബെൽ (Gabelle)**

പതിമൂന്നാം നൂറ്റാണ്ടുമുതൽ എല്ലാ ഉൽപന്നങ്ങളുടെയും മേൽ ചുമത്തപ്പെട്ടിരുന്ന ഒരു നികുതിയായിരുന്നു ഇത്. പതിനഞ്ചാം നൂറ്റാണ്ടുമുതൽ ഇത് ഉപ്പിന് മാത്രമായി മാറി. തികച്ചും ജനവിരുദ്ധമായ നികുതിയായിരുന്നു ഗാബെൽ.

## മധ്യവർഗത്തിന്റെ ഉദയം

പതിനെട്ടാം നൂറ്റാണ്ടിൽ ഫ്രഞ്ച് സമൂഹത്തിൽ ഒരു മധ്യവർഗം ഉയർന്നുവന്നു. ഫ്രാൻസിന്റെ കാർഷിക-വ്യാവസായിക രംഗത്ത് ഇക്കാലത്തുണ്ടായ പുരോഗതി മധ്യവർഗത്തിന്റെ ഉദയത്തിന് കാരണമായി. കാർഷിക-വ്യാവസായിക രംഗത്തുണ്ടായ വളർച്ചയോടെ പുതിയ നഗരങ്ങൾ ഉയർന്നുവന്നു. നഗരങ്ങളിലെ തൊഴിൽ സാധ്യതകൾ ഉപയോഗപ്പെടുത്തിയവർ സാമ്പത്തികപുരോഗതി കൈവരിക്കുകയും മധ്യവർഗത്തിന്റെ ഭാഗമാവുകയും ചെയ്തു.

ആഭ്യന്തരവാണിജ്യവും കോളനികളുമായുള്ള കച്ചവടവും ഫ്രാൻസിലെ വ്യവസായികളെ സമ്പന്നരാക്കി. പ്രധാന തുറമുഖങ്ങളും പട്ടണങ്ങളും ഈ സമ്പന്നരുടെ നിയന്ത്രണത്തിലായിരുന്നു. ഇവരും മധ്യവർഗത്തിന്റെ ഭാഗമായിരുന്നു. ഇങ്ങനെ രൂപപ്പെട്ട മധ്യവർഗത്തിൽ ഡോക്ടർമാർ, നിയമജ്ഞർ, ബാങ്കർമാർ എന്നിവരും ഉൾപ്പെട്ടിരുന്നു. ഈ മധ്യവർഗവും സാധാരണക്കാരെപ്പോലെ ഭരണകൂടത്തിനും പ്രഭുക്കൾക്കും നികുതി നൽകണമായിരുന്നു. വിദ്യാഭ്യാസപരമായും സാമ്പത്തികമായും മുൻപന്തിയിലെത്തിയിട്ടും ഭരണത്തിലും സൈന്യത്തിലും അവർക്ക് അർഹിക്കുന്ന പദവിയോ അധികാരമോ ലഭിച്ചിരുന്നില്ല. ചുരുക്കത്തിൽ കടുത്ത അസംതൃപ്തിയോടെയാണ് മധ്യവർഗം കഴിഞ്ഞിരുന്നത്.

മധ്യവർഗത്തിന്റെ ഉയർച്ചയും അസംതൃപ്തിയും ഫ്രഞ്ച് വിപ്ലവത്തെ നിർണ്ണായകമായി സ്വാധീനിച്ചു. ഈ പ്രസ്താവന വിലയിരുത്തി കുറിപ്പ് തയ്യാറാക്കൂ.

**വിൽ & ഏരിയൽ ഡ്യൂറന്റ് (Will and Ariel Durant)**





**പ്രശസ്ത ചരിത്രകാരരായ വിൽ ഡ്യൂറന്റും ഏരിയൽ ഡ്യൂറന്റും ഫ്രഞ്ച് വിപ്ലവത്തിൽ മധ്യവർഗത്തിന്റെ പങ്കിനെപ്പറ്റി ഇങ്ങനെ പ്രസ്താവിക്കുന്നു.**

*'അസംതൃപ്തരായ കർഷകവർഗത്തെ ആയുധമാക്കിക്കൊണ്ട് പൗരോഹിത്യത്തെയും പ്രഭുത്വത്തെയും തകിടംമറിക്കുകയും അസ്വസ്ഥരായ നഗരവാസികളെക്കൊണ്ട് രാജകീയസേനകളെ നിർവീര്യമാക്കുകയും ചെയ്ത ബൂർഷ്വാസിയുടെ (മധ്യവർഗം) പ്രവർത്തനമായിരുന്നു ഫ്രഞ്ച് വിപ്ലവത്തിന്റെ സത്ത.'*

(Will and Ariel Durant – Story of Civilisation–VOL-X Rousseau and Revolution Simon and Schuster New York 1967)

*(സ്വതന്ത്രപരിഭാഷ)*

പതിനെട്ടാം നൂറ്റാണ്ടിലെ ഫ്രഞ്ച് സമൂഹത്തിന്റെ സവിശേഷതകൾ കണ്ടെത്തി നൽകിയിരിക്കുന്ന ഡയഗ്രം പൂർത്തിയാക്കുക.




## സാമ്പത്തികപ്രതിസന്ധി

1770 കളിൽ ഫ്രാൻസിലെ കാർഷികരംഗം കടുത്ത പ്രതിസന്ധി നേരിട്ടു. ഉൽപാദനത്തിലെ കുറവായിരുന്നു ഇതിന് കാരണമായത്. ഇത് ധാന്യങ്ങളുടെയും റൊട്ടിയുടെയും വിലവർധനവിന് കാരണമായി. 1730 നും 1789 നും ഇടയിലുള്ള കാലത്ത് ധാന്യങ്ങളുടെ വിലയിൽ 60 ശതമാനം വർധനവുണ്ടായി. എന്നാൽ, തൊഴിലാളികളുടെ കൂലിയിലെ വർധനവ് 22 ശതമാനം മാത്രമായിരുന്നു. തീറ്റപ്പുല്ലിനുണ്ടായ കടുത്ത ക്ഷാമം കന്നുകാലിസമ്പത്തിൽ വലിയ കുറവുണ്ടാക്കി. ജനസംഖ്യയുടെ മൂന്നിലൊന്ന് ഭാഗത്തെ ഈ പ്രശ്നം പ്രതികൂലമായി ബാധിച്ചു.

ബ്രിട്ടനുമായി ഫ്രാൻസ് ഒപ്പുവച്ച കച്ചവടക്കരാർ പ്രകാരം ബ്രിട്ടീഷ് ഉൽപന്നങ്ങളുടെമേലുള്ള ഇറക്കുമതി തീരുവയിൽ വലിയ കുറവുണ്ടായി. ഇതോടെ ഫ്രഞ്ച് വിപണിയിൽ ബ്രിട്ടീഷ് ഉൽപന്നങ്ങൾ വന്നുനിറയുകയും ഫ്രാൻസിലെ കരകൗശലത്തൊഴിലാളികൾ തൊഴിൽരഹിതരാവുകയും ചെയ്തു. ഇങ്ങനെ അസംതൃപ്തരായ കർഷകരും കരകൗശലത്തൊഴിലാളികളും മറ്റ് കൈത്തൊഴിലുകാരും ഭരണകൂടത്തിനെതിരെ തെരുവിലിറങ്ങി. ഫ്രാൻസിന്റെ സാമ്പത്തിക

പരാധീനത മറികടക്കുന്നതിനായി ബാങ്കർമാരിൽ നിന്നും വൻതുകകൾ ലൂയി പതിനാറാമൻ വായ്പകളായി സ്വീകരിച്ചിരുന്നു. സർക്കാർ ഈ വായ്പകൾക്ക് പകരമായി ബോണ്ടുകൾ നൽകിയിരുന്നു. ഫ്രഞ്ച് സർക്കാരിന്റെ ഖജനാവ് ശൂന്യമായത് ബാങ്കർമാരെ വായ്പ നൽകുന്നതിൽ നിന്ന് പിന്തിരിപ്പിച്ചു. രാജ്യത്തെ ജനങ്ങൾക്കെല്ലാവർക്കും നികുതിഭാരം ഒരേ പോലെ ആയിരിക്കണം എന്ന് ഇവർ ആവശ്യപ്പെട്ടു. നികുതി ചുമത്തുന്നതിൽ നിലനിന്നിരുന്ന അസമത്വമായിരുന്നു ബാങ്കർമാരടങ്ങുന്ന മധ്യവർഗം ഫ്രഞ്ച് ഭരണകൂടത്തിനെതിരാകുവാനുള്ള പ്രധാന കാരണങ്ങളിൽ ഒന്ന്.

## ചിന്തകരുടെ സ്വാധീനം

ഫ്രാൻസിലെ തത്വചിന്തകരും അവരുടെ ആശയങ്ങളും ഫ്രഞ്ച് ജനതയെ അവർ നേരിട്ടുകൊണ്ടിരിക്കുന്ന അവസ്ഥ ബോധ്യപ്പെടുത്തുകയും അനീതിക്കെതിരെ പ്രതികരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. ഇത്തരത്തിൽ ഫ്രഞ്ച് ജനതയെ സ്വാധീനിച്ച ചില ചിന്തകരെ പരിചയപ്പെടാം.



വോൾട്ടയർ

### വോൾട്ടയർ

തത്വചിന്തകനും ചരിത്രകാരനും ആക്ഷേപഹാസ്യകാരനുമായിരുന്ന ഒരു മനുഷ്യസ്നേഹിയായിരുന്നു വോൾട്ടയർ. അദ്ദേഹം ഒരു ദൈവനിഷേധിയായിരുന്നില്ലെങ്കിലും തന്റെ ലേഖനങ്ങളിലൂടെ പുരോഹിതരെ നിരന്തരം വിമർശിച്ചിരുന്നു. തന്റെ നിലപാടുകളും രചനകളും മൂലം അദ്ദേഹം ഫ്രാൻസിൽ നിന്നും പുറത്താക്കപ്പെട്ടു.



റൂസ്സോ

### റൂസ്സോ

വിദ്യാഭ്യാസ ചിന്തകനും രാഷ്ട്രമീമാംസകനുമായിരുന്നു റൂസ്സോ. അദ്ദേഹത്തിന്റെ കൃതിയായ 'സാമൂഹ്യ ഉടമ്പടി' (The Social Contract) വ്യക്തിയും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തെ നിർവചിച്ചു. "ജനങ്ങൾ തങ്ങളുടെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി ഒരു കരാർപ്രകാരം രാജാവിനെ സൃഷ്ടിച്ചു. ഉത്തരവാദിത്വങ്ങൾ രാജാവ് ലംഘിച്ചിരിക്കുന്നു. അതിനാൽ രാജാവിന് ഭരിക്കാനുള്ള അവകാശം നഷ്ടപ്പെട്ടിരിക്കുന്നു" എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. "നല്ല നിയമം നല്ല പൗരരെ സൃഷ്ടിക്കുന്നു" എന്ന് അദ്ദേഹം വാദിച്ചു. റൂസ്സോ നിലവിലുള്ള അധികാര ഘടനയെ എതിർത്തു. റൂസ്സോയുടെ ആശയങ്ങൾ പ്രകൃതിവാദത്തെ അടിസ്ഥാനമാക്കിയുള്ളതായിരുന്നു. "മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു, എന്നാൽ അവൻ എല്ലായിടത്തും ചങ്ങലയിലാണ്" എന്നതായിരുന്നു റൂസ്സോയുടെ അഭിപ്രായം. റൂസ്സോയുടെ കൃതികൾ ഫ്രഞ്ച് വിപ്ലവത്തിന് പ്രചോദനമായിത്തീർന്നു.

## മൊണ്ടെസ്ക്യൂ

മൊണ്ടെസ്ക്യൂ ക്രൈസ്തവ സഭയുടെ ദൂഷ്യങ്ങളെയും രാഷ്ട്രത്തിന്റെ സ്വേച്ഛാധിപത്യത്തെയും വിമർശിച്ചു. നിയന്ത്രിത രാജവാഴ്ചയെ അനുകൂലിച്ച അദ്ദേഹം വ്യക്തികളുടെ സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിനായി ഗവൺമെന്റിന്റെ അധികാരത്തെ നിയമനിർമ്മാണം, ഭരണനിർവഹണം, നീതിന്യായം എന്നിങ്ങനെ മൂന്നായി തിരിക്കാം എന്ന് നിർദേശിച്ചു. അദ്ദേഹത്തിന്റെ പ്രശസ്ത കൃതിയായ 'നിയമത്തിന്റെ ആത്മാവ്' (The Spirit of Laws) എന്ന ഗ്രന്ഥം ഗവൺമെന്റിന്റെ തത്വങ്ങളും നിയമത്തിന്റെയും ഭരണഘടനയുടെയും പരിണാമവും വിശകലനം ചെയ്യുന്നു.



മൊണ്ടെസ്ക്യൂ

ബ്രിട്ടീഷ് ചിന്തകനായ ജോൺ ലോക്കിന്റെ ആശയങ്ങളും ഫ്രഞ്ച് ജനതയെ നിർണ്ണായകമായി സ്വാധീനിച്ചു. തന്റെ വിഖ്യാതകൃതിയായ 'ടു ട്രീറ്റിസസ് ഓഫ് ഗവൺമെന്റ്' (Two Treatises of Government) രാജാവിന്റെ ദൈവദത്താവകാശത്തെയും സ്വേച്ഛാധികാരത്തെയും നിരാകരിച്ചു. ഫിസിയോക്രാറ്റുകൾ എന്നറിയപ്പെട്ടിരുന്ന സാമ്പത്തികവിദഗ്ധരും ഫ്രഞ്ച് ജനതയെ സ്വാധീനിച്ചിരുന്നു. ഇവരിൽ പ്രമുഖരായിരുന്നു ടർഗോ (Turgot), നെക്കർ (Necker) തുടങ്ങിയവർ. ലൂയി പതിനാറാമന്റെ ഉപദേഷ്ടാവായിരുന്ന ടർഗോ ഫ്രാൻസിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി അനേകം പദ്ധതികൾ ആവിഷ്കരിച്ചു. മധ്യവർഗത്തിന്റെ താൽപര്യങ്ങളായിരുന്നു ഇവരുടെ സാമ്പത്തികനയങ്ങളിൽ പ്രതിഫലിച്ചത്. കൃഷിക്ക് പ്രോത്സാഹനം നൽകുക, ഭക്ഷ്യവസ്തുക്കളിൽ വ്യാപാരസ്വാതന്ത്ര്യം അനുവദിക്കുക എന്നിവ അവയിൽ പ്രധാനപ്പെട്ടവയായിരുന്നു.

ഈ പരിഷ്കരണങ്ങൾ ഒരു പരിധിവരെ ഫ്രാൻസിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തി. എന്നാൽ മാരി അന്റോയിനറ്റ് ചെലവ് ചുരുക്കാൻ തയ്യാറാകാതിരുന്നത് ടർഗോ രാജ്ഞിയുമായി ശത്രുതയിലാകുന്നതിന് കാരണമായി. രാജ്ഞിയുടെ എതിർപ്പുമൂലം ലൂയി പതിനാറാമൻ ടർഗോയെ മന്ത്രിസ്ഥാനത്തുനിന്നും പിരിച്ചുവിട്ടു. പുതിയ ഉപദേഷ്ടാവായി നിയമിക്കപ്പെട്ട നെക്കർ, ടർഗോയുടെ പരിഷ്കരണം തുടരുവാൻ

### സലോണുകളും കോഫി ഹൗസുകളും

ഫ്രാൻസിൽ സലോണുകളും കോഫി ഹൗസുകളും ആശയവിനിമയത്തിനും രാഷ്ട്രീയ ചർച്ചകൾക്കുമുള്ള കേന്ദ്രങ്ങളായി പ്രവർത്തിച്ചിരുന്നു. വിദ്യാസമ്പന്നരും പ്രബുദ്ധരുമായ സ്ത്രീകൾ അവരുടെ വീടുകളിലാണ് സലോണുകൾ സംഘടിപ്പിച്ചിരുന്നത്. ഈ സലോണുകളിൽ ദാർശനികർ, എഴുത്തുകാർ, ചിന്തകർ, സാമൂഹികപരിഷ്കർത്താക്കൾ എന്നിവരുടെ ആശയങ്ങളെപ്പറ്റി ചർച്ചകൾ നടന്നു. ഈ ചർച്ചകൾ വിപ്ലവാശയങ്ങൾക്ക് പ്രചോദനം നൽകി. അതുപോലെ സാധാരണ പൗരർ, പത്രപ്രവർത്തകർ തുടങ്ങിയവർ സ്ഥിരമായി ചർച്ച നടത്തിയിരുന്ന ജനപ്രിയ കേന്ദ്രങ്ങളായി കോഫി ഹൗസുകൾ മാറി. ഇവിടങ്ങളിൽ വിപ്ലവ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യപ്പെടുകയും സ്വേച്ഛാധിപത്യം വിമർശിക്കപ്പെടുകയും ചെയ്തിരുന്നു.

ശ്രമിച്ചെങ്കിലും ദേശീയസഭയുടെ എതിർപ്പും ഇംഗ്ലണ്ടുമായുള്ള യുദ്ധവും മൂലം പുറത്താക്കപ്പെട്ടു. തുടർന്ന് അധികാരത്തിൽ വന്ന രാജാവിന്റെ ഉപദേഷ്ടാക്കൾക്കും ഫ്രാൻസിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുവാൻ സാധിച്ചില്ല. ഗത്യന്തരമില്ലാതെ നെക്കറെ തിരികെ വിളിക്കാൻ രാജാവ് നിർബന്ധിതനായി.

ഫ്രഞ്ച് ചിന്തകരെയും അവരുടെ പ്രധാന ആശയങ്ങളെയും പട്ടികപ്പെടുത്തി ഒരു സചിത്ര ചാർട്ട് തയ്യാറാക്കുക.

## എസ്റ്റേറ്റ്സ് ജനറൽ സമ്മേളിക്കുന്നു

പതിനെട്ടാം നൂറ്റാണ്ടിൽ ഫ്രാൻസ് അഭിമുഖീകരിച്ച കടുത്ത സാമ്പത്തിക പ്രതിസന്ധിയെപ്പറ്റി നമ്മൾ ചർച്ച ചെയ്തല്ലോ. ഇത് തരണം ചെയ്യാൻ പുതിയ നികുതികൾ ചുമത്തേണ്ടത് അനിവാര്യമായി മാറി. ഇതിനായി നെക്കറിന്റെ നിർദേശ പ്രകാരം ലൂയി പതിനാറാമൻ ഫ്രഞ്ച് പാർലമെന്റായ എസ്റ്റേറ്റ്സ് ജനറൽ വിളിച്ചുചേർക്കാൻ തീരുമാനിച്ചു. 175 വർഷങ്ങൾക്കുശേഷം വീണ്ടും എസ്റ്റേറ്റ്സ് ജനറൽ വിളിച്ചു ചേർക്കാൻ തീരുമാനിച്ചപ്പോൾ അതിന്റെ സംഘാടനത്തെ സംബന്ധിച്ച് തർക്കങ്ങൾ ഉടലെടുത്തു. ഫ്രഞ്ച് സമൂഹത്തെപ്പോലെ എസ്റ്റേറ്റ്സ് ജനറലും മൂന്നായി വിഭജിക്കപ്പെട്ടിരുന്നു. മൂന്ന് എസ്റ്റേറ്റുകളും പ്രത്യേകം ഹാളുകളിലാണ് സമ്മേളിച്ചിരുന്നത്.

ഫ്രഞ്ച് ജനസംഖ്യയുടെ ചെറിയൊരു ശതമാനം മാത്രമായിരുന്ന പുരോഹിതർക്ക് പ്രതിനിധിസഭയിൽ 285 അംഗങ്ങളാണ് ഉണ്ടായിരുന്നത്. ഫ്രഞ്ച് ജനസംഖ്യയിൽ ഏകദേശം ഒരു ലക്ഷത്തി നാല്പതിനായിരം മാത്രമായിരുന്ന പ്രഭുക്കൾക്ക് പ്രതിനിധിസഭയിൽ 308 അംഗങ്ങളുണ്ടായിരുന്നു. ഭൂരിപക്ഷം വരുന്ന സാധാരണക്കാരായ ജനങ്ങൾക്ക് പ്രതിനിധിസഭയിൽ 621 അംഗങ്ങളാണ് ഉണ്ടായിരുന്നത്. ഒന്നും രണ്ടും എസ്റ്റേറ്റുകളിലെ അംഗത്വം പരമ്പരാഗതമായിരുന്നു. എന്നാൽ മൂന്നാം എസ്റ്റേറ്റിലെ അംഗങ്ങൾ തിരഞ്ഞെടുക്കപ്പെട്ടവരായിരുന്നു.

ഒരു സഭയ്ക്ക് ഒരു വോട്ട് എന്നതായിരുന്നു നിലനിന്നിരുന്ന രീതി. ആദ്യത്തെ രണ്ട് സഭകളും ഇതിനെ പിന്തുണച്ചു. ഒന്നും രണ്ടും എസ്റ്റേറ്റുകൾ ഒത്തുചേർന്നാൽ ഭൂരിപക്ഷം ഉറപ്പാക്കി അവർക്ക് ഭരണകൂടത്തെ നിയന്ത്രിക്കാം എന്നതായിരുന്നു ഇതിന്റെ കാരണം.

തങ്ങൾ പ്രതിനിധീകരിക്കുന്ന വിഭാഗങ്ങളുടെ ആവലാതികളും ആവശ്യങ്ങളുമായി എത്തിച്ചേർന്നവരായിരുന്നു മൂന്നാം എസ്റ്റേറ്റിലെ എല്ലാ പുതിയ പ്രതിനിധികളും. എന്നാൽ, രാജാവായ ലൂയി പതിനാറാമൻ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള യാതൊരു മുന്നൊരുക്കങ്ങളും നടത്തിയിരുന്നില്ല. പാർലമെന്ററി സമ്പ്രദായത്തെക്കുറിച്ച് രാജാവിന് വേണ്ടത്ര പരിജ്ഞാനമില്ലാത്തതായിരുന്നു ഇതിന്റെ പ്രധാന കാരണം.

എസ്റ്റേറ്റ്സ് ജനറൽ ഫ്രഞ്ച് സമൂഹത്തിന്റെ പരിച്ഛേദമായിരുന്നു. സമർഥിക്കുക

## ടെന്നീസ്കോർട്ട് പ്രതിജ്ഞ

മൂന്നാം എസ്റ്റേറ്റിന്റെ പ്രതിനിധികൾ മൂന്ന് സഭകളും ഒരുമിച്ച് സമ്മേളിക്കണമെന്ന് ആവശ്യപ്പെട്ടെങ്കിലും ആദ്യത്തെ രണ്ട് സഭകളും ഇതിനോട് അനുകൂലിച്ചില്ല. ഇതേത്തുടർന്ന്, 1789 ജൂൺ 17-ാം തീയതി മൂന്നാം എസ്റ്റേറ്റിലെ അംഗങ്ങൾ തങ്ങളാണ് ഫ്രാൻസിന്റെ യഥാർഥ ജനപ്രതിനിധികൾ എന്ന് പ്രഖ്യാപിക്കുകയും തങ്ങളുടെ സഭയെ ഫ്രഞ്ച് ദേശീയ സഭ (French National Assembly) എന്ന് വിളിക്കുകയും ചെയ്തു.



ടെന്നീസ്കോർട്ട് പ്രതിജ്ഞ

ഉപരിസഭകളുടെ പിന്തുണയോടെ ലൂയി പതിനാറാമൻ, ഈ സഭ സമ്മേളിച്ചിരുന്ന ഹാൾ അടച്ചിടുകയും പട്ടാളക്കാവൽ ഏർപ്പെടുത്തുകയും ചെയ്തു. ജൂൺ 20ന് ഴാങ്-സിൽവിയൻ ബൈലി, അബ്ബേ സീയെസ്, മിറാബോ തുടങ്ങിയവരുടെ നേതൃത്വത്തിൽ തൊട്ടടുത്തുണ്ടായിരുന്ന ടെന്നീസ്കോർട്ടിൽ മൂന്നാം എസ്റ്റേറ്റിലെ പ്രതിനിധികൾ സമ്മേളിച്ചു. ഒരു വ്യവസ്ഥാപിത ഭരണഘടന ഉണ്ടാകുന്നതുവരെ തങ്ങൾ പിരിഞ്ഞു പോവുകയില്ലെന്ന് അവർ പ്രഖ്യാപിച്ചു. ഇത് പിൽക്കാലത്ത് 'ടെന്നീസ്കോർട്ട് പ്രതിജ്ഞ' (Tennis Court Oath) എന്നറിയപ്പെട്ടു. ഈ സംഭവമാണ് പാഠഭാഗത്തിന്റെ ആമുഖത്തിൽ പരാമർശിച്ചിട്ടുള്ളത്. ദേശീയസഭയുടെ ഈ സമ്മേളനമാണ് പിൽക്കാല ചരിത്രത്തിൽ 'ടെന്നീസ്കോർട്ട് അസംബ്ലി' (Tennis Court Assembly) എന്ന പേരിൽ വിഖ്യാതമായത്.

ടെന്നീസ്കോർട്ട് പ്രതിജ്ഞയെ ആസ്പദമാക്കി ഒരു സ്ക്രിപ്റ്റ് തയ്യാറാക്കി ക്ലാസിൽ ഒരു സ്കിറ്റ് അവതരിപ്പിക്കുക.

## ബാസ്റ്റിലിന്റെ പതനവും വിപ്ലവത്തിന്റെ ആരംഭവും

ലൂയി പതിനാറാമൻ രാജാവ് തന്റെ ഉപദേഷ്ടാവായിരുന്ന നെക്കറെ സ്ഥാനഭ്രഷ്ടനാക്കുകയും പാരീസ് വിട്ടുപോകാൻ ആജ്ഞാപിക്കുകയും ചെയ്തു എന്ന വാർത്ത കാട്ടുതീ പോലെ പടർന്നു. പ്രകോപിതരായ ജനക്കൂട്ടം പാരീസ് നഗരത്തിലെ ധാന്യസംഭരണശാലകളും റൊട്ടിക്കടകളും കയ്യേറി. ആയുധങ്ങൾ സംഭരിച്ച അവർ 1789 ജൂലൈ 14-ാം തീയതി ബൂർബൺ

സ്വേച്ഛാധിപത്യത്തിന്റെ പ്രതീകമായിരുന്ന പാരീസിലെ ബാസ്റ്റിൽകോട്ട തകർക്കുകയും മണിക്കൂറുകൾക്കകം പാരീസ് നഗരം തങ്ങളുടെ നിയന്ത്രണത്തിലാക്കുകയും ചെയ്തു.

ബാസ്റ്റിൽകോട്ടയുടെ തകർച്ച ഫ്രഞ്ച് വിപ്ലവത്തിന്റെ ആരംഭമായി കണക്കാക്കുന്നു. ഫ്രാൻസിന്റെ ഗ്രാമപ്രദേശങ്ങളിലും അക്രമങ്ങൾ അരങ്ങേറി. നികുതി പിരിവുകാരും ജനങ്ങളുടെ കോപത്തിനിരയായി. ജനരോഷം ഭയന്ന ലൂയി പതിനാറാമൻ ദേശീയസഭ പാസാക്കിയ നിയമങ്ങൾക്ക് അംഗീകാരം നൽകി.

ദേശീയസഭ നിയമനിർമ്മാണം വഴി നടപ്പിലാക്കിയ ചില പരിഷ്കാരങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്.

- അടിമത്തം നിർത്തലാക്കി.
- പ്രഭുക്കളുടെ പ്രത്യേക അധികാരങ്ങൾ എടുത്തുകളഞ്ഞു.
- ജനങ്ങൾ കത്തോലിക്കാസഭയ്ക്ക് നൽകേണ്ടിയിരുന്ന കരം നിർത്തലാക്കി.
- അധികമായി ചുമത്തിയിരുന്ന നികുതികൾ റദ്ദാക്കി.

## സ്ത്രീകളും ഫ്രഞ്ച് വിപ്ലവവും

ഭക്ഷ്യക്ഷാമവും ദേശീയസഭയോട് സഹകരിക്കാത്ത ലൂയി പതിനാറാമന്റെ നയങ്ങളും സ്ത്രീകളെ പ്രക്ഷോഭത്തിനിറങ്ങാൻ പ്രേരിപ്പിച്ചു. ആയിരക്കണക്കിന് സ്ത്രീകൾ ചൂൽ ഉൾപ്പെടെയുള്ള നിത്യോപയോഗ സാമഗ്രികളും വാൾ, കുന്തം, തോക്ക് എന്നിവയും കൈയിലേന്തി ബൂർബൺ രാജാക്കന്മാരുടെ വസതിയായ പാരീസിലെ വേഴ്സായ് കൊട്ടാരത്തിലേക്ക് മാർച്ച് ചെയ്തു. അവരോടൊപ്പം വലിയൊരു ജനക്കൂട്ടവും ഉണ്ടായിരുന്നു. രാജാവിനെയും കുടുംബത്തെയും അവർ നിർബന്ധപൂർവം പാരീസിലേക്ക് കൊണ്ടുവന്നു. ഗത്യന്തരമില്ലാതെ ദേശീയസഭയുടെ തീരുമാനങ്ങൾ അംഗീകരിക്കാമെന്ന് ലൂയി പതിനാറാമൻ ഉറപ്പുകൊടുത്തു. ഫ്രാൻസിലെ പ്രശസ്ത നാടകകൃത്തും പൊതുപ്രവർത്തകയുമായിരുന്ന ഒളിമ്പ് ദെ ഗൂഷ് വിപ്ലവകാലത്ത് സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടി വാദിച്ച ഉറച്ച സ്ത്രീശബ്ദമായിരുന്നു. "സ്ത്രീയുടെയും സ്ത്രീ പൗരരുടെയും അവകാശ പ്രഖ്യാപനം" [Declaration of the rights of woman and of the female citizen] എന്ന പ്രസിദ്ധ ഗ്രന്ഥത്തിൽ, പുരുഷന്മാർക്ക് ലഭിച്ച അവകാശങ്ങൾ സ്ത്രീ



ഗുഡ്ബൈ വേഴ്സായ് (Adieu, Versailles) സ്ത്രീകൾ രാജകുടുംബാംഗങ്ങളെയും കൊണ്ട് പാരീസിലേക്ക് മാർച്ച് ചെയ്യുന്നതിന്റെ ചിത്രീകരണം

കൾക്കും ലഭിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. സ്ത്രീകൾക്കും പുരുഷ ന്മാർക്കും തുല്യ അധികാരവും അവകാശങ്ങളുമുള്ള സാമൂഹിക ഘടന യ്ക്കുവേണ്ടി അവർ നിലകൊണ്ടു. സ്ത്രീ സമത്വത്തിനുവേണ്ടി വാദിച്ച മറ്റൊരു വനിതയായിരുന്നു മാഡം ഴാങ് റോളണ്ട്. സ്ത്രീകളുടെ ഈ അവകാശ സമരത്തിന് ചില നേട്ടങ്ങളുണ്ടായി. സ്വത്തിന്മേലുള്ള അവകാശം, വിവാഹ മോചനം നേടുന്നതിനുള്ള അവകാശം എന്നിവ അവയിൽ ചിലതാണ്.

### വസ്ത്രം പ്രതിഷേധത്തിന്റെ പ്രതീകം

ഫ്രാൻസിലെ ഉന്നതകുലജാതർ പരമ്പരാഗതമായി ധരിച്ചിരുന്നത് കാൽമുട്ടുവരെ ഇറക്കമുള്ള, ബ്രീച്ചുകൾ എന്നറിയപ്പെടുന്ന ഒരുതരം പാന്റ്സ് ആയിരുന്നു. ഉന്നതകുലജാതരോടുള്ള പ്രതി ഷേധത്തിന്റെ ഭാഗമായി തൊഴിലാളികളും കർഷകരും കാൽപാദം വരെ എത്തുന്ന, പാന്റലോൺ (Pantalon) എന്നറിയപ്പെടുന്ന നീളൻ ട്രൗസറുകൾ ധരിക്കാൻ തുടങ്ങി. ഇവർ സാൻസ്കുലോട്ടുകൾ (Sansculottes) എന്ന റിയപ്പെട്ടു. വിപ്ലവാനുകൂലികളുടെ പ്രതീക മായി പാന്റലോൺ മാറി. കൂടുതൽ ആളുകൾ പാന്റലോൺ ധരിക്കാൻ തുടങ്ങി യത് വിപ്ലവം ജനകീയമായി മാറി എന്ന തിന്റെ തെളിവായി.

ഫ്രിജിയൻ തൊപ്പിയും വിപ്ലവത്തിന്റെ പ്രതീകമായിരുന്നു. അടിമത്തത്തിൽനിന്ന് മോചിപ്പിക്കപ്പെട്ടവർ എന്ന് സൂചിപ്പിക്കുന്ന തിനുവേണ്ടിയാണ് തൊഴിലാളികൾ ചുവ പ്പുനിറമുള്ള ഫ്രിജിയൻ തൊപ്പി ധരിച്ചത്.



സാൻസ്കുലോട്ട് ദമ്പതികൾ



ഫ്രിജിയൻ തൊപ്പി

### പുതിയ ഭരണഘടന

> " സ്വതന്ത്രരും അവകാശങ്ങളിൽ തുല്യതയുള്ളവരുമാ യിട്ടാണ് മനുഷ്യർ ജനിക്കുന്നതും ജീവിക്കുന്നതും "

ദേശീയസഭ ഫ്രാൻസിനായി തയ്യാറാക്കിയ ഭരണഘടനയുടെ ആമുഖത്തിൽ നൽകിയിട്ടുള്ള മനുഷ്യാവകാശപ്രഖ്യാപനത്തിലെ ഒരു ഭാഗമാണ് മുകളിൽ നിങ്ങൾ വായിച്ചത്. ഈ ഭരണഘടനയുടെ ആമുഖത്തിലുള്ള ഫ്രഞ്ച് മനുഷ്യാ വകാശപ്രഖ്യാപനം (Declaration of the Rights of Man and of the Citizen) ഫ്രഞ്ച്

വിപ്ലവത്തിന്റെ ഒരു പ്രധാന ഫലമാണ്. 1789 ൽ നടന്ന ഫ്രഞ്ച് മനുഷ്യാവകാശ പ്രഖ്യാപനത്തിന്റെ പ്രധാന ആശയങ്ങൾ എന്തൊക്കെയെന്ന് നോക്കാം.



- സ്വതന്ത്രനായി ജനിക്കുന്ന മനുഷ്യൻ തുല്യ അവകാശങ്ങളോടെ സ്വതന്ത്രനായി ജീവിക്കുന്നു.
- എല്ലാ രാഷ്ട്രീയ കൂട്ടായ്മകളുടെയും ലക്ഷ്യം മനുഷ്യന്റെ സ്വാഭാവികവും അവിഭാജ്യവുമായ അവകാശങ്ങൾ സംരക്ഷിക്കുക എന്നതാണ്. അവ സ്വാതന്ത്ര്യം, സ്വത്ത്, സുരക്ഷിതത്വം, അടിച്ചമർത്തലുകളെ ചെറുക്കൽ എന്നിവയ്ക്കുള്ള അവകാശമാണ്.
- എല്ലാ പരമാധികാരവും രാഷ്ട്രത്തിൽ കുടികൊള്ളുന്നു. മറ്റുള്ളവർക്ക് ഹാനികരമല്ലാത്ത പ്രവർത്തനങ്ങൾ നടത്താനുള്ള അധികാരമാണ് സ്വാതന്ത്ര്യത്തിലുൾക്കൊള്ളുന്നത്.
- സമൂഹത്തിന് ഹാനികരമാകുന്ന പ്രവർത്തനങ്ങളെ വിലക്കാനുള്ള അവകാശം മാത്രമേ നിയമത്തിനുള്ളു.

ഫ്രഞ്ച് ദേശീയസഭ ഫ്രാൻസിന്റെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ രംഗത്ത് നിരവധി പരിഷ്കരണങ്ങൾ നടപ്പിലാക്കി. ഇവയിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നു:

- രാജ്യത്താകമാനം ഏകീകൃത ഭരണഘടന നടപ്പിലാക്കി.
- 'അസൈനാറ്റ്' (Assignat) എന്ന പേരിൽ പുതിയ കടലാസ് കറൻസി പുറത്തിറക്കി.
- മതമേധാവികളുടെ നിയന്ത്രണത്തിലായിരുന്ന സ്വത്തുക്കൾ കണ്ടുകെട്ടി.
- പൂർണ്ണമായ മതസഹിഷ്ണുത പ്രഖ്യാപിച്ചു.
- പുരോഹിതർ ഗവൺമെന്റിന്റെ ശമ്പളം പറ്റുന്നവരായി മാറി.

### 'അസൈനാറ്റ്' (Assignat)




1789 ൽ ഫ്രാൻസിൽ പുറത്തിറക്കിയ പേപ്പർ കറൻസിയുടെ പേരായിരുന്നു അസൈനാറ്റ്. ഫ്രഞ്ച് സമ്പദ്‌വ്യവസ്ഥയെ സുസ്ഥിരമാക്കാനും ദേശീയകടം വീട്ടാനുമുള്ള ബോണ്ടും പണവുമായി ഇതിനെ ഉപയോഗിക്കാൻ തീരുമാനിച്ചു. കാലക്രമേണ, ഗവൺമെന്റ് അതിന്റെ ചെലവുകൾ വഹിക്കുന്നതിനായി അമിതമായ അളവിൽ അസൈനാറ്റ് അടിച്ചിറക്കാൻ തുടങ്ങി, ഇത് വൻതോതിലുള്ള പണപ്പെരുപ്പത്തിനും കറൻസിയുടെ ദ്രുതഗതിയിലുള്ള മൂല്യത്തകർച്ചയ്ക്കും കാരണമായി. 1796 ആയപ്പോഴേക്കും അസൈനാറ്റിന്റെ മൂല്യം നഷ്ടപ്പെട്ടു.

മനുഷ്യാവകാശപ്രഖ്യാപനം ദേശീയസഭയുടെ പരിഷ്കാരങ്ങളെ സ്വാധീനിച്ചതെങ്ങനെയെന്ന് ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## ഭീകരവാഴ്ചയും സെപ്റ്റംബർ കൂട്ടക്കൊലയും

1792-ൽ ദേശീയസഭയുടെ സ്ഥാനത്ത് നാഷണൽ കൺവെൻഷൻ എന്ന പുതിയ ഭരണ സമിതി നിലവിൽ വന്നു. നാഷണൽ കൺവെൻഷൻ ഫ്രാൻസിനെ ഒരു റിപ്പബ്ലിക്കായി പ്രഖ്യാപിക്കുകയും ലൂയി പതിനാറാമനെ വധശിക്ഷയ്ക്ക് വിധേയനാക്കുകയും ചെയ്തു. ഒരു റിപ്പബ്ലിക്കായി മാറിയ ഫ്രാൻസിന്റെ ഭരണനേതൃത്വം ജാക്കോബിനുകൾ പിടിച്ചെടുത്തു. യൂറോപ്പിലെ പ്രബല ശക്തികളായ ബ്രിട്ടനും ഓസ്ട്രിയയും റഷ്യയും ഫ്രാൻസിനെ ആക്രമിച്ചപ്പോൾ ഈ സ്ഥിതിവിശേഷം നേരിടുന്നതിനുവേണ്ടി 'പൊതുരക്ഷാ കമ്മിറ്റി' (Committee of Public Safety) രൂപീകരിച്ചു. ഈ കമ്മിറ്റിയുടെ നേതൃത്വത്തിൽ അതിഭീകരമായ ഭരണമാണ് പാരീസിൽ അരങ്ങേറിയത്. പാരീസ് നഗരത്തിന്റെ ഭരണം ഡാൻടൻ, ഹെബർട്ട്, മരാട്ട്, റോബസ്പിയർ എന്നിവരുടെ കൈകളിലായിരുന്നു.

പ്രഭുക്കൾ, പുരോഹിതർ, രാജാവിനെ അനുകൂലിക്കുന്നവർ എന്നിങ്ങനെ ആയിരക്കണക്കിന് ജനങ്ങളെ ദിനംപ്രതി രാജ്യദ്രോഹികളെന്ന് മുദ്രകുത്തി കാരാഗൃഹത്തിൽ അടച്ചു. ജയിലുകൾ നിറഞ്ഞപ്പോൾ തിരക്ക് കുറയ്ക്കാൻ വേണ്ടി 1500 ഓളം പേരെ പാരീസിലെ തെരുവുകളിൽ വച്ച് കൊലപ്പെടുത്തി. ഇതാണ് കുപ്രസിദ്ധമായ 'സെപ്റ്റംബർ കൂട്ടക്കൊല' (September Massacre) എന്നറിയപ്പെടുന്നത്. ജനങ്ങളെ കൊന്നൊടുക്കാൻ വേണ്ടി നിർമ്മിച്ച പ്രത്യേക യന്ത്രമായിരുന്നു ഗില്ലറ്റിൻ. ഭീകരവാഴ്ചയുടെ കാലത്ത് അനേകായിരങ്ങളുടെ മരണത്തിന് കാരണക്കാരായ റിപ്പബ്ലിക്കിന്റെ നേതാക്കന്മാരും പിന്നീട് ഇതേ രീതിയിൽ ഗില്ലറ്റിനുവിധേയരായി വധിക്കപ്പെട്ടു.

വിപ്ലവകാരികൾ നിലവിലെ കലണ്ടർ ഉപേക്ഷിക്കുകയും പുതിയ വിപ്ലവക്കലണ്ടർ നടപ്പിലാക്കുകയും ചെയ്തു.

### ജാക്കോബിനുകളും ജിറോണ്ടിസ്റ്റുകളും (Jacobins and Girondists)

ഫ്രഞ്ച് വിപ്ലവകാലത്ത് ഉയർന്നുവന്ന ഒരു രാഷ്ട്രീയ, സാമൂഹിക വിഭാഗമായിരുന്നു ജാക്കോബിൻ എന്നറിയപ്പെട്ട സംഘം. ജാക്കോബിൻ കോൺവെന്റിലാണ് ഇവർ ആദ്യകാലത്ത് യോഗം ചേർന്നിരുന്നത്. അതിനാലാണ് ഇവർ ജാക്കോബിനുകൾ എന്നറിയപ്പെട്ടത്. ഈ സംഘത്തിന്റെ ഒരു പ്രധാന നേതാവായിരുന്നു റോബസ്പിയർ. അക്കാലത്തെ ഫ്രഞ്ച് രാഷ്ട്രീയത്തിൽ വലിയ സ്വാധീനം ചെലുത്തിയവരായിരുന്നു ജാക്കോബിനുകൾ.

ഫ്രഞ്ച് വിപ്ലവത്തിൽ പങ്കെടുത്ത മറ്റൊരു പ്രധാന വിഭാഗമായിരുന്നു ജിറോണ്ടിസ്റ്റുകൾ. ഫ്രാൻസിന്റെ തെക്ക് പടിഞ്ഞാറുള്ള ജിറോണ്ട് പ്രദേശത്തുനിന്നും വന്ന ദേശീയ അസംബ്ലിയിലെ അംഗങ്ങളായിരുന്നു ഇവരിൽ ചിലർ. ജാക്കോബിനുകളിൽ നിന്ന് വ്യത്യസ്തമായി ഇവർ മിതവാദനിലപാടുകൾ സ്വീകരിച്ചു. ഭൂവുടമകളും വ്യാപാരികളുമായ ഉന്നതവർഗക്കാരുടെ പ്രതിനിധികളായിരുന്നു ഇവർ.



റോബസ്പിയർ

### വിപ്ലവക്കലണ്ടർ

ഫ്രാൻസിൽ നിലവിലുണ്ടായിരുന്ന ഗ്രിഗോറിയൻ കലണ്ടറിന് പകരമായി 1793 ഒക്ടോബറിൽ നിലവിൽ വന്ന കലണ്ടറാണിത്. വിപ്ലവക്കലണ്ടർ എന്ന പേരിൽ പ്രശസ്തമായ ഈ കലണ്ടർ തുടങ്ങുന്നത് ഫ്രാൻസ് റിപ്പബ്ലിക്കായി മാറിയ 1792 സെപ്റ്റംബർ 22 നാണ്. ഈ കലണ്ടറിൽ ഏഴ് ദിവസങ്ങളുള്ള ആഴ്ചകൾക്കുപകരം പത്ത് ദിവസങ്ങൾ വീതമുള്ള മൂന്ന് ദശകങ്ങളാണ് (Decades) ഉണ്ടായിരുന്നത്. ഈ കലണ്ടർ പൂർണ്ണമായും ഒരു മതേതര കലണ്ടറായിരുന്നു. വിപ്ലവത്തിന്റെ പന്ത്രണ്ടാം വർഷം വരെ (1801) ഈ കലണ്ടറാണ് ഫ്രാൻസിൽ പ്രചാരത്തിലിരുന്നത്.

### ഗില്ലറ്റിൻ (Guillotine)



ഫ്രഞ്ച് വിപ്ലവകാലത്ത് (1789-1799) കൂടുതൽ പേരെ പെട്ടെന്ന് ശിരച്ഛേദം ചെയ്ത് വധിക്കുന്നതിനുവേണ്ടി ഉപയോഗിച്ച ഭയാനകമായ ഉപകരണമാണ് ഗില്ലറ്റിൻ. ഈ ആശയം നിർദേശിച്ച ഡോ. ജോസഫ്-ഇഗ്നാസ് ഗില്ലോട്ടിന്റെ പേരിലാണ് ഇത് അറിയപ്പെടുന്നത്. ലൂയി പതിനാറാമൻ രാജാവിനെയും മാരി അന്റോയിനറ്റ് രാജ്ഞിയെയും ഗില്ലറ്റിൻ ഉപയോഗിച്ചാണ് വധിച്ചത്. ഭീകരവാഴ്ചയുടെ കാലത്ത് വിപ്ലവനേതാവായിരുന്ന റോബസ്പിയറിനെയും ഗില്ലറ്റിന് വിധേയമാക്കി.

## പുതിയ ഭരണഘടന വരുന്നു

ഭീകരവാഴ്ച അവസാനിച്ച ശേഷം 1795 ൽ ഫ്രാൻസിൽ ഒരു പുതിയ ഭരണഘടന നിലവിൽവന്നു. ഇതുപ്രകാരം അഞ്ചംഗങ്ങൾ അടങ്ങിയ സമിതിയാണ് ഭരണം നിർവഹിച്ചത്. ഈ ഭരണസംവിധാനം ഡയറക്ടറി എന്ന് വിളിക്കപ്പെട്ടു. അഴിമതിയും കെടുകാര്യസ്ഥതയും ഡയറക്ടറിയുടെ തകർച്ചയ്ക്ക് കാരണമായിത്തീർന്നു. ജനങ്ങൾ കൂടുതൽ ദാരിദ്ര്യത്തിലേക്ക് നീങ്ങുകയും അവർക്ക് പുതിയ ഗവൺമെന്റിൽ വിശ്വാസം നഷ്ടപ്പെടുകയും ചെയ്തു.

## ഫ്രഞ്ച് വിപ്ലവത്തിന്റെ അനന്തരഫലങ്ങൾ

ഫ്രഞ്ച് വിപ്ലവത്തിന്റെ ഏറ്റവും പ്രകടമായ ഫലം ഫ്രാൻസിലെ ഫ്യൂഡലിസത്തിന്റെ തകർച്ചയാണ്. പഴയ ഭരണത്തിൽ ഉണ്ടായിരുന്ന നിയമങ്ങൾ വിപ്ലവത്തോടെ ഇല്ലാതായി. സഭയുടെ കൈവശമുണ്ടായിരുന്ന ഭൂമി ഇടത്തരക്കാരുടെ കൈവശമായിത്തീർന്നു. പ്രഭുക്കളുടെ ഭൂമി കണ്ടുകെട്ടുകയും അവർക്കുണ്ടായിരുന്ന എല്ലാ തരം ആനുകൂല്യങ്ങളും നിർത്തലാക്കുകയും ചെയ്തു. ഏകീകൃത അളവുതൂക്കസമ്പ്രദായം (മെട്രിക് സമ്പ്രദായം) നടപ്പിലാക്കിയതോടെ അളവുതൂക്കങ്ങളിലെ കൃത്യതയില്ലായ്മ അവസാനിച്ചു.

ആധുനിക ദേശീയത എന്ന ആശയം ഫ്രഞ്ച് വിപ്ലവത്തിന്റെ സംഭാവനയാണ്. ഒരു രാജ്യത്തിന്റെ നിലനില്പ് രാജവംശത്തിലൂടെയല്ലാതെ, ദേശീയ സ്വഭാവത്തിലൂടെ പ്രകടമാകാൻ തുടങ്ങിയത് ഫ്രഞ്ച് വിപ്ലവം മുതലാണ്. രാഷ്ട്രം എന്ന സങ്കല്പം അതിന്റെ പൂർണ്ണമായ അർഥത്തിൽ നിലവിൽ വന്നതും ഫ്രഞ്ച് വിപ്ലവത്തിന് ശേഷമാണ്. ഫ്രാൻസ് എന്നത് ഒരു ഭൂപ്രദേശം മാത്രമല്ല, ഫ്രഞ്ച് ജനത ഒന്നാകെയാണ് എന്ന ആശയം ഇതോടെ പ്രഖ്യാപിക്കപ്പെട്ടു. ദേശീയതയ്ക്കൊപ്പം വളർന്ന മറ്റൊരാശയമാണ് ജനാധിപത്യഭരണക്രമം. ജനങ്ങളുടെ പരമാധികാരം എന്ന റൂസ്സോയുടെ ആശയത്തെ അടിസ്ഥാനമാക്കിയുള്ള ജനായത്തഭരണത്തിന് അടിത്തറയിട്ടതും ഫ്രഞ്ച് വിപ്ലവത്തിന് ശേഷമാണ്. പത്തൊൻപത്, ഇരുപത് നൂറ്റാണ്ടുകളിൽ ഏഷ്യയിലും ആഫ്രിക്കയിലും നടന്ന ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരങ്ങളെയും ഫ്രഞ്ച് വിപ്ലവം സ്വാധീനിച്ചു.

ഫ്രഞ്ച് വിപ്ലവത്തിന്റെ അനന്തരഫലങ്ങൾ ചർച്ച ചെയ്ത് കുറിപ്പെഴുതുക.

## നെപ്പോളിയൻ

> "ഫ്രാൻസിന്റെ കിരീടം അഴുക്കുചാലിൽ കിടക്കുന്നത് ഞാൻ കണ്ടു. ഞാനത് വാളുകൊണ്ടെടുത്ത്, വൃത്തിയാക്കി, എന്റെ തലയിൽ തന്നെ വച്ചു."

ഫ്രാൻസിൽ നിലവിലിരുന്ന ഡയറക്ടറിയെ പുറത്താക്കി അധികാരം പിടിച്ചെടുത്ത നെപ്പോളിയൻ ബോണപ്പാർട്ടിന്റെ വാക്കുകളാണിവ. നെപ്പോളിയന്റെ ഈ വാക്കുകളിൽ നിന്ന് എന്തൊക്കെ കാര്യങ്ങളാണ് മനസ്സിലാക്കാൻ കഴിയുന്നത്? അരാജകത്വത്തിലേക്ക് വഴുതിമാറിയ ഫ്രഞ്ച് സമൂഹത്തെയും തന്റെ കരുത്തുകൊണ്ട് ഫ്രാൻസിന്റെ അധികാരം പിടിച്ചെടുത്തതിനെയുമാണ് നെപ്പോളിയന്റെ ഈ വാക്കുകൾ വ്യക്തമാക്കുന്നത്. ഫ്രഞ്ച് സൈന്യത്തിലെ ബ്രിഗേഡിയർ ജനറലായിരുന്നു നെപ്പോളിയൻ. ഡയറക്ടറിക്കു പകരം മൂന്ന് കോൺസൽമാർ അടങ്ങുന്ന ഒരു പുതിയ ഭരണസംവിധാനം നെപ്പോളിയൻ സ്ഥാപിച്ചു. ഇതിന്റെ ഒന്നാം കോൺസൽ നെപ്പോളിയൻ തന്നെയായിരുന്നു. താമസിയാതെ നെപ്പോളിയൻ ഫ്രാൻസിന്റെ ചക്രവർത്തിയായി സ്വയം അധികാരമേറ്റു. തുടർന്ന് അദ്ദേഹം ഫ്രാൻസിൽ നടപ്പിലാക്കിയ ഭരണപരിഷ്കാരങ്ങൾ എന്തൊക്കെയെന്ന് നോക്കാം.




നെപ്പോളിയൻ ബോണപ്പാർട്ട്

| പരിഷ്കാരങ്ങൾ | മാറ്റങ്ങൾ |
|---|---|
| നിയമപരിഷ്കാരങ്ങൾ | നെപ്പോളിയന്റെ നിയമസംഹിത (Napoleonic Code) ഫ്യൂഡൽ നിയമങ്ങൾ അവസാനിപ്പിക്കുകയും സമത്വവും മതസ്വാതന്ത്ര്യവും അംഗീകരിക്കുകയും ചെയ്തു. |
| കൺകോർഡറ്റ് (നെപ്പോളിയനും പോപ്പും തമ്മിലുണ്ടാക്കിയ കരാർ) | പോപ്പുമായി ഉണ്ടാക്കിയ കരാർ പ്രകാരം കത്തോലിക്കാസഭയുടെ പ്രവർത്തനസ്വാതന്ത്ര്യം പുനഃസ്ഥാപിച്ചു. മറ്റ് മതവിഭാഗങ്ങളിൽപ്പെട്ടവർക്ക് പ്രവർത്തനസ്വാതന്ത്ര്യം അനുവദിച്ചു. |
| വിദ്യാഭ്യാസപരിഷ്കാരങ്ങൾ | വിദ്യാഭ്യാസം സാർവത്രികമാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു. ലിസെയ് (Lycee) എന്ന പേരിൽ സർക്കാർ നിയന്ത്രണത്തിലുള്ള വിദ്യാലയങ്ങൾ സ്ഥാപിച്ചു. സർക്കാർ സർവീസിലേക്കും സൈന്യത്തിലേക്കും ആവശ്യമുള്ള വിദ്യാസമ്പന്നരെ സൃഷ്ടിക്കുകയായിരുന്നു ഇതിന്റെ ലക്ഷ്യം. യൂണിവേഴ്സിറ്റി ഓഫ് ഫ്രാൻസ് എന്ന പേരിൽ ഒരു ദേശീയ സർവകലാശാലാസമ്പ്രദായം ആരംഭിച്ചു. ഈ സംവിധാനത്തിലൂടെ രാജ്യത്തെ വിദ്യാഭ്യാസരംഗത്തെ നിയന്ത്രിച്ചു. |
| സാമ്പത്തികപരിഷ്കാരങ്ങൾ | ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിക്കുകയും ഏകീകൃത കറൻസി സംവിധാനം നടപ്പിലാക്കുകയും ചെയ്തു. |
| സൈനികപരിഷ്കാരങ്ങൾ | സൈന്യത്തെ പല ബറ്റാലിയനുകളാക്കി പുനഃസംഘടിപ്പിച്ചു. |

നെപ്പോളിയന്റെ ഭരണപരിഷ്കാരങ്ങൾ ആധുനിക ഫ്രാൻസിന്റെ രൂപീകരണത്തിന് അടിത്തറപാകി. ഈ പ്രസ്താവന ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

ഫ്രാൻസിന്റെ ശത്രുക്കളെ ഇല്ലാതാക്കുക എന്ന ലക്ഷ്യത്തോടെ നെപ്പോളിയൻ നിരവധി യുദ്ധങ്ങൾ നടത്തി. ഓസ്ട്രിയ, പ്രഷ്യ തുടങ്ങിയ രാജ്യങ്ങളെ അദ്ദേഹം യുദ്ധത്തിൽ പരാജയപ്പെടുത്തി.

നെപ്പോളിയന്റെ മുഖ്യശത്രു ബ്രിട്ടനായിരുന്നു. മികച്ച ഒരു നാവിക ശക്തിയായ ബ്രിട്ടനെ നേരിട്ട് കീഴടക്കാൻ സാധ്യമല്ല എന്നറിയാമായിരുന്ന നെപ്പോളിയൻ ബ്രിട്ടനെ സാമ്പത്തികമായി തകർക്കാനുള്ള പദ്ധതികളാണ് ആവിഷ്കരിച്ചത്. ഇതിനായി ആവിഷ്കരിച്ച പദ്ധതിയായിരുന്നു 'കോണ്ടിനെന്റൽ വ്യവസ്ഥ'. ഇത് പ്രകാരം ഫ്രാൻസിന്റെ അധീനതയിലുള്ളതോ ഫ്രാൻസുമായി സൗഹൃദത്തിലുള്ളതോ ആയ രാജ്യങ്ങളെ ബ്രിട്ടനുമായുള്ള വ്യാപാരത്തിൽ നിന്ന് വിലക്കി. ഇതിൽ പൂർണ്ണവിജയം കൈവരിക്കാൻ നെപ്പോളിയന് കഴിഞ്ഞില്ല. മാത്രമല്ല, ബ്രിട്ടനുമായുള്ള തുടർച്ചയായ യുദ്ധങ്ങളിലേക്കും ഇത് നയിച്ചു. 1815-ൽ നടന്ന വാട്ടർലൂ യുദ്ധത്തിൽ ബ്രിട്ടൻ നെപ്പോളിയനുമേൽ അന്തിമ വിജയംനേടി.




ഭൂപടം 2.2

ഭൂപടം 2.2 നിരീക്ഷിച്ച് നെപ്പോളിയൻ ആധിപത്യം സ്ഥാപിച്ച പ്രദേശങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുക.

## യൂറോപ്പിന്റെ ഭൂപടം മാറ്റി വരയ്ക്കപ്പെടുന്നു

നെപ്പോളിയന്റെ പരാജയത്തിനുശേഷം യൂറോപ്പിലെ രാജ്യങ്ങൾ 1815-ൽ ഓസ്ട്രിയയിലെ വിയന്നയിൽ യോഗം ചേർന്ന് ചില സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടു. ഇത് വിയന്ന സമ്മേളനം എന്നറിയപ്പെടുന്നു. ഈ സമ്മേളനത്തിന് നേതൃത്വം നൽകിയത് ഓസ്ട്രിയൻ ചാൻസലറായിരുന്ന മെറ്റേണിച്ച് ആയിരുന്നു. വിയന്ന സമ്മേളനത്തോടുകൂടി യൂറോപ്പിലെ ഫ്രഞ്ച് മേധാവിത്വം അവസാനിച്ചു.



മെറ്റേണിച്ച്

## വിയന്ന സമ്മേളനത്തിന്റെ പ്രധാന തീരുമാനങ്ങൾ

- യൂറോപ്പിലെ രാജ്യങ്ങളിൽ ഫ്രഞ്ച് വിപ്ലവത്തിന് മുമ്പുള്ള രാജഭരണം പുനഃസ്ഥാപിക്കുക.
- ഫ്രാൻസിൽ ബൂർബൺ രാജഭരണം പുനഃസ്ഥാപിക്കുക.
- ബ്രിട്ടന്റെ നാവികമേധാവിത്വവും റഷ്യയുടെ കിഴക്കൻ യൂറോപ്പിലെ ആധിപത്യവും അംഗീകരിക്കുക.
- മധ്യയൂറോപ്പിൽ ഓസ്ട്രിയയുടെ മേധാവിത്വം അംഗീകരിക്കുക.

### സ്വാതന്ത്ര്യത്തിന്റെ മരം (Tree of Liberty)



അമേരിക്കൻ സ്വാതന്ത്ര്യസമരത്തിലെ ഒരു ആലങ്കാരികപ്രയോഗമായിരുന്നു 'സ്വാതന്ത്ര്യത്തിന്റെ മരം' എന്നത്. ഫ്രാൻസിൽ ഇത് അക്ഷരാർഥത്തിൽ പ്രായോഗികമായി. ഫ്രഞ്ച് വിപ്ലവകാലത്ത് പൊതുസ്ഥലങ്ങളിൽ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി മരങ്ങൾ നട്ടുപിടിപ്പിക്കുകയും അവയിൽ മോചനത്തിന്റെ പ്രതീകമായി കരുതപ്പെട്ടു പോന്നിരുന്ന ചുവന്ന ഫ്രിജിയൻ തൊപ്പികൾ (Red Phrygian Cap) തൂക്കുകയും ചെയ്തിരുന്നു.

ബ്രിട്ടീഷുകാരുമായി നിരന്തരം സംഘർഷങ്ങളിൽ ഏർപ്പെട്ടിരുന്ന മൈസൂർ ഭരണാധികാരിയായിരുന്നു ടിപ്പുസുൽത്താൻ. തലസ്ഥാനമായ ശ്രീരംഗപട്ടണത്ത് അദ്ദേഹം സ്വാതന്ത്ര്യത്തിന്റെ മരം നട്ടു. സ്വാതന്ത്ര്യത്തിന്റെ മരം നട്ടതിലൂടെ ടിപ്പുസുൽത്താൻ ഫ്രഞ്ച് വിപ്ലവാശയങ്ങളോടുള്ള തന്റെ ആഭിമുഖ്യവും ബ്രിട്ടീഷ് വിരോധവും പ്രകടമാക്കി.

ആധുനിക ലോകചരിത്രത്തെ സ്വാധീനിച്ച വിപ്ലവങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഫ്രഞ്ച് വിപ്ലവം. ഫ്രാൻസിലെ സാധാരണക്കാരും മധ്യവർഗവും ചേർന്ന് തങ്ങൾക്ക് നിഷേധിക്കപ്പെട്ട അവകാശങ്ങൾക്കായി നടത്തിയ മുന്നേറ്റമായിരുന്നു ഇത്. ഫ്രഞ്ച് വിപ്ലവം മുന്നോട്ടുവച്ച ആശയങ്ങൾ പിൽക്കാല ലോകത്തെ മുഴുവൻ സ്വാധീനിക്കുകയുണ്ടായി.

## തുടർപ്രവർത്തനം

- ഫ്രഞ്ച് വിപ്ലവത്തിലെ പ്രധാന സംഭവങ്ങൾ വിവരണസഹിതം ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ പ്രസന്റേഷൻ തയ്യാറാക്കുക.
- ഫ്രാൻസിലെ മനുഷ്യാവകാശപ്രഖ്യാപനം പിൽക്കാല സ്വാതന്ത്ര്യസമരങ്ങളെ സ്വാധീനിച്ചതെങ്ങനെയെന്ന് വിലയിരുത്തുക.
- ഫ്രഞ്ച് വിപ്ലവത്തിന്റെ ടൈം ലൈൻ, വിപ്ലവത്തിന്റെ ഓരോഘട്ടത്തിലെയും നേതാക്കൾ, അവരുടെ ആശയങ്ങൾ എന്നിവ ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ പ്രസന്റേഷൻ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.



# 3

# സാമൂഹികവിശകലനം: സമൂഹശാസ്ത്രസങ്കല്പത്തിലൂടെ




മഴക്കാലത്തെക്കുറിച്ചുള്ള അനുഭവം പങ്കുവയ്ക്കുന്നതിനായി ടീച്ചറുടെ നിർദേശാനുസരണം അനു തയ്യാറാക്കിയ കുറിപ്പിലെ ഒരു ഭാഗമാണ് ഇവിടെ നൽകിയിരിക്കുന്നത്. അനുവും കുടുംബവും നേരിടുന്ന ഏതൊക്കെ പ്രശ്നങ്ങളാണ് ഇവിടെ സൂചിപ്പിച്ചിട്ടുള്ളത്?

- മഴക്കാലത്തുണ്ടാകുന്ന തൊഴിൽദൗർലഭ്യം
- 
- 




തന്റെ പ്രശ്നങ്ങൾക്കുകാരണം എന്താണെന്നാണ് അനു ചിന്തിക്കുന്നത്? പണത്തിന്റെ ലഭ്യതക്കുറവ് മാത്രമാണ് തന്റെയും കുടുംബത്തിന്റെയും പ്രശ്നങ്ങൾക്ക് കാരണമായി അനു കണ്ടെത്തുന്നത്. വ്യക്തിപരമായ കാരണങ്ങളാണ് താൻ അനുഭവിക്കുന്ന പ്രശ്നങ്ങൾക്കുപിന്നിൽ എന്നാണ് അനു കരുതുന്നത്. എന്തുകൊണ്ടായിരിക്കാം അനു ഇത്തരത്തിൽ ചിന്തിക്കുന്നത്?

വ്യക്തിപരമായ പ്രശ്നത്തിനുപിന്നിലെ കാരണങ്ങൾ കണ്ടെത്താൻ പലരും ആശ്രയിക്കുന്നത് സാധാരണയായി കാണുന്ന കാര്യങ്ങളെയാണ്. വ്യക്തികൾ തങ്ങളുടെ മുൻകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിലും പ്രശ്നങ്ങളുടെ കാരണം കണ്ടെത്താൻ ശ്രമിക്കും. മറ്റുള്ളവരുമായുള്ള ഇടപെടലുകളിലൂടെ ലഭ്യമാകുന്ന വിവരങ്ങളിലൂടെയും അനുഭവങ്ങളിലൂടെയും ചിലർ വ്യക്തിഗതപ്രശ്നങ്ങളുടെ കാരണങ്ങൾ കണ്ടെത്തും. സാമൂഹീകരണ (Socialisation) പ്രക്രിയയിലൂടെ ലഭിച്ച അറിവുകളും ശീലങ്ങളും ഉപയോഗപ്പെടുത്തിയാണ് ചിലർ വ്യക്തിഗതപ്രശ്നങ്ങളെ പൊതുവിൽ സമീപിക്കാറുള്ളത്. ഇത്തരം സാമാന്യബോധജ്ഞാനത്തിന്റെ (Commonsense Knowledge) അടിസ്ഥാനത്തിലാണ് വ്യക്തികൾ പലപ്പോഴും തങ്ങളുടെ പ്രശ്നങ്ങൾക്കുള്ള കാരണങ്ങൾ കണ്ടെത്തുന്നത്.

## സാമാന്യബോധജ്ഞാനം (Commonsense Knowledge)

വ്യക്തിപരമായ അനുഭവങ്ങൾ, സാമൂഹികഇടപെടലുകൾ, സാംസ്കാരിക അറിവുകൾ എന്നിവയിലൂടെ വ്യക്തികൾ ലോകത്തെക്കുറിച്ച് നേടുന്ന

അടിസ്ഥാന, ദൈനംദിന ധാരണയാണ് സാമാന്യബോധജ്ഞാനം. ഈ അറിവുകൾ ഔപചാരിക അറിവുകളല്ല. മറിച്ച്, അനുമാനങ്ങളോ ദൈനംദിന പ്രായോഗിക അറിവുകളോ ആയിരിക്കും. 'സൂര്യൻ കിഴക്ക് ഉദിച്ച് പടിഞ്ഞാറ് അസ്തമിക്കുന്നു' എന്ന ധാരണ ദൈനംദിന പ്രകൃതി പ്രതിഭാസത്തെക്കുറിച്ചുള്ള ഒരു വ്യക്തിയുടെ അറിവാണ്. അതുപോലെ 'തീയിൽ തൊട്ടാൽ പൊള്ളും' എന്ന അറിവ് തീയുടെ അപകടസാധ്യതയെക്കുറിച്ചുള്ള അടിസ്ഥാന ധാരണയാണ്. ഈ അറിവുകൾ നിരീക്ഷണത്തിലൂടെയും അനുഭവത്തിലൂടെയും സാമൂഹീകരണത്തിലൂടെയും പഠിച്ചെടുക്കുന്നതാണ്.

## സാമാന്യബോധജ്ഞാനവും സാമൂഹികവിശകലനവും (Commonsense Knowledge and Social Analysis)

വ്യക്തികൾക്ക് സാമാന്യബോധജ്ഞാനമുണ്ടാകുന്നത് അവരുടെ ചുറ്റുമുള്ള ലോകത്തെക്കുറിച്ചുള്ള ദൈനംദിന ധാരണകളിലൂടെയും ശീലങ്ങളിലൂടെയും അറിവുകളിലൂടെയുമാണെന്ന് കണ്ടില്ലേ. വഴക്കങ്ങൾ (Norms), ശീലങ്ങൾ, വിശ്വാസങ്ങൾ, വ്യക്തിപരമായ അനുഭവങ്ങൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് ഇത് രൂപം കൊള്ളുന്നത്. പലപ്പോഴും ഇതിനുപിന്നിലെ മറ്റ് വസ്തുതകൾ പരിശോധിക്കപ്പെടാറില്ല. കടബാധ്യത (Indebtedness) എന്ന സാമൂഹികപ്രശ്നമാണ് അനുവും കുടുംബവും നേരിടുന്നത്. ഈ സാമൂഹിക പ്രശ്നത്തെ സാമാന്യബോധജ്ഞാനത്തിലൂടെ മാത്രം വിശകലനം ചെയ്താൽ അതിന് പിന്നിലെ യഥാർഥ കാരണങ്ങളെ പൂർണ്ണമായി കണ്ടെത്താൻ സാധിക്കുമോ?

ഒരു വ്യക്തി ദാരിദ്ര്യമനുഭവിക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയായിരിക്കുമെന്ന് ചിന്തിച്ചുനോക്കൂ. ആ വ്യക്തിയുടെ അലസതയും തൊഴിൽ ചെയ്യാനുള്ള ആഗ്രഹമില്ലായ്മയുമായിരിക്കാം ദാരിദ്ര്യത്തിന് കാരണമെന്ന് മറ്റുള്ളവർ ചിന്തിച്ചേക്കാം. വ്യക്തിപരമായ പരാജയം മാത്രമാണ് ദാരിദ്ര്യത്തിന് കാരണമെന്നാണ് പലരും കരുതുന്നത്. ഇത്തരം അറിവുകൾ രൂപീകൃതമാകുന്നത് സാമാന്യബോധജ്ഞാനത്തിലൂടെയാണ്.

**സാമൂഹികപ്രശ്നം**
(Social Problem)

സമൂഹത്തിലെ വലിയൊരു വിഭാഗം ജനങ്ങളെ ബാധിക്കുന്ന ഒരു പ്രശ്നം അല്ലെങ്കിൽ അവസ്ഥയാണ് സാമൂഹികപ്രശ്നം. ഒരു വ്യക്തിയെയോ ഏതാനും വ്യക്തികളെയോ മാത്രം ബാധിക്കുന്ന പ്രശ്നങ്ങൾ സാമൂഹികപ്രശ്നങ്ങളായി കണക്കാക്കാറില്ല. സമൂഹത്തിന് അഭികാമ്യമല്ലാത്തതോ ഹാനികരമോ ആയി സാമൂഹിക പ്രശ്നത്തെ കണക്കാക്കുന്നു. ദാരിദ്ര്യം, അസമത്വം, വിവേചനം, പരിസരമലിനീകരണം തുടങ്ങിയവയെല്ലാം ഇതിന് ഉദാഹരണങ്ങളാണ്.

സാമാന്യബോധജ്ഞാനം ഉണ്ടാകുന്നത് എങ്ങനെയൊക്കെയാവാം?

- വ്യക്തിഗത അനുഭവങ്ങളിലൂടെ
- പൊതുനിരീക്ഷണങ്ങളിലൂടെ
- 
- 

സാമാന്യബോധജ്ഞാനത്തിലൂടെ ലഭിക്കുന്ന അറിവുകളെ നമ്മുടെ പ്രശ്നപരിഹാരങ്ങൾക്കായി എല്ലായ്പ്പോഴും ആശ്രയിക്കാൻ കഴിയുമോ? എന്തുകൊണ്ട്?

സമൂഹത്തിൽ ചിലയിടങ്ങളിലെങ്കിലും നിലനിൽക്കുന്ന, സാമാന്യബോധ ജ്ഞാനത്തിലൂന്നിയ ചില പ്രസ്താവനകളാണ് ചുവടെ നൽകിയിട്ടുള്ളത്.

1. കാലാവസ്ഥാവ്യതിയാനം സ്വാഭാവികമായി സംഭവിക്കുന്നു. മനുഷ്യരുടെ പ്രവൃത്തികൾക്ക് ഇതിൽ പങ്കില്ല.

2. അധികസമയം പഠനത്തിലേർപ്പെട്ടാൽമാത്രമേ ഉയർന്ന സ്കോർ നേടാൻ സാധിക്കുകയുള്ളൂ.

3. കൗമാരക്കാർ എപ്പോഴും വിമതരും നിരുത്തരവാദ സ്വഭാവമുള്ളവരുമാണ്.

4. വയറുനിറച്ച് ആഹാരം കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണ്.

5. താൽക്കാലിക വീടുകൾ നൽകിയാൽ പാർപ്പിടമില്ലായ്മ പരിഹരിക്കാം.

ഈ പ്രസ്താവനകൾ പൂർണ്ണമായും ശരിയാണോ എന്ന് നമുക്ക് വിശകലനം ചെയ്തുനോക്കാം.

1. കാലാവസ്ഥാവ്യതിയാനം സംഭവിക്കുന്നതിൽ മനുഷ്യർക്ക് പങ്കില്ല എന്ന പ്രസ്താവന ശ്രദ്ധിക്കൂ. കാലാവസ്ഥാവ്യതിയാനം മൂലം ഭൂമിയിൽ എന്തൊക്കെ പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്?

- ആഗോളതാപനം
-
-
-

മനുഷ്യരുടെ എന്തെല്ലാം പ്രവൃത്തികളായിരിക്കാം ആഗോളതാപനത്തിന് കാരണമാകുന്നത്?

- പ്ലാസ്റ്റിക് കത്തിക്കൽ
-
-
-

ഇത്തരം കാര്യങ്ങൾ നിരീക്ഷിക്കുമ്പോൾ കാലാവസ്ഥാവ്യതിയാനത്തിനും ആഗോളതാപനത്തിനുമെല്ലാം പിന്നിൽ മനുഷ്യരുടെ പ്രവൃത്തികൾക്കും പങ്കുണ്ടെന്ന് കാണാൻ സാധിക്കും. അപ്പോൾ കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട പ്രസ്താവന സാമാന്യബോധജ്ഞാനം അടിസ്ഥാനമാക്കിയുള്ളതാണ് എന്നുകാണാം. ഇത്തരത്തിൽ **സാമാന്യബോധജ്ഞാനത്തിലൂടെ ലഭിക്കുന്ന അറിവുകൾ പലപ്പോഴും ഭാഗികമാണ്.**

2 അധികസമയം പഠനത്തിലേർപ്പെട്ടാൽ മാത്രമേ ഉയർന്ന സ്കോർ നേടാൻ സാധിക്കുകയുള്ളൂ എന്ന പ്രസ്താവന ശ്രദ്ധിക്കൂ. ഇതെല്ലാവർക്കും ഒരുപോലെ യാണോ? വ്യക്തിഗതപഠനരീതികളും പഠനശൈലികളും പഠനത്തെ സ്വാധീനിക്കാറില്ലേ? പഠനത്തിന് കൂടുതൽ സമയം ചെലവഴിക്കുന്നതു കൊണ്ടുമാത്രം അത് കാര്യക്ഷമമാകണമെന്നില്ല. പഠനമികവ് നേടാൻ ഇതിനോടൊപ്പം എന്തെല്ലാം കാര്യങ്ങൾ ചെയ്യാം?

- സംഘം ചേർന്ന് പഠിക്കാം
- കൃത്യമായ ഇടവേളകളും വിശ്രമവും എടുത്തുകൊണ്ട് പഠിക്കാം
- 

ആയതിനാൽ അധിക സമയം പഠനത്തിലേർപ്പെട്ടാൽ മാത്രമേ ഉയർന്ന സ്കോർ നേടാൻ സാധിക്കുകയുള്ളൂ എന്ന പ്രസ്താവന കേവലം ഊഹാപോഹങ്ങളിൽ നിന്നോ ശീലങ്ങളിൽ നിന്നോ ഉരുത്തിരിയുന്ന സാമാന്യബോധജ്ഞാനമാണ്. **സാമാന്യബോധജ്ഞാനം ഇങ്ങനെ ഊഹാപോഹങ്ങളെയും ശീലങ്ങളെയും ആശ്രയിക്കുന്നു.**

3 കൗമാരക്കാർ എപ്പോഴും വിമതരും നിരുത്തരവാദ സ്വഭാവമുള്ളവരുമാണ് എന്നതൊരു സാമാന്യവൽക്കരിച്ച വിശ്വാസമാണ്. ഇത്തരം സാമാന്യ വൽക്കരിച്ച വിശ്വാസങ്ങളെയോ ആശയങ്ങളെയോ ആണ് വാർപ്പു മാതൃക (Stereotype) എന്ന പദം കൊണ്ട് അർഥമാക്കുന്നത്. ഇങ്ങനെ നിരീക്ഷിക്കുമ്പോൾ വാർപ്പുമാതൃകയിലൂന്നിയ പ്രസ്താവനയാണിതെന്ന് കാണാം. ഈ വാർപ്പുമാതൃക എല്ലാ കൗമാരക്കാരും നിയമങ്ങൾ അവ ഗണിക്കുന്നവരാണെന്നും ഉത്തരവാദിത്വം പ്രകടിപ്പിക്കാത്തവരാണെന്നു മുള്ള തെറ്റിധാരണയുണ്ടാക്കുന്നു. വാസ്തവത്തിൽ കൗമാരക്കാർ വൈവിധ്യ മാർന്ന ഒരു കൂട്ടമാണ്. പലരും ഉത്തരവാദിത്വബോധവും പരസ്പര ബഹുമാനവും പുലർത്തുന്നവരാണെന്ന് കാണാം. എന്നാൽ ഇത്തരം വാർപ്പുമാതൃകയിലൂന്നിയ പ്രസ്താവനകൾ കൗമാരക്കാരോടുള്ള വിശ്വാസ ക്കുറവിലേക്ക് നയിക്കുന്നു. കൂടാതെ അവരുടെ പെരുമാറ്റത്തെക്കുറിച്ചുള്ള തെറ്റായ അനുമാനങ്ങൾക്കും ഇത് ഇടയാക്കുന്നു. ഇത്തരത്തിൽ **സാമാന്യ ബോധജ്ഞാനം പലപ്പോഴും വാർപ്പുമാതൃകകളെ അടിസ്ഥാനമാക്കുന്നു.**

4 വയറുനിറച്ച് ആഹാരം കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന പ്രസ്താവന സാമാന്യബോധജ്ഞാനത്തിന്റെ ഭാഗമാണ്. പോഷകാ ഹാരങ്ങളെക്കുറിച്ചും ആരോഗ്യത്തെക്കുറിച്ചും വിശദമായി മനസ്സി ലാക്കാതെ ദൈനംദിന നിരീക്ഷണങ്ങളെ മാത്രം അടിസ്ഥാനമാക്കി യാണ് ഇങ്ങനെയുള്ള പ്രസ്താവനകളുണ്ടാകുന്നത്. ഇത്തരത്തിൽ ഒരു ആശയത്തെക്കുറിച്ചുള്ള ഭാഗികധാരണകൾ മാത്രമേ സാമാന്യബോധ ജ്ഞാനം സാധാരണയായി നൽകുന്നുള്ളൂ. **സാമാന്യബോധജ്ഞാനം പലപ്പോഴും ശാസ്ത്രീയമായ നിരീക്ഷണങ്ങളുടെയോ പഠനങ്ങളുടെയോ അടിസ്ഥാനത്തിലല്ല രൂപീകൃതമാകുന്നത്.**

5 പാർപ്പിടമില്ലായ്മ എന്ന പ്രശ്നത്തെ സാമാന്യബോധജ്ഞാനത്തിലൂടെ സമീപിച്ച് നോക്കൂ. അതൊരു വ്യക്തിഗതതിരഞ്ഞെടുപ്പ് (Personal Choice) മാത്രമായോ സ്ഥിരമായ പാർപ്പിടം ഉറപ്പാക്കാൻ ശ്രമിക്കാത്തത് മൂലമുള്ള പ്രശ്നമായോ ചിലർ ചിന്തിച്ചേക്കാം. അങ്ങനെ ചിന്തിക്കുന്നവർ താൽക്കാലികമായ സുരക്ഷയോ പാർപ്പിടങ്ങളോ തൊഴിൽപരിശീലനമോ നൽകി ഈ പ്രശ്നത്തെ ശാശ്വതമായി പരിഹരിക്കാമെന്ന് വിചാരിച്ചേക്കാം. എന്നാൽ പാർപ്പിടമില്ലായ്മ എന്ന പ്രശ്നത്തിനുപിന്നിൽ മറ്റ് കാരണങ്ങളില്ലേ. അവ എന്തൊക്കെയായിരിക്കാം?

- സാമ്പത്തിക അസ്ഥിരത
- തൊഴിലില്ലായ്മ
- 
- 

സാമാന്യബോധജ്ഞാനം പ്രശ്നങ്ങളുടെ യഥാർഥ കാരണങ്ങളെ പൂർണ്ണമായും കണ്ടെത്തുന്നതിൽ പലപ്പോഴും പരാജയപ്പെടുന്നു. മേൽ സൂചിപ്പിച്ച അഞ്ച് പ്രസ്താവനകളിലും പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളെല്ലാം തന്നെ സങ്കീർണ്ണമായ സാമൂഹികപ്രശ്നങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കാണാം. **സാമാന്യബോധജ്ഞാനം ഉപയോഗിച്ച് വ്യക്തിഗത പ്രശ്നങ്ങളെയോ സങ്കീർണ്ണമായ സാമൂഹികപ്രശ്നങ്ങളെയോ പൂർണ്ണമായി മനസ്സിലാക്കാൻ കഴിയില്ല.**

**സാമാന്യ ബോധജ്ഞാനത്തിന്റെ പരിമിതികൾ**

- ശീലങ്ങളെയോ ഊഹാപോഹങ്ങളെയോ ആശ്രയിക്കുന്നു.
- വാർപ്പുമാതൃകകളെ അടിസ്ഥാനമാക്കുന്നു.
- ശാസ്ത്രീയമായ നിരീക്ഷണങ്ങളുടെയോ പഠനങ്ങളുടെയോ അടിസ്ഥാനമില്ല.
- സങ്കീർണ്ണമായ സാമൂഹികപ്രശ്നങ്ങളെ മനസ്സിലാക്കാൻ കഴിയില്ല.
- ഭാഗികമായ അറിവുകൾ മാത്രം നൽകുന്നു.

സാമാന്യബോധജ്ഞാനത്തിന് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി അതിലൂടെ നേടുന്ന അറിവുകളുടെ പരിമിതികളെക്കുറിച്ച് ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കൂ.

വ്യക്തിപരമായ പ്രശ്നങ്ങളെയും സാമൂഹികപ്രശ്നങ്ങളെയും സാമാന്യബോധ ജ്ഞാനത്തിലൂടെ മാത്രം സമീപിച്ചാൽ അവയുടെ ശരിയായ പരിഹാരങ്ങളെക്കുറിച്ചുള്ള പൂർണ്ണമായ അറിവ് ലഭിക്കില്ല. അനു തന്റെ അനുഭവക്കുറിപ്പിൽ പ്രശ്നങ്ങളുടെ കാരണത്തെക്കുറിച്ച് ചിന്തിച്ചത് സാമാന്യബോധജ്ഞാനത്തെ മാത്രം അടിസ്ഥാനമാക്കിയാണ് എന്നുകാണാം.

താനും കുടുംബവും നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി ചിന്തിച്ച അനുവിന് അവയ്ക്ക് കാരണമായി തോന്നിയത് പണത്തിന്റെ കുറവ് മാത്രമാണ്. എന്നാൽ അനുവിന്റെ പ്രശ്നങ്ങൾക്ക് കാരണമാകാവുന്ന മറ്റ് ധാരാളം ഘടകങ്ങളില്ലേ. അവ ഏതൊക്കെയാണ്?



| പ്രശ്നങ്ങൾ | ഘടകങ്ങൾ |
| --- | --- |
| അനുവിന്റെ കുടുംബത്തിന് സ്ഥിരമായ വരുമാനസ്രോതസ്സുകളില്ല. | സാമ്പത്തികം |
| കാലാവസ്ഥ മാറുന്നതനുസരിച്ച് വരുമാനം വ്യത്യാസപ്പെടുന്നു. | പാരിസ്ഥിതികം |
| മഴക്കാലത്തുള്ള തൊഴിലില്ലായ്മ (ബദൽ സംവിധാനമൊരുക്കി സാമ്പത്തിക പ്രശ്നം പരിഹരിക്കാൻ ഇടപെടുന്നതിൽ ഭരണകൂടത്തിന്റെ പരിമിതി) | ഭരണപരം |
| വിഭിന്ന ഭൂമിശാസ്ത്രമേഖലകളിൽ ജീവിക്കുന്നവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ. | ഭൂമിശാസ്ത്രപരമായ അസമാനതകൾ |

ഇവിടെ സാമ്പത്തികം, പാരിസ്ഥിതികം, ഭരണപരം, ഭൂമിശാസ്ത്രപരമായ അസമാനതകൾ തുടങ്ങിയ ഘടകങ്ങൾ അനുവിന്റെ കുടുംബത്തിന്റെ പ്രശ്നത്തിന് കാരണമാകുന്നു എന്ന് കാണാം. പണത്തിന്റെ ദൗർലഭ്യം മാത്രമല്ല അനുവിന്റെ പ്രശ്നങ്ങൾക്ക് പിന്നിലെ കാരണങ്ങളെന്നും നിരവധിയായ മറ്റ് സാമൂഹികഘടകങ്ങൾ കൂടി അതിന് പിന്നിലുണ്ടെന്നും നിങ്ങൾ ശ്രദ്ധിച്ചില്ലേ.


### സാമൂഹികഘടകങ്ങൾ (Social Factors)


വ്യക്തികളുടെ പെരുമാറ്റം, മനോഭാവം, അവസരങ്ങൾ, തിരഞ്ഞെടുപ്പ് തുടങ്ങിയവയെ സ്വാധീനിക്കുന്ന സമൂഹത്തിന്റെ വിവിധ ഘടകങ്ങൾ ഉൾക്കൊള്ളുന്നതാണ് സാമൂഹികഘടകങ്ങൾ. കുടുംബം, വിദ്യാഭ്യാസം, സമപ്രായസംഘങ്ങൾ, മതം, ജാതിവ്യവസ്ഥ, സാമ്പത്തികനില, പരിസ്ഥിതി, സാംസ്കാരികവഴക്കങ്ങൾ, മൂല്യങ്ങൾ, ഭരണസംവിധാനങ്ങൾ, രാഷ്ട്രീയം, സാങ്കേതികവിദ്യ, മാധ്യമങ്ങൾ തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

അനുവിന്റെ വ്യക്തിപരമായ പ്രശ്നം ഒരു സാമൂഹികപ്രശ്നം കൂടിയാണ് എന്ന് നമുക്കിവിടെ കാണാൻ കഴിയും. ഏതൊരു വ്യക്തിപരമായ പ്രശ്നത്തിന് പിന്നിലും സാമൂഹികമായ ഘടകങ്ങളുടെ സ്വാധീനമുണ്ടായിരിക്കും. അവയെ തിരിച്ചറിഞ്ഞ് പ്രശ്നങ്ങളുടെ കാരണങ്ങൾ കണ്ടെത്തിയാൽ മാത്രമേ നമുക്ക് വ്യക്തിഗതപ്രശ്നങ്ങളും അവയുടെ കാരണങ്ങളും കൂടുതൽ ആഴത്തിലും വ്യാപ്തിയിലും മനസ്സിലാക്കാൻ കഴിയൂ. നിങ്ങൾക്ക് സമീപകാലത്തുണ്ടായ ഒരു വ്യക്തിഗതപ്രശ്നം കുറിക്കുക. അവയെ സ്വാധീനിക്കുന്ന സാമൂഹികഘടകങ്ങൾ എന്തൊക്കെയാണെന്ന് രേഖപ്പെടുത്തൂ.

ചിത്രങ്ങൾ നിരീക്ഷിക്കുക.





ഈ ചിത്രങ്ങൾ ഓരോന്നിലും നിരീക്ഷിക്കാൻ സാധിക്കുന്ന വ്യക്തിഗതപ്രശ്നങ്ങളും അവയെ സ്വാധീനിക്കുന്ന സാമൂഹികഘടകങ്ങളും പട്ടികയിൽ രേഖപ്പെടുത്തുക.

| ക്രമ നം. | വ്യക്തിഗതപ്രശ്നങ്ങൾ | സാമൂഹികഘടകങ്ങൾ |
|---|---|---|
| 1 | | |
| 2 | | |
| 3 | | |

വ്യക്തിഗതപ്രശ്നങ്ങൾക്ക് പിന്നിൽ നിരവധി സാമൂഹികഘടകങ്ങൾ കൂടി ഉണ്ടെന്ന് കണ്ടെത്തിയില്ലേ. ഈ ഘടകങ്ങളെ വിശകലനം ചെയ്യുന്നതിലൂടെ സാമൂഹികപ്രശ്നങ്ങളുടെ കാര്യ-കാരണ ബന്ധങ്ങളും (cause-effect relationships) പ്രത്യാഘാതങ്ങളും (Consequences) തിരിച്ചറിയാൻ നമുക്ക് സാധിക്കുന്നു. ഇങ്ങനെ നിരീക്ഷിക്കുമ്പോൾ വ്യക്തിഗതപ്രശ്നങ്ങൾ വിശാലമായ സാമൂഹിക ഘടനകളുമായി (Social Structure) ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കാണാം.

സാമൂഹികബന്ധങ്ങൾ, സാമൂഹികസ്ഥാപനങ്ങൾ, സാമൂഹികഘടനകൾ, സാമൂഹികപ്രശ്നങ്ങൾ എന്നിവ വ്യക്തികളെയും സമൂഹത്തെയും എങ്ങനെ യെല്ലാം ബാധിക്കുന്നുവെന്ന് പരിശോധിക്കുന്ന പ്രക്രിയയാണ് **സാമൂഹിക വിശകലനം** (Social Analysis). സാമൂഹികവിശകലനത്തിലൂടെ വിവിധ സാമൂഹിക സാഹചര്യങ്ങളെ സ്വാധീനിക്കുന്ന ഘടകങ്ങളെക്കുറിച്ച് ആഴ ത്തിലുള്ള അവബോധം വളർത്തുന്നതിനും അവ മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശം നൽകുന്നതിനും സാധിക്കുന്നു.

## സമൂഹശാസ്ത്രം (Sociology)

സമൂഹത്തെക്കുറിച്ചുള്ള ശാസ്ത്രീയപഠനമാണ് സമൂഹശാസ്ത്രം. സമൂഹശാസ്ത്രത്തിന് സമൂഹത്തിലെ ബന്ധങ്ങളെയും സാമൂഹികസ്ഥാപനങ്ങളെയും ഘടനകളെയും നിരീക്ഷിക്കാനും വിശകലനം ചെയ്യാനും വ്യാഖ്യാനിക്കാനും സാധിക്കുന്നു. സമൂഹശാസ്ത്രത്തിന്റെ ആദ്യകാല ചിന്തകരിൽ പ്രമുഖരായിരുന്നു കാൾ മാർക്സ്, എമിൽ ദുർഖീം, മാക്സ് വെബർ തുടങ്ങിയവർ. സാമൂഹികവിശകലനത്തിനായി സമൂഹശാസ്ത്രത്തിൽ ഉപയോഗിക്കുന്ന ചില പ്രധാന സങ്കല്പനങ്ങളാണ് **സാമൂഹികബന്ധങ്ങൾ (Social Relationships)**, **സാമൂഹികസ്ഥാപനങ്ങൾ (Social Institutions)** **സാമൂഹികഘടന (Social Structure)** തുടങ്ങിയവ.

സമൂഹത്തിൽ വ്യക്തികൾ പരസ്പരം രൂപപ്പെടുത്തുന്ന ബന്ധങ്ങൾ, ഇടപെടലുകൾ എന്നിവയാണ് **സാമൂഹികബന്ധങ്ങൾ** എന്നതുകൊണ്ടർഥമാക്കുന്നത്. സാമൂഹികബന്ധങ്ങളുടെ അടിസ്ഥാനം സാമൂഹികഘടനയും സാമൂഹികസ്ഥാപനങ്ങളുമാണ്. ഒരു സാമൂഹികസ്ഥാപനമെന്ന നിലയിൽ കുടുംബത്തിലെ അംഗങ്ങളുടെ സഹകരണം, കരുതൽ, വാത്സല്യം തുടങ്ങിയവയും കൂട്ടുകാരുമായുള്ള സൗഹൃദങ്ങളിലൂടെ ലഭിക്കുന്ന ആഴമേറിയ ബന്ധങ്ങൾ, സമ്പർക്കങ്ങൾ, കൂട്ടായ്മ എന്നിവയുമെല്ലാം സാമൂഹികബന്ധങ്ങൾക്ക് ഉദാഹരണങ്ങളാണ്.

സാമൂഹികബന്ധങ്ങളെ സുസ്ഥിരമാക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനായി സമൂഹം സ്ഥാപിക്കുന്ന ക്രമങ്ങളുടെ ചട്ടക്കൂടാണ് **സാമൂഹികസ്ഥാപനങ്ങൾ.** ഇവ സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ വിശദീകരിക്കുന്നതോടൊപ്പം നമ്മുടെ പ്രവൃത്തികളെയും പ്രവർത്തനരീതിയെയും ക്രമപ്പെടുത്തുകയും രൂപപ്പെടുത്തുകയും ചെയ്യുന്നു. അതോടൊപ്പം പൊതുവായി അംഗീകരിക്കപ്പെട്ട മൂല്യങ്ങൾ സ്വാംശീകരിച്ച് അത് വ്യക്തികളുടെ പ്രവർത്തനങ്ങളിൽ പ്രതിഫലിപ്പിക്കുകയും സമൂഹത്തെ പുരോഗതിയിലേക്ക് നയിക്കുകയും ചെയ്യുന്നു. കുടുംബം, വിവാഹം, മതം, രാഷ്ട്രീയസ്ഥാപനങ്ങൾ, സാമ്പത്തികസ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, നീതിന്യായസ്ഥാപനങ്ങൾ തുടങ്ങിയവ ഇതിനുദാഹരണങ്ങളാണ്.

വ്യക്തികൾക്ക് സമൂഹത്തിലുള്ള സ്ഥാനം (Status), പങ്ക് (Role), നിലനില്പ്, ഉത്തരവാദിത്വം തുടങ്ങിയവയെ വിശദീകരിക്കുകയും പ്രാവർത്തികമാക്കുകയും ചെയ്യുന്നത് **സാമൂഹികഘടന**യാണ്. സമൂഹത്തിലെ വഴക്കങ്ങൾ (Norms), ചട്ടങ്ങൾ തുടങ്ങിയവ ഇതിന് ഉദാഹരണങ്ങളാണ്. സമൂഹത്തിന് ക്രമവും സ്ഥിരതയും നൽകാൻ ഇവ സഹായിക്കുന്നു.

അനു അനുഭവിക്കുന്ന പ്രശ്നത്തിന്റെ വിവിധഘടകങ്ങൾ വിശാലമായ സാമൂഹികഘടനകളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ശ്രദ്ധിച്ചില്ലേ. ഇങ്ങനെ വ്യക്തിഗതപ്രശ്നങ്ങൾ വിശാലമായ സാമൂഹികഘടനകളുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കണ്ടെത്തി വിശകലനം ചെയ്യാനുള്ള നൈപുണിയാണ് **സമൂഹശാസ്ത്രസങ്കല്പം** (Sociological Imagination). അമേരിക്കൻ സമൂഹശാസ്ത്രജ്ഞനായ ചാൾസ് റൈറ്റ് മിൽസ് 1959ൽ രചിച്ച 'ദി സോഷ്യോളജിക്കൽ ഇമാജിനേഷൻ' (The Sociological Imagination) എന്ന പുസ്തകത്തിലാണ് സമൂഹശാസ്ത്രസങ്കല്പം എന്ന സങ്കല്പനം ആദ്യമായി അവതരിപ്പിക്കപ്പെടുന്നത്. വ്യക്തിഗതപ്രശ്നങ്ങളെ വിശാലമായ സാമൂഹികഘടനയുടെ ഭാഗമായി കാണാൻ സഹായിക്കുന്ന ഒരു നൈപുണിയായിട്ടാണ് അദ്ദേഹം ഈ സങ്കല്പനം മുന്നോട്ടുവച്ചത്. വ്യക്തിഗതപ്രശ്നങ്ങളും അവയുടെ കാരണങ്ങളും അടയാളപ്പെടുത്തുകയും അതിനെ വിശാലമായ നിരീക്ഷണത്തിനും വിശകലനത്തിനും വിധേയമാക്കി വിശദീകരിക്കുകയും ചെയ്യുന്ന രീതിയാണ് സമൂഹശാസ്ത്രസങ്കല്പം വിഭാവനം ചെയ്യുന്നത്.



ചാൾസ് റൈറ്റ് മിൽസ്

## സമൂഹശാസ്ത്രസങ്കല്പവും സാമൂഹികവിശകലനവും (Sociological Imagination and Social Analysis)

എല്ലാ വ്യക്തിഗതപ്രശ്നങ്ങൾക്ക് പിന്നിലുള്ള സാമൂഹിക കാരണങ്ങളെയും സമൂഹശാസ്ത്രസങ്കല്പത്തിലൂടെ (Sociological Imagination) കണ്ടെത്താൻ കഴിയും. സാമൂഹികഘടനകൾ എങ്ങനെയാണ് നമ്മുടെയും മറ്റുള്ളവരുടെയും ജീവിതത്തെ സ്വാധീനിക്കുന്നത് എന്ന് മനസ്സിലാക്കാൻ സമൂഹശാസ്ത്രസങ്കല്പം സഹായിക്കുന്നു. വ്യക്തികളെ അവരുടെ വ്യക്തിപരമായ സാഹചര്യങ്ങളിൽ നിന്ന് പുറത്ത് കടക്കാനും വിശാലമായ സാമൂഹികഘടനകളുടെ പശ്ചാത്തലത്തിൽ സ്വന്തം അനുഭവങ്ങളെയും ജീവിതാവസ്ഥയെയും നോക്കിക്കാണാനും സമൂഹശാസ്ത്രസങ്കല്പം പ്രാപ്തരാക്കുന്നു. സമൂഹശാസ്ത്രസങ്കല്പത്തിന്റെ പ്രത്യേകതകൾ ഓരോന്നായി പരിശോധിക്കാം.

### 1. വ്യക്തിഗതവീക്ഷണത്തെ വിശാലമാക്കുന്നു

ചിത്രം നിരീക്ഷിക്കൂ



ഒരാൾ വാഹനാപകടത്തിൽപ്പെടുന്നത് അയാളുടെ ശ്രദ്ധയില്ലായ്മകൊണ്ട് മാത്രമാണോ? മറ്റ് കാരണങ്ങൾ അതിനുപിന്നിൽ ഉണ്ടാവില്ലേ. എന്തൊക്കെയാണവ?


• •

ട്രാഫിക് നിയമലംഘനം, വാഹനപ്പെരുപ്പം, ജനസംഖ്യയ്ക്കനുസൃതമായ സഞ്ചാരസൗകര്യമില്ലായ്മ, ട്രാഫിക്നിയമങ്ങളുമായി ബന്ധപ്പെട്ട നിയമസംവിധാനത്തിന്റെ വീഴ്ച, റോഡുകളുടെ അശാസ്ത്രീയ നിർമ്മാണരീതി തുടങ്ങി പല ഘടകങ്ങളും ഇതിനുപിന്നിലുണ്ട് എന്ന് സമൂഹശാസ്ത്രസങ്കല്പത്തിലൂടെ കണ്ടെത്താൻ കഴിയുന്നു.

വ്യക്തിഗതപ്രശ്നങ്ങളെ മറ്റ് സാമൂഹികഘടകങ്ങൾ എങ്ങനെ സ്വാധീനിക്കുമെന്ന് തിരിച്ചറിയുന്നതിനും അതിലൂടെ വ്യക്തിഗതവീക്ഷണത്തെ വിശാലമാക്കുന്നതിനും സമൂഹശാസ്ത്രസങ്കല്പത്തിലൂടെ സാധിക്കുന്നു.

### ആത്മഹത്യാനിരക്കും സമൂഹവും (Suicide Rate and Society)

ആത്മഹത്യയെ വ്യക്തിപരമായ കാര്യം മാത്രമായി കണ്ടിരുന്ന കാലത്താണ് സമൂഹശാസ്ത്രത്തിന് അടിത്തറയിട്ടവരിൽ പ്രധാനിയായ എമിൽ ദുർഖീം അതിനുപിന്നിലെ സാമൂഹികകാരണങ്ങൾ പഠിക്കാൻ തീരുമാനിച്ചത്. തന്റെ പഠനത്തിലൂടെ ആത്മഹത്യകൾക്ക് പിന്നിൽ വ്യക്തിപരമായ കാരണങ്ങളേക്കാൾ ഉപരി സാമൂഹികകാരണങ്ങൾ ഉണ്ടെന്ന് അദ്ദേഹം കണ്ടെത്തി. 1897ൽ പ്രസിദ്ധീകരിച്ച 'സൂയിസൈഡ്' (Suicide) എന്ന പുസ്തകത്തിലാണ് അദ്ദേഹം തന്റെ കണ്ടെത്തലുകൾ അവതരിപ്പിച്ചത്.



എമിൽ ദുർഖീം (1858-1917)

## 2. സാമൂഹികപ്രശ്നങ്ങളെ ആഴത്തിൽ മനസ്സിലാക്കുന്നു

പട്ടിക പരിശോധിക്കൂ.

### ലിംഗപദവി അനുസരിച്ചുള്ള ഇന്ത്യയിലെ തൊഴിൽ പങ്കാളിത്തനിരക്ക് 2017-2023

| വർഷം | തൊഴിൽ പങ്കാളിത്തനിരക്ക് | |
|---|---|---|
| | പുരുഷൻ | സ്ത്രീ |
| 2017-2018 | 75.1 | 21.1 |
| 2018-2019 | 74.9 | 21.6 |
| 2019-2020 | 75.8 | 26.3 |
| 2020-2021 | 75.8 | 27.5 |
| 2021-2022 | 75.9 | 27.2 |
| 2022-2023 | 77.4 | 31.6 |

*അവലംബം: പീരിയോഡിക് ലേബർഫോഴ്സ് സർവെ റിപ്പോർട്ട്, മിനിസ്ട്രി ഓഫ് സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്രോഗ്രാം ഇംപ്ലിമെന്റേഷൻ*

2017 മുതൽ 2023 വരെയുള്ള കാലഘട്ടത്തിലെ ലിംഗപദവി (Gender) അനുസരിച്ചുള്ള ഇന്ത്യയിലെ തൊഴിൽ പങ്കാളിത്തനിരക്കാണ് പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ളത്. ഒരു പ്രദേശത്തെ സാമ്പത്തികപുരോഗതിയെ സ്വാധീനിക്കുന്ന പ്രധാനഘടകമാണ് തൊഴിൽപങ്കാളിത്തം. വിവിധ വർഷങ്ങളിൽ സ്ത്രീകളുടെയും പുരുഷന്മാരുടെയും തൊഴിൽ പങ്കാളിത്തനിരക്കുകൾ തമ്മിലുള്ള വിടവ് (Gap) ശ്രദ്ധിച്ചില്ലേ.

തൊഴിൽരംഗത്ത് സ്ത്രീകളുടെ എണ്ണം കുറയാൻ കാരണം അവർ മുന്നോട്ട് വരാത്തതാണെന്ന സാമാന്യബോധജ്ഞാനത്തിനപ്പുറത്ത് മറ്റ് ഘടകങ്ങൾ കൂടി ഉണ്ടെന്ന് ചിന്തിക്കാൻ സമൂഹശാസ്ത്രസങ്കല്പം സഹായിക്കുന്നു. തൊഴിലിടങ്ങളിൽ സ്ത്രീകളുടെ എണ്ണം കുറവായതെന്തുകൊണ്ടെന്ന് പരിശോധിച്ചാൽ ലിംഗപദവിയുമായി ബന്ധപ്പെട്ട അനേകം സാമൂഹികഘടകങ്ങൾ അതിന് കാരണമായുണ്ടെന്ന് കണ്ടെത്താൻ കഴിയും.

ചില സമൂഹങ്ങൾ 'പുരുഷന്മാർ' കുടുംബത്തെ മുഴുവൻ പോറ്റേണ്ട ഉത്തരവാദിത്വമുള്ളവരായി പ്രതീക്ഷിക്കുന്നു. കുടുംബത്തെ പരിപാലിക്കേണ്ട വരാണ് 'സ്ത്രീകളെ'ന്നും അതോടൊപ്പം കണക്കാക്കുന്നു. സ്ത്രീകളുടെ തൊഴിലവസരങ്ങളെ പരിമിതപ്പെടുത്തുന്ന, ലിംഗപദവി അടിസ്ഥാനപ്പെടുത്തിയുള്ള വഴക്കമാണിത് (Gender norms). ഇതുകാരണം സ്ത്രീകൾക്ക് വരുമാനമുള്ള തൊഴിൽ ചെയ്യാൻ സാധിക്കുന്നില്ല. സ്ത്രീകളുടെ സാമ്പത്തികപിന്നാക്കാവസ്ഥയ്ക്ക് ഇത് കാരണമാകുന്നു. ചില സമൂഹങ്ങളിൽ ആൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം കൂടുതൽ ലഭിക്കുകയും പെൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള അവസരം കുറയുകയും ചെയ്യുന്നുണ്ട്. ഇത് സ്ത്രീകളുടെ വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയ്ക്കും അതുവഴി തൊഴിൽപങ്കാളിത്തത്തിൽ കുറവ് സംഭവിക്കുന്നതിനും കാരണമാകുന്നു. തൊഴിൽപങ്കാളിത്തത്തിലെ ലിംഗപദവി വിടവിന് കാരണം പരിശോധിച്ചാൽ ഇത്തരത്തിലുള്ള നിരവധി സാംസ്കാരിക-സാമ്പത്തിക-വിദ്യാഭ്യാസ പരമായ ഘടകങ്ങളെ സമൂഹശാസ്ത്ര സങ്കല്പത്തിലൂടെ കണ്ടെത്താൻ കഴിയും.

വ്യക്തിഗതപ്രശ്നങ്ങളുടെ സാമൂഹികബന്ധത്തെക്കുറിച്ച് ചിന്തിക്കാൻ മാത്രമല്ല, സാമൂഹികപ്രശ്നങ്ങളെക്കുറിച്ച് ആഴത്തിൽ മനസ്സിലാക്കാനും സമൂഹശാസ്ത്ര സങ്കല്പം പ്രയോജനപ്പെടുന്നു.

### 3. സ്വയംപ്രതിഫലനം സാധ്യമാക്കുന്നു

ഇഷാൻ എന്ന വ്യക്തി താൻ പഠിച്ച സ്കൂളിലെ പൂർവവിദ്യാർഥി സംഗമത്തിൽ പങ്കെടുക്കാൻ എത്തിയപ്പോൾ സംസാരിച്ച വാക്കുകൾ ശ്രദ്ധിക്കൂ.



"ഞാൻ ഒരു എഞ്ചിനീയറായിരുന്നു. ചെറുപ്പത്തിൽ എന്റെ ആഗ്രഹം ഒരു ചിത്രകാരനാകണമെന്നായിരുന്നു. പക്ഷേ എന്റെ മാതാപിതാക്കൾക്കോ അധ്യാപകർക്കോ ഞാൻ ചിത്രരചന ഒരു ജോലിയായി സ്വീകരിക്കുന്നതിന് താൽപര്യമുണ്ടായിരുന്നില്ല. ക്രമേണ ഞാനും അങ്ങനെ തന്നെ ചിന്തിച്ച് ഒരു എഞ്ചിനീയറാകാൻ തീരുമാനിച്ചു. എന്റെ ഇഷ്ടപ്രകാരമായിരുന്നു ഞാൻ എഞ്ചിനീയറായത് എന്ന ധാരണയായിരുന്നു എനിക്ക് ഉണ്ടായിരുന്നത്. എങ്കിലും ഞാനതിൽ തൃപ്തനായിരുന്നില്ല. ആഴത്തിൽ ചിന്തിച്ചപ്പോൾ ഞാൻ എഞ്ചിനീയറായത് എന്റെ മാത്രം തീരുമാനത്തിലല്ല എന്ന് എനിക്ക് മനസ്സിലായി. മാതാപിതാക്കൾ, അധ്യാപകർ, കൂട്ടുകാർ, അങ്ങനെ പലരുടേയും അഭിപ്രായം എന്നെ സ്വാധീനിച്ചിരുന്നു. ഇപ്പോൾ എഞ്ചിനീയർ ജോലിയിൽ നിന്ന് വിരമിച്ച് ഞാൻ ചിത്രരചനയിലേക്ക് കടന്നിരിക്കുന്നു. ഞാൻ സന്തോഷവാനാണ്."

ഇഷാൻ എഞ്ചിനീയറിങ് ജോലി തിരഞ്ഞെടുത്തതിനു പിന്നിൽ ആരുടെയൊക്കെ സ്വാധീനം കൂടി ഉണ്ടായിരുന്നുവെന്നാണ് കണ്ടെത്തുന്നത്?

- മാതാപിതാക്കൾ
- 
- 

തന്റെ തീരുമാനത്തെക്കുറിച്ച് വിമർശനാത്മകമായി വിലയിരുത്തിയപ്പോഴാണ് ഇഷാന് ഈ കണ്ടെത്തൽ നടത്താൻ കഴിഞ്ഞത്. സ്വന്തം ചിന്തകളെയും പ്രവൃത്തികളെയും വിമർശനാത്മകമായി വിലയിരുത്താനുള്ള നൈപുണിയാണ് സ്വയംപ്രതിഫലനം (Self-reflexivity). സ്വയംപ്രതിഫലനം നടത്തിയപ്പോഴാണ് ഇഷാന് ഈ തിരിച്ചറിവ് ലഭിച്ചത്.

വ്യക്തിപരമായ പ്രശ്നങ്ങൾക്കുപിന്നിലെ സാമൂഹികഘടകങ്ങളെ മനസ്സിലാക്കുന്നതിനൊപ്പം ഓരോ വ്യക്തിക്കും അവരവരെക്കുറിച്ചുതന്നെ ആഴത്തിൽ തിരിച്ചറിയാനും സ്വയംപ്രതിഫലനം നടത്താനും സമൂഹശാസ്ത്രസങ്കല്പം സഹായിക്കുന്നു.

വ്യക്തിഗതമായ പ്രശ്നങ്ങൾക്കുപിന്നിലെ സാമൂഹികകാരണങ്ങളെ സ്വയംപ്രതിഫലനത്തിലൂടെ നമ്മൾ തിരിച്ചറിയുന്നു. ഇത് സാമാന്യബോധജ്ഞാനത്തിന്റെ പരിമിതിയിൽ നിന്ന് മാറിയുള്ള വിശാലമായ വിലയിരുത്തലുകൾക്ക് സഹായിക്കും. ഇത്തരത്തിൽ വ്യക്തിതലത്തിലും സാമൂഹികതലത്തിലും സമൂഹശാസ്ത്രസങ്കല്പം ഒരുപോലെ നേട്ടമുണ്ടാക്കുന്നു.

### 4. അനുതാപവും സഹിഷ്ണുതയും വളർത്തുന്നു



നിങ്ങളുടെ ക്ലാസിലെ ഒരു കുട്ടിക്ക് പരീക്ഷകൾക്ക് സ്ഥിരമായി കുറഞ്ഞ സ്കോർ ലഭിക്കുന്നുവെന്നും പഠനകാര്യങ്ങളിൽ ആ കുട്ടി വേണ്ട രീതിയിൽ ഇടപെടുന്നില്ലെന്നും വിചാരിക്കുക. അതിനുള്ള കാരണങ്ങളെക്കുറിച്ച് സാമാന്യബോധജ്ഞാനത്തിൽ ചിന്തിക്കുമ്പോൾ നിങ്ങൾ എത്താൻ സാധ്യതയുള്ള നിഗമനങ്ങൾ എന്തൊക്കെയാണ്?

- അലസതയായിരിക്കാം
- 
- 

എന്നാൽ സമൂഹശാസ്ത്രസങ്കല്പത്തിലൂടെ ഈ വിഷയത്തെ സമീപിക്കുമ്പോൾ വിശാലമായ സാമൂഹികഘടകങ്ങളുടെ സ്വാധീനം ആ കുട്ടിയുടെ പഠനത്തിലും സ്വഭാവത്തിലും കടന്നുവരുന്നത് നിങ്ങൾക്ക് കാണാൻ സാധിക്കും. എന്തൊക്കെയാണവ?

- കുടുംബപശ്ചാത്തലം
- വിഭവങ്ങളുടെ പ്രാപ്യതക്കുറവ്
- 
- 

ഇത്തരത്തിൽ സമീപിക്കുമ്പോൾ ആ കുട്ടിയോട് നിങ്ങൾക്ക് കൂടുതൽ അനുതാപ (Empathy) മുണ്ടാവുകയും ആ കുട്ടിക്ക് പിന്തുണയും പ്രചോദനവും നൽകുന്നതിന് നിങ്ങൾക്ക് സാധിക്കുകയും ചെയ്യും. മറ്റുള്ളവരുടെ അനുഭവങ്ങൾക്കുപിന്നിലെ സാമൂഹികസാഹചര്യങ്ങൾ മനസ്സിലാക്കുന്നതിലൂടെ വ്യക്തികൾക്ക് വൈവിധ്യമാർന്ന വീക്ഷണങ്ങളിലൂടെ അവയെ സമീപിക്കാൻ സാധിക്കുന്നു. അതിലൂടെ അനുതാപവും സഹിഷ്ണുതയും വളർത്തിയെടുക്കാനും കഴിയുന്നു.

## 5. വിമർശനാത്മക ചിന്ത വളർത്തുന്നു



പ്രിയ ജനിച്ചുവളർന്നത് ഒരു ഗ്രാമത്തിലാണ്. തന്റെ വിദ്യാഭ്യാസം പൂർത്തിയാക്കിയതിനുശേഷം മികച്ച തൊഴിലും ജീവിതസാഹചര്യങ്ങളും തേടി അവൾ നഗരത്തിലേക്ക് കുടിയേറി. പക്ഷേ, അവിടെ ജോലി നേടാനും സുരക്ഷിതമായ താമസസൗകര്യം കണ്ടെത്താനും അവൾക്ക് ബുദ്ധിമുട്ടുണ്ടായി. കുറച്ചുനാളത്തെ അന്വേഷണത്തിനുശേഷം അവൾക്ക് ഒരു ജോലി ലഭിച്ചുവെങ്കിലും അധികം വൈകാതെ തന്നെ ആ ജോലി നഷ്ടമായി. ഈ അവസരത്തിൽ പ്രിയ ലേബർ ഓഫീസുമായി ബന്ധപ്പെട്ടു. തനിക്ക് തൊഴിൽ നഷ്ടപ്പെട്ടത് തനിക്ക് മാത്രം സംഭവിച്ച (തികച്ചും വ്യക്തിപരമായ) ഒരു പ്രശ്നമായിട്ടാണ് പ്രിയ കരുതിയിരുന്നത്. എന്നാൽ തന്നെപ്പോലെ തൊഴിൽ നഷ്ടപ്പെട്ട നിരവധി കുടിയേറ്റക്കാർ ആ നഗരത്തിലുണ്ടെന്ന് ലേബർ ഓഫീസിൽ വച്ച് അവൾക്ക് മനസ്സിലായി. അവരുമായി ഇടപെട്ടും ലേബർ ഓഫീസ് മുഖേനയും കുടിയേറ്റക്കാർ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചും അവരുടെ അവകാശങ്ങളെക്കുറിച്ചും പ്രിയയ്ക്ക് ചില അറിവുകൾ ലഭിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പ്രിയ കാര്യങ്ങളെ വിമർശനാത്മകമായി ചിന്തിക്കാൻ ശ്രമിക്കുകയും കുടിയേറ്റക്കാരുടെ സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി ഇടപെടാൻ തുടങ്ങുകയും ചെയ്തു. ക്രമേണ അവൾക്ക് തന്റെയും മറ്റുള്ളവരുടെയും സാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിഞ്ഞു.

ഗ്രാമത്തിൽ നിന്നും നഗരത്തിലേക്ക് ജോലി സംബന്ധമായി കുടിയേറിയ പ്രിയ എന്ന വ്യക്തിയുടെ അനുഭവം വായിച്ചില്ലേ. പ്രിയ അനുഭവിക്കുന്ന ഏതെല്ലാം വ്യക്തിഗതപ്രശ്നങ്ങളാണ് മറ്റ് കുടിയേറ്റക്കാരുടെയും പൊതുവായ പ്രശ്നങ്ങളായി നിങ്ങൾക്ക് കണ്ടെത്താൻ കഴിഞ്ഞത്?

- 
- 

പുതിയ സാഹചര്യങ്ങളുമായി ഒത്തുപോകുന്നതിന് ക്രിയാത്മകമായി ഇടപെട്ടപ്പോൾ കുടിയേറ്റക്കാരുടെ മിക്കപ്രശ്നങ്ങളും സമാനമാണെന്ന് വിമർശനാത്മകചിന്തയിലൂടെ പ്രിയയ്ക്ക് തിരിച്ചറിയാൻ സാധിച്ചു. വ്യക്തിഗതപ്രശ്നത്തിൽ മറ്റ് സാമൂഹികഘടകങ്ങൾ കൂടി സ്വാധീനിക്കുന്നുവെന്ന് കണ്ടെത്താനും അവൾക്ക് കഴിഞ്ഞു. അതിലൂടെ തന്റെ സാഹചര്യങ്ങളെ മെച്ചപ്പെടുത്താൻ പ്രിയയ്ക്ക് സാധിച്ചു. കൂടെ മറ്റുള്ളവരെ പിന്തുണയ്ക്കാനും. ഇത്തരത്തിൽ വിവിധ സാമൂഹികഘടകങ്ങൾ വ്യക്തിജീവിതത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് മനസ്സിലാക്കുവാൻ വിമർശനാത്മകചിന്തയിലൂന്നിയ സമൂഹശാസ്ത്രസങ്കല്പം വ്യക്തികളെ സഹായിക്കുന്നു.

## 6. ഗുണാത്മകമല്ലാത്ത വഴക്കങ്ങളെ ചോദ്യം ചെയ്യുന്നു




ഒരു ചെറിയ പട്ടണത്തിലാണ് റിനു താമസിക്കുന്നത്. സംതൃപ്തമായ ജോലിയും കുടുംബവുമുള്ള അദ്ദേഹം തന്റെ ജീവിതത്തിൽ യാതൊരു കുറവുകളുമില്ല എന്നുതന്നെ വിശ്വസിച്ചിരുന്നു. പക്ഷേ, റിനുവിന് പലപ്പോഴും അകാരണമായ ഉൽകണ്ഠയും വിഷാദവും അനുഭവപ്പെടുമായിരുന്നു. ഇത് ആരോടെങ്കിലും പങ്കുവച്ചാൽ മറ്റുള്ളവർ തനിക്ക് മാനസികരോഗമാണെന്ന് കരുതുമെന്നും തന്നെ ഒറ്റപ്പെടുത്തുമെന്നും അദ്ദേഹം ഭയന്നു. അതിനാൽ റിനു അത് ആരെയും അറിയിച്ചില്ല. ഒരിക്കൽ മാനസികാരോഗ്യത്തെക്കുറിച്ചുള്ള ഒരു സെമിനാറിൽ അദ്ദേഹം പങ്കെടുത്തു. അവിടെ നടന്ന ചർച്ചകളിൽ നിന്നും മാനസികാരോഗ്യവിദഗ്ധരുടെ പ്രഭാഷണങ്ങളിൽ നിന്നും ശാരീരികാരോഗ്യം പോലെ തന്നെ പ്രധാനമാണ് മാനസികാരോഗ്യമെന്ന് റിനു തിരിച്ചറിഞ്ഞു. മാനസികാരോഗ്യത്തെക്കുറിച്ച് ഗുണാത്മകമല്ലാത്ത ചില വഴക്കങ്ങളും മുൻധാരണകളും സമൂഹത്തിൽ നിലനിൽക്കുന്നതുകൊണ്ടാണ് തന്റെ അവസ്ഥ മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ ബുദ്ധിമുട്ടുണ്ടായതെന്ന് അദ്ദേഹത്തിന് മനസ്സിലായി. തന്റെ മാനസികപ്രശ്നങ്ങൾ അദ്ദേഹം സുഹൃത്തുക്കളോട് പങ്കുവച്ചു. മാനസികാരോഗ്യത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് സാമൂഹികാവബോധം സൃഷ്ടിക്കാൻ റിനുവും സുഹൃത്തുക്കളും ഒന്നിച്ച് പ്രവർത്തിക്കാനും ആരംഭിച്ചു.

റിനുവിന്റെ അനുഭവം വായിച്ചല്ലോ. ശാരീരികാരോഗ്യം പോലെ തന്നെ പ്രധാനമാണ് മാനസികാരോഗ്യമെന്ന് നിങ്ങൾക്ക് മനസ്സിലായില്ലേ. ഈ അവബോധം മാനസികാരോഗ്യത്തെ സംബന്ധിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന ഗുണാത്മകമല്ലാത്ത വഴക്കങ്ങളെ ചോദ്യംചെയ്യാൻ നമുക്ക് പ്രചോദനം നൽകും.

കുടുംബം, വിദ്യാഭ്യാസസ്ഥാപനങ്ങൾ, സാമ്പത്തികസ്ഥാപനങ്ങൾ തുടങ്ങിയ സാമൂഹികസ്ഥാപനങ്ങൾ വ്യക്തിപരമായ തിരഞ്ഞെടുപ്പുകളിലും അതിന്റെ അനന്തരഫലങ്ങളിലും ചെലുത്തുന്ന സ്വാധീനം മനസ്സിലാക്കാനും സമൂഹശാസ്ത്രസങ്കല്പം സഹായിക്കുന്നു.

വ്യക്തിപരമായ എല്ലാ പ്രശ്നങ്ങൾക്കുപിന്നിലും സാമൂഹികഘടകങ്ങൾ കാണാൻ കഴിയും. സാമാന്യബോധജ്ഞാനത്തിലൂടെ മാത്രം സമീപിച്ചാൽ ഈ സാമൂഹികവീക്ഷണം രൂപപ്പെടുത്താൻ സാധ്യമല്ല. വ്യക്തിപരമായ പ്രശ്നങ്ങൾക്കു പിന്നിലെ സാമൂഹികഘടകങ്ങൾ കണ്ടെത്തേണ്ടതുണ്ട്. സാമാന്യബോധജ്ഞാനത്തിൽക്കൂടി മാത്രം വ്യക്തിഗത പ്രശ്നങ്ങളെയും സാമൂഹിക പ്രശ്നങ്ങളെയും കാണുന്ന രീതിയ്ക്കപ്പുറം പ്രശ്നങ്ങളെ നമുക്ക് വിശകലനം

ചെയ്യാൻ സാധിക്കണം. വ്യക്തിഗതപ്രശ്നങ്ങൾ കേവലം വ്യക്തിപരമായ പരാജയമായി കാണുന്നതിനുപകരം സാമൂഹികപ്രശ്നങ്ങളായി തിരിച്ചറിയാൻ സമൂഹശാസ്ത്രസങ്കല്പം പ്രാപ്തി നൽകുന്നു.

വിവിധ സാമൂഹികപ്രശ്നങ്ങൾക്കുപിന്നിലെ കാരണങ്ങൾ സമൂഹശാസ്ത്രസങ്കല്പത്തിലൂടെ കണ്ടെത്താൻ കഴിയുന്നു. ഇതിലൂടെ പ്രശ്നപരിഹാരത്തിനുവേണ്ടിയുള്ള ഇടപെടൽ നടത്താനുള്ള സാധ്യത വർധിക്കുന്നു. ഇത് കൂടുതൽ ഫലപ്രദമായ സാമൂഹികനയങ്ങൾ രൂപീകരിക്കുന്നതിന് സഹായകരമാകും. അങ്ങനെ മാറ്റത്തിനായി പ്രവർത്തിക്കാനും സാമൂഹികനയങ്ങൾ രൂപപ്പെടുത്താനും സമൂഹശാസ്ത്രസങ്കല്പം സഹായിക്കുന്നു.

**സമൂഹശാസ്ത്ര സങ്കല്പത്തിന്റെ സവിശേഷതകൾ**



*സമൂഹശാസ്ത്രസങ്കല്പത്തിന് അതിരുകളില്ല*

- വിശാലമായ വ്യക്തിഗത വീക്ഷണം
- സാമൂഹികപ്രശ്നങ്ങളെ ആഴത്തിൽ മനസ്സിലാക്കൽ
- സ്വയംപ്രതിഫലനം
- അനുതാപവും സഹിഷ്ണുതയും
- വിമർശനാത്മക ചിന്ത
- ഗുണാത്മകമല്ലാത്ത വഴക്കങ്ങളെ ചോദ്യം ചെയ്യൽ

നിങ്ങളുടെ വ്യക്തിപരമായ അനുഭവങ്ങളെയും നിത്യജീവിതത്തിലെ സാമൂഹിക പ്രശ്നങ്ങളെയും നിരീക്ഷിക്കുകയും അവയെപ്പറ്റി ഒരു ജേർണലിൽ രേഖപ്പെടുത്തുകയും ചെയ്യുക. ഇത്തരം വ്യക്തിഗതാനുഭവങ്ങളും സാമൂഹിക പ്രശ്നങ്ങളും എങ്ങനെയാണ് വിശാലമായ സാമൂഹികപശ്ചാത്തലങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതെന്ന് സമൂഹശാസ്ത്രസങ്കല്പസമീപനത്തിലൂടെ കണ്ടെത്തൂ. ഈ കണ്ടെത്തലുകൾ വിശകലനം ചെയ്ത് ജേർണലിൽ കുറിക്കുക. നിങ്ങളുടെ വിശകലനക്കുറിപ്പ് സാമൂഹ്യശാസ്ത്രക്ലബ്ബിൽ ഡിജിറ്റൽ അവതരണം നടത്തി ചർച്ച ചെയ്യുക.

## സാമാന്യബോധജ്ഞാനവും സമൂഹശാസ്ത്രസങ്കല്പവും (Commonsense Knowledge and Sociological Imagination)

സമൂഹശാസ്ത്രം അതിന്റെ അറിവ് തേടുന്നത് സാമാന്യബോധജ്ഞാനത്തിന് അതീതമായാണ്. സമൂഹശാസ്ത്രപരമായ അന്വേഷണത്തിൽ നിന്ന് സാമാന്യ ബോധജ്ഞാനം മനസ്സിലാക്കാനും വിശദീകരിക്കാനും സാധിക്കുന്നു. നമുക്കു ചുറ്റുമുള്ള സമൂഹത്തെ മനസ്സിലാക്കുന്നതിനുള്ള ശ്രമങ്ങളിലെ വ്യത്യസ്ത മാർഗങ്ങളാണ് സാമാന്യബോധജ്ഞാനവും സമൂഹശാസ്ത്രസങ്കല്പവും. ഇവ പരസ്പരബന്ധിതവും എന്നാൽ സമൂഹശാസ്ത്രത്തിലെ സവിശേഷമായ ആശയങ്ങളുമാണ്. ഈ ആശയങ്ങൾ രണ്ടും സമന്വയിപ്പിക്കുന്നതിലൂടെ വ്യക്തികൾക്ക് സമൂഹവുമായി വിമർശനാത്മകമായി ഇടപഴകാനും സാമാന്യ ബോധത്തിൽ മാത്രം അധിഷ്ഠിതമായ നിലപാടുകൾ ഒഴിവാക്കാനും സാധിക്കുന്നു. ഇതിലൂടെ വ്യക്തികൾക്ക് സാമൂഹികയാഥാർഥ്യങ്ങളുടെയും സാമൂഹിക പെരുമാറ്റങ്ങളുടെയും സാമൂഹിക പ്രശ്നങ്ങളുടെയുമെല്ലാം സങ്കീർണ്ണതകളെ വിവേചിച്ചറിയാനും കഴിയുന്നു. സാമൂഹികപ്രശ്നങ്ങളെ വിശകലനം ചെയ്യുന്നതിൽ സാമാന്യബോധജ്ഞാനവും സമൂഹശാസ്ത്രസങ്കല്പവും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് നോക്കാം.

| സാമാന്യബോധജ്ഞാന സമീപനം (Commonsense Knowledge Approach) | സമൂഹശാസ്ത്രസങ്കല്പ സമീപനം (Sociological Imagination Approach) |
|---|---|
| വ്യക്തിഗത വീക്ഷണങ്ങളിലും അനുഭവങ്ങളിലുമായി പരിമിതപ്പെട്ടിരിക്കുന്നു. | വ്യക്തിഗത അനുഭവങ്ങളെ വലിയ സാമൂഹിക ഘടനകളുമായി ബന്ധിപ്പിക്കുന്നതിനാൽ ഇതിന്റെ വ്യാപ്തി വലുതാണ്. |
| പലപ്പോഴും വാർപ്പുമാതൃകകളെ അടിസ്ഥാനമാക്കിയുള്ള ഉപരിതലവിശദീകരണം മാത്രമേ നൽകുന്നുള്ളൂ. | സാമൂഹികഘടകങ്ങൾ വ്യക്തികളിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് ആഴത്തിൽ വിശകലനം ചെയ്യുന്നു. |
| സാമൂഹികയാഥാർഥ്യങ്ങളെയും പ്രശ്നങ്ങളെയും വിമർശനാത്മക ചിന്തയിലൂടെ സമീപിക്കുന്നില്ല. | വ്യക്തിപരമായ അനുഭവങ്ങളും സാമൂഹിക ഘടനകളും തമ്മിലുള്ള പരസ്പരബന്ധത്തെക്കുറിച്ച് വിമർശനാത്മകമായി ചിന്തിക്കുന്നതിന് പ്രേരിപ്പിക്കുന്നു |

വ്യക്തിയും സമൂഹവും തമ്മിലുള്ള സൂക്ഷ്മ-സ്ഥൂല ബന്ധങ്ങൾ (Micro-Macro Relationships) കണ്ടെത്തുന്നതിന് സമൂഹശാസ്ത്രസങ്കല്പം സഹായിക്കുന്നു. സമൂഹശാസ്ത്രസങ്കല്പം നമ്മെ സാമൂഹികപ്രവർത്തനങ്ങളിൽ ഇടപെടാൻ പ്രേരിപ്പിക്കുന്നു. വ്യക്തിജീവിതവും സാമൂഹികഘടനകളും തമ്മിലുള്ള സങ്കീർണ്ണമായ പരസ്പരബന്ധം മനസ്സിലാക്കാനും അഭിസംബോധന ചെയ്യാനും സമൂഹശാസ്ത്രസങ്കല്പം നമ്മളെ പ്രാപ്തരാക്കുന്നു. ഇങ്ങനെ സാമൂഹിക ജീവിതത്തെ സമ്പന്നമാക്കുന്ന ശക്തമായ ഒരു ഉപകരണവും നൈപുണിയും സമീപനവുമായി സമൂഹശാസ്ത്രസങ്കല്പം മാറുന്നു.

പട്ടികയിൽ നൽകിയിരിക്കുന്ന സാമൂഹികപ്രശ്നങ്ങളുടെ കാരണങ്ങളെ സാമാന്യബോധജ്ഞാനസമീപനത്തിലൂടെയും സമൂഹശാസ്ത്രസങ്കല്പസമീപനത്തിലൂടെയും കണ്ടെത്താൻ ശ്രമിക്കൂ.

| സാമൂഹികപ്രശ്നങ്ങൾ | സാമാന്യബോധജ്ഞാന സമീപനം | സമൂഹശാസ്ത്രസങ്കല്പ സമീപനം |
|---|---|---|
| 1. ദാരിദ്ര്യം (Poverty) | • കഠിനാധ്വാനത്തിനുള്ള താൽപര്യമില്ലായ്മ<br>• | • വിഭവങ്ങളുടെ അസമമായ വിതരണം<br>• |
| 2. തൊഴിലില്ലായ്മ (Unemployment) | • അലസത<br>• | • ജനസംഖ്യാവർധനവ്<br>• |
| 3. പഠനസമ്മർദം (Academic Pressure) | • പരാജയപ്പെടുമെന്ന ഭയം<br>• | • ഉയർന്നസ്കോർ നേടാൻ വിദ്യാലയത്തിൽ നിന്നുള്ള സമ്മർദം<br>• |

ഒരേ പ്രശ്നത്തെ തന്നെ സാമാന്യബോധജ്ഞാനത്തിലൂടെയും സമൂഹശാസ്ത്രസങ്കല്പത്തിലൂടെയും സമീപിച്ചപ്പോൾ കണ്ടെത്തിയ വ്യത്യാസം എന്തൊക്കെയാണ്? വ്യത്യസ്ത ഗ്രൂപ്പുകളായി തിരിഞ്ഞ് ഓരോ ഗ്രൂപ്പും രണ്ടുതരം സമീപനങ്ങളിലുമുണ്ടായ വ്യത്യാസങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് ക്ലാസിൽ അവതരിപ്പിക്കൂ.

## തുടർപ്രവർത്തനം

1. 'ആരോഗ്യകരമായ സാമൂഹികജീവിതത്തിന് സമൂഹശാസ്ത്രസങ്കല്പത്തിന്റെ ആവശ്യകത' എന്ന വിഷയത്തിൽ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ ഒരു ലഘുപ്രഭാഷണം തയ്യാറാക്കുക.
2. വ്യത്യസ്തമാധ്യമങ്ങളിൽ വന്ന ആനുകാലിക സാമൂഹിക പ്രശ്നങ്ങളുടെ വാർത്തകൾ ശേഖരിക്കുക. എങ്ങനെയാണ് ഒരേ സാമൂഹികവിഷയത്തെ വിവിധ മാധ്യമങ്ങൾ അവതരിപ്പിച്ചിട്ടുള്ളത് എന്ന് താരതമ്യം ചെയ്യുക. സമൂഹശാസ്ത്രസങ്കല്പസമീപനത്തിലൂടെ എങ്ങനെയാണ് വിവിധ മാധ്യമങ്ങൾ അവയെ അവതരിപ്പിച്ചിട്ടുള്ളതെന്ന് കണ്ടെത്തുക.
3. സമൂഹശാസ്ത്രസങ്കല്പനൈപുണി പ്രതിഫലിക്കുന്ന തരത്തിൽ നിങ്ങൾ നടത്തിയിട്ടുള്ള ഇടപെടൽ സന്ദർഭങ്ങൾ സാമൂഹ്യശാസ്ത്രക്ലബ്ബിൽ അവതരിപ്പിക്കുക.

4

# സമ്പത്തും ലോകവും

*ലോകം തുറക്കുകയും അതിന്റെ നിധിശേഖരങ്ങളും അതിശയങ്ങളും പ്രദർശിപ്പിക്കുകയും ചെയ്ത അക്കാലം എത്ര അദ്ഭുതകരമായിരുന്നിരിക്കണം! സമുദ്രങ്ങളും പുത്തൻ ഭൂഖണ്ഡങ്ങളും അളവറ്റ സമ്പത്തുമെല്ലാം, 'തുറക്കൂ സിസേം' എന്ന ഒറ്റ മാന്ത്രികവചനത്തിനായി കാത്തിരുന്ന പോലെ ഒന്നൊന്നായി കണ്ടുപിടിക്കപ്പെട്ടു. അന്തരീക്ഷം പോലും ഈ സാഹസികതയുടെ മാന്ത്രികതയാൽ നിറഞ്ഞിരിക്കണം.*

Jawaharlal Nehru

*(സ്വതന്ത്രപരിഭാഷ)*

**പ**തിനഞ്ചാം നൂറ്റാണ്ടിലെ സാഹസികമായ ഭൂമിശാസ്ത്രപര്യവേക്ഷണങ്ങളെക്കുറിച്ച് ജവഹർലാൽ നെഹ്റു ഗ്ലിംപ്സസ് ഓഫ് വേൾഡ് ഹിസ്റ്ററി എന്ന ഗ്രന്ഥത്തിൽ നടത്തുന്ന പരാമർശമാണ് മുകളിൽ നൽകിയിരിക്കുന്നത്. പതിനഞ്ചാം നൂറ്റാണ്ടിൽ ആഫ്രിക്ക, ഏഷ്യ, അമേരിക്ക എന്നീ ഭൂപ്രദേശങ്ങളിൽ എത്തിച്ചേർന്ന യൂറോപ്യർ സവിശേഷമായ ഒട്ടേറെ കാഴ്ചകൾ കണ്ടു. പുതിയ സമുദ്രപാതകൾ തുറന്നിട്ട ഈ അദ്ഭുതക്കാഴ്ചകളെക്കുറിച്ചാണ് ആയിരത്തൊന്ന് രാവുകളിലെ 'ആലിബാബയും നാല്പതുകള്ളന്മാരും' എന്ന കഥയെ സൂചിപ്പിച്ചുകൊണ്ട് നെഹ്റു ഇങ്ങനെ എഴുതിയത്. 'തുറക്കൂ സിസേം' എന്ന രഹസ്യവാക്കിനാൽ തുറക്കുന്ന കാട്ടിലെ ഗുഹയിൽ, കള്ളന്മാർ സൂക്ഷിച്ചിരുന്ന നിധിശേഖരം കണ്ട ആലിബാബയുടെ അദ്ഭുതത്തോടാണ് ഇതര ഭൂഖണ്ഡങ്ങൾ കണ്ട യൂറോപ്യരുടെ അതിശയത്തെ നെഹ്റു ഉപമിക്കുന്നത്. ലോകചരിത്രത്തിന്റെ പിൽക്കാല ഗതിവിഗതികളെ നിർണ്ണയിച്ച പ്രധാനഘടകങ്ങളിൽ ഒന്നാണ് പതിനഞ്ച്, പതിനാറ് നൂറ്റാണ്ടുകളിലെ യൂറോപ്യരുടെ ഭൂമിശാസ്ത്രപര്യവേക്ഷണങ്ങളും പുതിയ ഭൂപ്രദേശങ്ങളുടെ കണ്ടെത്തലും. ഇവയുടെ ചരിത്രം നമുക്കു പരിശോധിക്കാം.

ഭൂമിശാസ്ത്രപര്യവേക്ഷണങ്ങൾക്ക് കാരണമായിത്തീർന്നത് പതിനഞ്ചാംനൂറ്റാണ്ടിലെ രണ്ട് പ്രധാനപ്പെട്ട സംഭവങ്ങളാണ്:


- തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ (ഭൂപടം 4.1) പിടിച്ചടക്കിയത്
- പോർച്ചുഗീസ് നാവികർ ആഫ്രിക്കയിലെ ഗിനിയ തീരം (ഭൂപടം 4.1) വരെ എത്തിച്ചേർന്നത്

### കുരുമുളകും യൂറോപ്യരും

ശൈത്യകാലത്ത് ഭക്ഷണസാധനങ്ങൾ കേടുകൂടാതെ സൂക്ഷിക്കുവാനും ഔഷധ ആവശ്യങ്ങൾക്കുമായാണ് കുരുമുളക് ഉൾപ്പെടെയുള്ള സുഗന്ധവ്യഞ്ജനങ്ങൾ യൂറോപ്യർ ഉപയോഗിച്ചിരുന്നത്. ഇവ കോൺസ്റ്റാന്റിനോപ്പിൾ വഴിയാണ് അവർക്ക് ലഭിച്ചിരുന്നത്. ഈ പാത അടയ്ക്കപ്പെട്ടതോടെ കടൽമാർഗത്തിലൂടെയെങ്കിലും ഏഷ്യയിലേക്ക് പുതിയൊരു വാണിജ്യപാത കണ്ടെത്താൻ യൂറോപ്യർ നിർബന്ധിതരായി.

ഈ സംഭവങ്ങൾ ലോകത്താകമാനം ദൂരവ്യാപകമായ പ്രതിഫലനങ്ങൾ ഉണ്ടാക്കി. തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ പിടിച്ചെടുത്തതോടെ ഏഷ്യയിൽ നിന്നുള്ള കുരുമുളക് ഉൾപ്പെടെയുള്ള ഉൽപന്നങ്ങൾ യൂറോപ്പിലേക്ക് എത്തിയിരുന്ന കരമാർഗം അടയ്ക്കപ്പെട്ടു. ഇതിനെത്തുടർന്ന് യൂറോപ്യർ ഇവ ലഭ്യമാകുന്ന നാട്ടിലേക്കുള്ള ഭൂമിശാസ്ത്രപര്യവേക്ഷണയാത്രകൾക്കും തുടർന്ന് പുതിയ പ്രദേശങ്ങളുടെ കണ്ടുപിടിത്തങ്ങൾക്കും തുടക്കം കുറിച്ചു. പോർച്ചുഗീസ് നാവികർ ആഫ്രിക്കയുടെ പടിഞ്ഞാറേതീരത്തുള്ള ഗിനിയയിൽ എത്തിച്ചേർന്നത് മറ്റൊരു നാഴികക്കല്ലായിരുന്നു. തുടർന്നുനടന്ന സമുദ്രയാത്രകളും ഭൂമിശാസ്ത്രപര്യവേക്ഷണങ്ങളും ലോകചരിത്രത്തെ മാറ്റിയെഴുതി. ഈ യാത്രാപരമ്പരകളോടെ ലോകത്താകമാനം യൂറോപ്യൻ ആധിപത്യത്തിന് തുടക്കം കുറിച്ചു. ക്രമേണ യൂറോപ്യൻ സംസ്കാരം മറ്റ് പ്രദേശങ്ങളിലേക്ക് വ്യാപിച്ചു.

നൽകിയിരിക്കുന്ന ഭൂപടം (4.1) നിരീക്ഷിക്കുക. ഭൂപടത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന രാജ്യങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തൂ. ഈ രാജ്യങ്ങൾ സ്ഥിതി ചെയ്യുന്നത് ഏത് സമുദ്രതീരത്താണെന്ന് തിരിച്ചറിയുക.




ഭൂപടം 4.1

ലോകത്തെ മാറ്റിമറിച്ച ഭൂമിശാസ്ത്രപര്യവേക്ഷണങ്ങൾക്ക് തുടക്കം കുറിച്ചത് പോർച്ചുഗലും സ്പെയിനുമാണ്. പിന്നീട് നെതർലാൻഡ്സ്, ഇംഗ്ലണ്ട്, ഫ്രാൻസ് എന്നീ രാജ്യങ്ങൾ ഈ രംഗത്തേക്ക് കടന്നുവരുകയും പുതിയ പ്രദേശങ്ങളുടെ കണ്ടെത്തലിലും അധിനിവേശത്തിലും പങ്കാളികളാവുകയും ചെയ്തു.

ഈ രാജ്യങ്ങൾ അറ്റ്ലാന്റിക് സമുദ്രത്തിന്റെ തീരത്താണ് സ്ഥിതി ചെയ്യുന്നതെന്ന് ഭൂപടത്തിൽ നിങ്ങൾ കണ്ടെത്തിയല്ലോ. ഈ രാജ്യങ്ങളുടെ ഭൂമിശാസ്ത്രപരമായ സ്ഥാനം ഭൂമിശാസ്ത്രപര്യവേക്ഷണങ്ങൾക്ക് സഹായകമായി. സമുദ്രപര്യവേക്ഷണയാത്രകൾക്ക് ഈ രാജ്യങ്ങളെ സഹായിച്ച മറ്റ് ഘടകങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.

- മഹാസമുദ്രങ്ങൾ മുറിച്ചുകടക്കാൻ ശേഷിയുള്ള കപ്പലുകളുടെ നിർമ്മാണം.
- കടലിൽ ദിശകണ്ടെത്താൻ സഹായിക്കുന്ന നാവിക ഉപകരണങ്ങളുടെ കണ്ടുപിടിത്തം.
- ഭരണാധികാരികൾ നൽകിയ ശക്തമായ പിന്തുണ.
- സൈനികശേഷി
- സമുദ്ര യാത്രാനുഭവങ്ങൾ
- ഭൂപടനിർമ്മാണം, വാനനിരീക്ഷണം എന്നീ മേഖലകളിൽ നേടിയ പുരോഗതി.

## യൂറോപ്യർ ഇതര ഭൂഖണ്ഡങ്ങളിലേക്ക്

ആഫ്രിക്കൻ ഭൂഖണ്ഡത്തിലേക്കായിരുന്നു യൂറോപ്യരുടെ ആദ്യത്തെ പര്യവേക്ഷണയാത്രകൾ. ആഫ്രിക്കയിലെ നൈജർ സമതലത്തിലെ സ്വർണ്ണത്തെക്കുറിച്ചുള്ള അറിവാണ് ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ പടിഞ്ഞാറൻ തീരപ്രദേശങ്ങളിലേക്കുള്ള സമുദ്രയാത്രകൾക്ക് പോർച്ചുഗലിനെ പ്രധാനമായും പ്രേരിപ്പിച്ചത്.

1415 ൽ മൊറോക്കൻ തീരത്തെ സ്യൂത്ത (Ceuta) (ഭൂപടം 4.1) പിടിച്ചടക്കിയതോടുകൂടിയാണ് ആഫ്രിക്കയിലെ പോർച്ചുഗീസ് അധിനിവേശം ആരംഭിക്കുന്നത്. ഈ പ്രദേശം ക്രമേണ പോർച്ചുഗലിന് ധാന്യങ്ങളും മറ്റ് ഭക്ഷണപദാർഥങ്ങളും ശേഖരിക്കുന്ന ഇടമായി മാറി. പടിഞ്ഞാറൻ ആഫ്രിക്കയിലുള്ള ബൊജാദർ മുനമ്പ് (ഭൂപടം 4.1) മുറിച്ചുകടക്കുക എന്നത് പോർച്ചുഗീസുകാർക്ക് ഏറെ ക്ലേശകരമായ കാര്യമായിരുന്നു. 1434 ൽ അതിന് സാധിച്ചതോടെ അവർക്ക് പടിഞ്ഞാറൻ ആഫ്രിക്കൻ തീരത്തുള്ള മറ്റ് പ്രദേശങ്ങളിൽ എത്തിച്ചേരാൻ എളുപ്പമായി. തൽഫലമായി അടിമകളുടെയും സ്വർണ്ണത്തിന്റെയും വ്യാപാരത്തിലൂടെ സാമ്പത്തികനേട്ടമുണ്ടാക്കാൻ പോർച്ചുഗീസ് രാജാവിന് സാധിച്ചു. ഇത് കൂടുതൽ സമുദ്രയാത്രകൾ സംഘടിപ്പിക്കുവാൻ പോർച്ചുഗീസുകാർക്ക് പ്രേരണയായി. ആഫ്രിക്കൻ വൻകരയ്ക്കുപുറമെ ആഫ്രിക്കയുടെ പടിഞ്ഞാറൻ തീരത്തിന് സമീപത്തുള്ള അറ്റ്ലാന്റിക്ദ്വീപുകളിലും പോർച്ചുഗീസുകാർ ക്രമേണ കൃഷി വ്യാപിപ്പിക്കുകയും കോളനികൾ സ്ഥാപിക്കുകയും ചെയ്തു. ചുരുക്കത്തിൽ, ആഫ്രിക്കൻ തീരത്തെ പര്യവേക്ഷണങ്ങളും അറ്റ്ലാന്റിക്


### കോളനിവൽക്കരണം

ഒരു രാജ്യം തങ്ങളുടേതല്ലാത്ത പ്രദേശത്ത് ആധിപത്യം സ്ഥാപിക്കുന്ന പ്രക്രിയയാണ് കോളനിവൽക്കരണം. ഇങ്ങനെ സ്ഥാപിക്കുന്ന കോളനികളിൽ സാമ്പത്തിക-രാഷ്ട്രീയ-സാംസ്കാരിക ആധിപത്യത്തിലൂടെ ചൂഷണം നടത്താൻ അധീശ രാജ്യങ്ങൾ ശ്രമിച്ചു.

ദ്വീപുകളിലെ കോളനിവൽക്കരണവും ഏഷ്യയിലേക്കുള്ള സമുദ്രപാത കണ്ടെത്താനുള്ള പോർച്ചുഗീസുകാരുടെ യാത്രാപരമ്പരകൾക്ക് പശ്ചാത്തലമൊരുക്കി.

## അറ്റ്ലാന്റിക്ദ്വീപുകൾ

ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ പടിഞ്ഞാറൻ തീരത്ത് അറ്റ്ലാന്റിക്സമുദ്രത്തിൽ സ്ഥിതിചെയ്യുന്ന ദ്വീപുകളാണ് അറ്റ്ലാന്റിക്ദ്വീപുകൾ. മദൈര (Madeira), അസോറസ് (Azores), കാനറി(Canary), കേപ് വെർദ് (Cape Verde) എന്നിവയാണ് ഇവയിൽ പ്രധാന ദ്വീപുകൾ. കാർഷികോൽപാദനകേന്ദ്രമായും തുറമുഖകേന്ദ്രമായും ഈ ദ്വീപുകളെ ഉപയോഗിക്കാൻ കഴിയുമായിരുന്നു. ഇവിടെ ആധിപത്യം സ്ഥാപിച്ച പോർച്ചുഗീസുകാർ ആഫ്രിക്കയിൽ ഇടപെടാനുള്ള പ്രധാന കേന്ദ്രമായും ഏഷ്യൻ സഞ്ചാരത്തിനുപോകുന്ന കപ്പലുകൾക്ക് വെള്ളവും ഭക്ഷണവും ലഭ്യമാക്കുന്ന ഇടത്താവളമായും ഈ ദ്വീപുകളെ ഉപയോഗപ്പെടുത്തി. പിന്നീട് കാനറി ദ്വീപുകൾ സ്പെയിനിന്റെ നിയന്ത്രണത്തിലായി.




ഭൂപടം 4.2

പോർച്ചുഗീസ് നാവികനായ ബെർത്തലോമിയോ ഡയസ് 1488 ൽ ആഫ്രിക്കയുടെ തെക്കേ അറ്റത്തുള്ള കേപ്പ് ഓഫ് ഗുഡ്ഹോപ്പിൽ (Cape of Good Hope, ശുഭപ്രതീക്ഷാമുനമ്പ്) (ഭൂപടം 4.3) എത്തിച്ചേർന്നു. പ്രക്ഷുബ്ധമായ കടൽ മറികടന്ന് ഇന്ത്യയിലേക്ക് എത്തിച്ചേരാനാകാതെ അദ്ദേഹം തിരികെ പോയി. ഇതേത്തുടർന്ന്, പോർച്ചുഗീസുകാർ ഇന്ത്യൻ മഹാസമുദ്രത്തിലെ പ്രതികൂലസാഹചര്യങ്ങളെ ഭേദിച്ച് സഞ്ചരിക്കാൻ കഴിയുന്ന വിധത്തിലുള്ള കപ്പലുകൾ നിർമ്മിച്ചു. അതിനുശേഷം ഈ പാത തന്നെ പിന്തുടർന്ന് സമുദ്രയാത്ര ആരംഭിച്ച വാസ്കോ ഡ ഗാമ, കേപ്പ് ഓഫ് ഗുഡ്ഹോപ്പിലൂടെ ആഫ്രിക്കയുടെ കിഴക്കൻ തീരം ചുറ്റി 1498 ൽ ഇന്ത്യയിലെ കോഴിക്കോടുള്ള കാപ്പാട് (ഭൂപടം 4.3) തീരത്ത് എത്തിച്ചേർന്നു. ഇതോടെ ഏഷ്യൻ പ്രദേശങ്ങളിലെ യൂറോപ്യൻ ആധിപത്യത്തിന് തുടക്കമിട്ടു.


വാസ്കോ ഡ ഗാമ

ഭൂമിശാസ്ത്രപര്യവേക്ഷണങ്ങളിൽ പങ്കാളിയായ മറ്റൊരുരാജ്യം സ്പെയിൻ ആയിരുന്നു. പോർച്ചുഗീസുകാരെപ്പോലെ ദൈർഘ്യമേറിയ കടൽത്തീരവും സമുദ്രയാത്രാപാരമ്പര്യവും അവർക്കും ഉണ്ടായിരുന്നു. സ്പെയിനിലെ ഭരണാധികാരികളായ ഫെർഡിനന്റിന്റെയും ഇസബെല്ലയുടെയും സഹായവും പര്യവേക്ഷകർക്ക് ലഭിച്ചിരുന്നു. സ്പെയിനിന്റെ സാമ്പത്തികസഹായത്തോടെ 1492 ൽ ഇറ്റാലിയൻ



ഭൂപടം 4.3


നാവികനായ ക്രിസ്റ്റഫർ കൊളംബസ് വടക്കേ അമേരിക്കയുടെ തെക്ക്-കിഴക്കു ഭാഗത്തായി സ്ഥിതി ചെയ്യുന്ന ബഹാമാസ് ദ്വീപിൽ (ഭൂപടം 4.3) എത്തിച്ചേർന്നു. അന്നുവരെ യൂറോപ്പിൽ അറിയപ്പെടാതിരുന്ന ഒരു ഭൂഖണ്ഡത്തിന്റെ കണ്ടെത്തലിലേക്ക് ഇത് നയിച്ചു. ഇതോടെ ഈ ഭൂപ്രദേശവും യൂറോപ്യൻ അധിനിവേശത്തിനും ചൂഷണത്തിനും വിധേയമായിത്തീർന്നു. 'പുതിയലോകം' (New World) എന്ന് വിശേഷിപ്പിക്കപ്പെട്ട ഈ ഭൂപ്രദേശം പിന്നീട് അമേരിക്ക എന്നറിയപ്പെട്ടു.

### പ്രിൻസ് ഹെൻറി

പോർച്ചുഗീസ് രാജകുമാരനും പര്യവേക്ഷകനുമായ ഹെൻറി സമുദ്രയാത്രകളെ പ്രോത്സാഹിപ്പിച്ചു. 1419-ൽ പോർച്ചുഗലിലെ സാഗ്രെസിൽ ആദ്യത്തെ നാവിഗേഷൻ സ്കൂൾ അദ്ദേഹം സ്ഥാപിച്ചു. സമുദ്രയാത്രകൾ, ഭൂപടനിർമ്മാണം എന്നീ മേഖലകളിൽ നാവികർക്ക് പരിശീലനം നൽകുക എന്നതായിരുന്നു ഈ സ്കൂളിന്റെ ലക്ഷ്യം. അറ്റ്ലാന്റിക് ദ്വീപുകളുടെ കണ്ടെത്തലുകൾക്കും ആഫ്രിക്കയുടെ പടിഞ്ഞാറൻ തീരത്തെ പര്യവേക്ഷണങ്ങൾക്കും അദ്ദേഹം നേതൃത്വം നൽകി.

### അമേരിക്ക എന്ന പേര് വന്നതെങ്ങനെ?

ബെർത്തലോമിയോ ഡയസിനുശേഷം ഏഷ്യയിലേക്കുള്ള സമുദ്രപാത കണ്ടുപിടിക്കാൻ ശ്രമിച്ചത് ക്രിസ്റ്റഫർ കൊളംബസ് ആയിരുന്നു. 1492 ൽ അദ്ദേഹം വടക്കേ അമേരിക്കയുടെ സമീപത്തുള്ള ബഹാമാസ് ദ്വീപുകളിൽ എത്തിച്ചേർന്നു. താൻ കണ്ടെത്തിയ പ്രദേശം ഇന്ത്യയാണെന്ന് അദ്ദേഹം കരുതി. പിന്നീട് മറ്റൊരു ഇറ്റാലിയൻ സഞ്ചാരിയായ അമേരിഗോ വെസ്പുച്ചിയാണ് ഇതൊരു പുതിയ ഭൂഖണ്ഡമാണെന്ന് തിരിച്ചറിഞ്ഞത്. അദ്ദേഹം ഈ പ്രദേശത്തെ 'പുതിയ ലോക'മെന്ന് വിളിച്ചു. 1507ൽ ജർമ്മൻ ഭൂപടനിർമ്മാതാവായ മാർട്ടിൻ വാൾഡ്സീമുള്ളർ അമേരിഗോ വെസ്പുച്ചിയുടെ പേരുമായി ബന്ധപ്പെടുത്തി ഈ പ്രദേശങ്ങൾക്ക് 'അമേരിക്ക' എന്ന പേര് നൽകി.


1507 ൽ മാർട്ടിൻ വാൾഡ്സീമുള്ളർ വരച്ച ലോകഭൂപടം

ഇക്കാലത്തെ മറ്റ് പ്രധാന ഭൂമിശാസ്ത്രപര്യവേക്ഷണങ്ങൾ ചുവടെ നൽകുന്നു.


| വ്യക്തികൾ | പര്യവേക്ഷണങ്ങൾ |
|---|---|
| പെഡ്രോ അൽവാരസ് കബ്രാൾ | ബ്രസീൽ |
| ഫെർഡിനാന്റ് മഗല്ലൻ | ആദ്യമായി സമുദ്രത്തിലൂടെ ഭൂമിയെ ചുറ്റി സഞ്ചരിച്ചു |
| ജോൺ കബോട്ട് | ന്യൂഫൗണ്ട്‌ലാന്റ് |

ഐ.സി.ടിയുടെ സഹായത്തോടെ ഭൂമിശാസ്ത്രപര്യവേക്ഷണങ്ങളുമായി ബന്ധപ്പെട്ട പട്ടിക വിപുലപ്പെടുത്തുക.

ഭൂമിശാസ്ത്രപര്യവേക്ഷണങ്ങൾ സുപ്രധാനമായ നിരവധി അനന്തരഫലങ്ങൾ സൃഷ്ടിച്ചു. അവ എന്തെല്ലാമെന്ന് നോക്കാം.

### ത്രികോണവ്യാപാരം

അറ്റ്ലാന്റിക് ത്രികോണവ്യാപാരത്തിൽ യൂറോപ്പിൽ നിന്നുള്ള ഉൽപന്നങ്ങൾ ആഫ്രിക്കയിലെത്തിച്ച് വിറ്റഴിച്ചു. അവിടെനിന്ന് അടിമകളെ വാങ്ങി അമേരിക്കയിൽ കൊണ്ടുപോയി വിൽക്കുകയും അമേരിക്കയിൽ നിന്ന് പഞ്ചസാരയും വീഞ്ഞും പരുത്തിയും യൂറോപ്പിലേക്ക് കൊണ്ടുപോവുകയും ചെയ്തു. ഇങ്ങനെ മൂന്ന് ഭൂഖണ്ഡങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് യൂറോപ്യർ നടത്തിയ വ്യാപാരമാണ് ത്രികോണ വ്യാപാരം (ഭൂപടം 4.4 നിരീക്ഷിക്കുക).



ഭൂപടം 4.4


- അമേരിക്ക, ആഫ്രിക്ക, ഏഷ്യ എന്നീ വൻകരകളിലേക്ക് യാത്ര ചെയ്യുന്നതിനുള്ള ഏറ്റവും പ്രധാന പാതയായി അറ്റ്ലാന്റിക് തീരം മാറി. തൽഫലമായി മെഡിറ്ററേനിയൻ വാണിജ്യം തകരുകയും അറ്റ്ലാന്റിക് തീരത്തെ വാണിജ്യം വളരുകയും ചെയ്തു.
- അമേരിക്ക, ആഫ്രിക്ക, ഏഷ്യ എന്നീ ഭൂഖണ്ഡങ്ങളിലെ പല പ്രദേശങ്ങളും യൂറോപ്യൻ അധിനിവേശത്തിന്റെ കീഴിലായി.
- ഏഷ്യയിലെ കുരുമുളക് ഉൾപ്പെടെയുള്ള സുഗന്ധവ്യഞ്ജനങ്ങളുടെ വ്യാപാരം യൂറോപ്യൻ കുത്തകയാക്കി മാറ്റാനുള്ള ശ്രമം ആരംഭിച്ചു.
- തെക്കേ അമേരിക്കയിൽ നിന്ന് വൻതോതിൽ സ്വർണ്ണവും വെള്ളിയും യൂറോപ്പിലേക്ക് എത്തി. അവയുടെ ഒരുഭാഗം ഇന്ത്യയിലേക്കുമെത്തി.
- യൂറോപ്പും ആഫ്രിക്കയും അമേരിക്കയും ഉൾപ്പെട്ട ത്രികോണവ്യാപാരത്തിന്റെ (Triangular Trade) വികാസം.
- സ്വർണ്ണം, വെള്ളി എന്നിവ വർധിച്ച അളവിൽ യൂറോപ്പിൽ എത്തിയതോടെ നാണയ ഉപയോഗത്തിന്റെ (Monetisation) തോത് വർധിച്ചു.

ക്രമേണ പോർച്ചുഗൽ, സ്പെയിൻ എന്നീ രാജ്യങ്ങളുടെ വ്യാപാരാധിപത്യം തകരുകയും നെതർലാൻഡ്സ്, ഇംഗ്ലണ്ട്, ഫ്രാൻസ് എന്നീ രാജ്യങ്ങൾ ആ സ്ഥാനം കൈയടക്കുകയും ചെയ്തു. ഈ രാജ്യങ്ങൾ തമ്മിലുള്ള കിടമത്സരത്തിൽ

നെതർലാൻഡ്സിനെ പിൻതള്ളി ഇംഗ്ലണ്ടും ഫ്രാൻസും ഏഷ്യയിലും ആഫ്രിക്കയിലും അമേരിക്കയിലും കോളനികൾ സ്ഥാപിച്ചു. സ്പെയിൻ, പോർച്ചുഗൽ എന്നീ രാജ്യങ്ങളുടെ അധീനതയിലുണ്ടായിരുന്ന അമേരിക്കൻ പ്രദേശങ്ങളാണ് പിന്നീട് ലാറ്റിൻ അമേരിക്ക (Latin America) എന്നറിയപ്പെട്ടത്. കോളനിവൽക്കരണത്തിലൂടെ സാമ്പത്തികനേട്ടം കൊയ്യുവാനുള്ള ഇംഗ്ലണ്ട്, ഫ്രാൻസ് എന്നീ രാജ്യങ്ങളുടെ കിടമത്സരത്തിനാണ് പിൽക്കാലലോകം സാക്ഷ്യം വഹിച്ചത്.

സമുദ്രയാത്രകളുടെ അനന്തരഫലങ്ങൾ, അവ വ്യാപാരാധിപത്യത്തിൽ ഉണ്ടാക്കിയ മാറ്റങ്ങൾ എന്നിവ ഉൾപ്പെടുത്തി ഭൂപടത്തിന്റെയും ചിത്രങ്ങളുടെയും സഹായത്തോടെ ഒരു ഡിജിറ്റൽ ആൽബം തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.

ഭൂപടം (4.5) നിരീക്ഷിക്കൂ.




ഭൂപടം 4.5

വിവിധ ഭൂഖണ്ഡങ്ങളിൽ യൂറോപ്യൻ രാജ്യങ്ങൾ സ്ഥാപിച്ച കോളനികളെ മുകളിൽ നൽകിയിരിക്കുന്ന ഭൂപടത്തിൽ (4.5) നിന്നും കണ്ടെത്തുക. അവ തിരിച്ചറിഞ്ഞ് താഴെ നൽകിയിരിക്കുന്ന പട്ടികയിൽ രേഖപ്പെടുത്തുകയും അറ്റ്ലസിന്റെ സഹായത്തോടെ കൂടുതൽ കോളനികൾ കണ്ടെത്തി പട്ടിക വിപുലപ്പെടുത്തുകയും ചെയ്യുക.

| രാജ്യങ്ങൾ | കോളനികൾ | | |
|---|---|---|---|
| | ഏഷ്യ | ആഫ്രിക്ക | അമേരിക്ക |
| പോർച്ചുഗൽ | | | |
| സ്പെയിൻ | | | |
| നെതർലാൻഡ്സ് | | | |
| ഫ്രാൻസ് | | | |
| ഇംഗ്ലണ്ട് | | | |

## മെർക്കന്റലിസം

*1499 ൽ ഇന്ത്യയിൽ നിന്ന് മടങ്ങിയെത്തിയ വാസ്കോ ഡ ഗാമയ്ക്ക് മാനുവൽ രാജാവും രാജസഭയും മികച്ച സ്വീകരണം നൽകുന്ന വേളയിൽ രാജസഭയിലെ ഒരു അംഗമായ വിമിയോസോ പ്രഭു വാസ്കോ ഡ ഗാമയോടു ചോദിച്ചു: "ഇന്ത്യയിൽ നിന്ന് നമുക്ക് എന്തൊക്കെ ചരക്കുകൾ ലഭിക്കും; പകരം, ഇന്ത്യക്കാർക്ക് എന്താണു വേണ്ടത്?" കുരുമുളക്, കറുവപ്പട്ട, ഇഞ്ചി, കുന്തിരിക്കം, കസ്തൂരി എന്നിവ ഇന്ത്യയിൽനിന്നു ലഭിക്കുമെന്നും സ്വർണ്ണം, വെള്ളി, വെൽവെറ്റ്, സ്കാർലറ്റ് തുണി എന്നിവയാണ് പകരം ഇന്ത്യക്കാർക്ക് വേണ്ടതെന്നും വാസ്കോ ഡ ഗാമ മറുപടി പറഞ്ഞു. തുടർന്ന് പ്രഭു ഇങ്ങനെ പ്രതികരിച്ചു: "അങ്ങനെയെങ്കിൽ, അവർ നമ്മളെയാണ് കണ്ടുപിടിച്ചതെന്ന് എനിക്ക് തോന്നുന്നു."*

*C.R.Boxer, Portuguese Conquest and Commerce in Southern Asia: 1500-1750,(Variorum), Hampshire, 1985, p. ix*

*(സ്വതന്ത്രപരിഭാഷ)*

വാസ്കോ ഡ ഗാമയും വിമിയോസോ പ്രഭുവും തമ്മിലുള്ള സംഭാഷണം ശ്രദ്ധിച്ചുവല്ലോ. എന്തുകൊണ്ടായിരിക്കാം പ്രഭു ഇങ്ങനെ പറഞ്ഞത്? നമുക്ക് പരിശോധിക്കാം.

അക്കാലത്ത് യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തികനയം സ്വർണ്ണവും വെള്ളിയും നേടുക എന്നതായിരുന്നു. സ്വർണ്ണവും വെള്ളിയും ഇന്ത്യക്കാർക്ക് നൽകേണ്ടിവരുമെന്ന് വാസ്കോ ഡ ഗാമയിൽ നിന്ന് അറിഞ്ഞപ്പോഴാണ് പ്രഭു ഇത്തരത്തിൽ പ്രതികരിച്ചത്. വ്യാപാരത്തിലൂടെ സ്വർണ്ണവും വെള്ളിയും നേടുക എന്നതിന് പ്രാധാന്യം നൽകുന്ന അക്കാലത്തെ സാമ്പത്തികനയം മെർക്കന്റലിസം (Mercantilism) എന്നറിയപ്പെടുന്നു.

ഈ നയപ്രകാരം ഒരു രാജ്യത്തിന്റെ കൈവശമുള്ള സ്വർണ്ണത്തിന്റെയും വെള്ളിയുടെയും ശേഖരമാണ് ആ രാജ്യത്തിന്റെ സമ്പത്തിനെ നിർണ്ണയിക്കുന്നത്. ഈ നയം പിന്തുടർന്ന രാജ്യങ്ങൾ സ്വർണ്ണത്തിന്റെയും വെള്ളിയുടെയും രൂപത്തിൽ സമ്പത്ത് ശേഖരിക്കാൻ ഉത്സാഹിച്ചു. തങ്ങളുടെ രാജ്യത്തേക്കുള്ള ഇറക്കുമതി കുറയ്ക്കുകയും കയറ്റുമതി വർധിപ്പിക്കുകയും ചെയ്തുകൊണ്ട് തങ്ങളുടെ കൈവശമുള്ള സമ്പത്ത് (സ്വർണ്ണവും വെള്ളിയും) നഷ്ടപ്പെടാതെ സൂക്ഷിക്കാനും മറ്റ് രാജ്യങ്ങളിൽ നിന്ന് പരമാവധി സമ്പത്ത് ആർജിക്കാനും കഴിയുമെന്നതാണ് മെർക്കന്റലിസ്റ്റ് നയത്തിന്റെ സവിശേഷത.

### ബുള്ളിയൻ നാണയം (Bullion Coin)

സമ്പത്ത് എന്ന നിലയ്ക്ക് ശേഖരിച്ച സ്വർണ്ണം, വെള്ളി എന്നീ വിലപിടിപ്പുള്ള ലോഹങ്ങൾ ബുള്ളിയൻ (Bullion) എന്ന് വിളിക്കപ്പെട്ടു. ബുള്ളിയൻ നാണയത്തിൽ അടങ്ങിയിരിക്കുന്ന ലോഹങ്ങളുടെ അളവും അതിന്റെ മൂല്യവുമാണ് വിനിമയത്തിന് പരിഗണിക്കപ്പെടുന്നത്. ഉദാ: ഒരു സ്വർണ്ണനാണയത്തിലെ സ്വർണ്ണത്തിന്റെ മൂല്യം അതിന്റെ വിനിമയമൂല്യമായി പരിഗണിക്കുന്നതാണ് ബുള്ളിയൻ സമ്പ്രദായം.

മെർക്കന്റലിസ്റ്റ് നയങ്ങളുടെ സവിശേഷതകൾ ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## കൊളോണിയൽ നയങ്ങൾ

കോളനികളിൽ നിന്ന് പരമാവധി സമ്പത്ത് തങ്ങളുടെ രാജ്യങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെ അധീശരാജ്യങ്ങൾ നടപ്പിലാക്കുന്ന നയങ്ങളെയും

തന്ത്രങ്ങളെയുമാണ് കൊളോണിയൽ നയങ്ങൾ (Colonial policies) എന്നുവിളിക്കുന്നത്. ഏഷ്യയിലെ സുഗന്ധദ്രവ്യങ്ങളുടെ വ്യാപാരകുത്തക അറബികളിൽ നിന്ന് പിടിച്ചെടുക്കുക എന്നതായിരുന്നു പോർച്ചുഗീസുകാരുടെ കൊളോണിയൽ നയത്തിന്റെ മുഖ്യലക്ഷ്യം. ഈ നയപ്രകാരം കോളനികളിലെ വ്യാപാരം പോർച്ചുഗീസ് രാജാവിന്റെ കുത്തകയായി മാറി. മറ്റ് യൂറോപ്യൻ ശക്തികളെ ഈ വ്യാപാരത്തിൽ നിന്ന് അകറ്റി നിർത്തുവാനും അവർ ശ്രമിച്ചു. ഇക്കാരണത്താൽ പോർച്ചുഗീസുകാരല്ലാത്ത യൂറോപ്യരെ പോർച്ചുഗീസ് കപ്പലുകളിൽ യാത്രചെയ്യാൻ അവർ അനുവദിച്ചിരുന്നില്ല.

സ്പെയിനും തങ്ങളുടെ കോളനികളെ രാജാവിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലാക്കി. അമേരിക്കയിൽ നിന്നുള്ള സ്വർണ്ണവും വെള്ളിയും സ്പെയിനിലേക്ക് പരമാവധി എത്തിക്കാൻ അവർ ശ്രമിച്ചു. ഡച്ചുകാരും ഇംഗ്ലീഷുകാരും ജോയിന്റ് സ്റ്റോക്ക് കമ്പനികൾ വഴിയാണ് വ്യാപാരം നടത്തിയിരുന്നത്. എന്നാൽ പോർച്ചുഗൽ, സ്പെയിൻ എന്നീ രാജ്യങ്ങളുടെ കോളനികളുമായുള്ള വ്യാപാരം രാജാക്കന്മാർ നേരിട്ടാണ് നടത്തിയിരുന്നത്. രാജാക്കന്മാർ വ്യാപാരത്തിലൂടെ കൈവരിച്ച സാമ്പത്തികലാഭം കൊട്ടാരങ്ങൾ നിർമ്മിക്കുന്നതിനും മോടിപിടിപ്പിക്കുന്നതിനും വേണ്ടി ചെലവഴിച്ചു. കമ്പനികളാകട്ടെ, അവർ സ്വന്തമാക്കിയ ലാഭം വീണ്ടും വ്യാപാരത്തിൽ നിക്ഷേപിച്ച് കൂടുതൽ വരുമാനം നേടി. ഇത് ഇംഗ്ലണ്ടിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു.

### ജോയിന്റ് സ്റ്റോക്ക് കമ്പനി

മൂലധനത്തിന്റെ ഏകീകരണത്തിന് (Union of Capital) പ്രാധാന്യം നൽകി രൂപീകരിക്കുന്നവയാണ് ജോയിന്റ് സ്റ്റോക്ക് കമ്പനികൾ. ഇവ വിവിധ സ്രോതസ്സുകളിൽ നിന്നും മൂലധനം ഏകീകരിക്കുകയും നിക്ഷേപത്തിന് സൗകര്യം ഒരുക്കുകയും ചെയ്യുന്നു. ഓരോ നിക്ഷേപകർക്കും ഇതിൽ ഓഹരിയുണ്ടായിരിക്കുന്നതാണ്.

'സമ്പത്തിന്റെ ഫലപ്രദമായ വിനിയോഗമാണ് ഇംഗ്ലണ്ടിൽ വ്യവസായവൽക്കരണത്തിന് സഹായകമായത്.' ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## കോളനിവൽക്കരണവും തദ്ദേശീയജനതയും

*കപ്പലിലെത്തിയ ഞാൻ കണ്ടത് ഒന്നിച്ച് ചങ്ങലക്കിടപ്പെട്ട, ദുരവസ്ഥയും ദുഃഖവും മാത്രം പ്രതിഫലിക്കുന്ന മുഖഭാവമുള്ള ഒട്ടേറെ കറുത്തവർഗക്കാരെയാണ്. ഡെക്കിലേക്ക് വലിച്ചെറിയപ്പെട്ട എന്റെ മൂക്കിൽ ജീവിതത്തിലെ ഏറ്റവും രൂക്ഷഗന്ധം അടിച്ചുകയറി. തന്മൂലം ഭക്ഷണം കഴിക്കാൻ സാധിക്കാതെ മരിക്കാൻ ആശിച്ചുപോയ എന്നെ ഒരു വെള്ളക്കാരൻ മലർത്തിക്കിടത്തി കാലുകൾ ബന്ധിച്ചു. മറ്റൊരാൾ എന്നെ ഭീകരമായി ചാട്ടയടിച്ചു.*

*ഒരുദിവസം ഞങ്ങളുടെ കൂടെയുണ്ടായിരുന്നവരിൽ ഒരുമിച്ച് വിലങ്ങ് വയ്ക്കപ്പെട്ട രണ്ടുപേർ ഈ ദുരിതജീവിതത്തേക്കാൾ മരണം തിരഞ്ഞെടുത്ത് കടലിലേക്ക് എടുത്തുചാടി. രോഗംമൂലം ചങ്ങലയില്ലാതിരുന്ന മറ്റൊരാൾ പിന്നാലെ ചാടി. അവരെ അനുഗമിക്കാനാശിച്ച ഒട്ടേറെപ്പേർക്ക് അതിന് കഴിയാതിരുന്നത് കപ്പലധികാരികൾ തടഞ്ഞതുകൊണ്ട് മാത്രമാണ്. ആദ്യത്തെ രണ്ടുപേർ മുങ്ങിമരിച്ചു. മൂന്നാമനെ പിടികൂടിയ അധികാരികൾ മരണം ആശിച്ചതിന്റെ പേരിൽ അവനെ ചാട്ടയടിക്ക് വിധേയനാക്കി.*

*(Western Civilization Beyond Boundaries Noble, Strauss, Osheim, Neuschel, Accampo, Roberts, Cohen)*

*(സ്വതന്ത്രപരിഭാഷ)*



സ്പെയിൻകാരനായ ഹെർനൻ കോർട്ടസും സംഘവും മെക്സിക്കോയിലെ (അമേരിക്കൻ ഭൂഖണ്ഡം) ആസ്ടെക്കുകളുടെ തലസ്ഥാനമായ ടെനോച്ടിട്ലാനിൽ (Tenochtitlan) എത്തിയപ്പോഴുള്ള രംഗമാണ് ചിത്രത്തിൽ കാണുന്നത്. (പാഠഭാഗത്തിന്റെ തുടക്കത്തിൽ ഈ ചിത്രം കാണാം). തദ്ദേശീയർ അവർക്ക് ഭക്ഷണവും സമ്മാനങ്ങളും നൽകുന്നു. ചിത്രത്തിൽ ഹെർനൻ കോർട്ടസിന് സമീപം നിൽക്കുന്ന, തദ്ദേശവാസിയായ ഡോണമരീനയായിരുന്നു ദ്വിഭാഷി. ഇത്തരം ദ്വിഭാഷികളുടെ സഹായത്തോടെയാണ് യൂറോപ്യർ തദ്ദേശീയരുമായി സംവദിച്ചിരുന്നത്.

യൂറോപ്യൻ അടിമക്കപ്പലിൽ നിന്ന് രക്ഷപ്പെട്ട ഒലൗദ ഇക്കിയാനോ എന്ന ആഫ്രിക്കൻ സ്വദേശിയുടെ വിവരണമാണ് നിങ്ങൾ വായിച്ചത്. യൂറോപ്യരുടെ കോളനിവൽക്കരണം തദ്ദേശീയ ജനതയുടെ മേൽ സൃഷ്ടിച്ച അനന്തരഫലങ്ങളിലൊന്നാണ് ആഫ്രിക്കയിലെ അടിമത്തവും അടിമവ്യാപാരവും.

കോളനിവൽക്കരണത്തിന്റെ മറ്റുഫലങ്ങൾ എന്തൊക്കെയെന്ന് നോക്കാം.

- യൂറോപ്യൻ രാജ്യങ്ങളിലേക്ക് കോളനികളുടെ സമ്പത്ത് ഒഴുകി.
- തദ്ദേശീയർക്ക് തങ്ങളുടെ പ്രദേശങ്ങൾക്കുമേലെയുള്ള സാമ്പത്തിക-രാഷ്ട്രീയ അധികാരങ്ങൾ നഷ്ടപ്പെട്ടു.
- കോളനികളിലെ തദ്ദേശീയസംസ്കാരങ്ങൾ തകർച്ച നേരിട്ടു.
- കോളനികളിൽ പാശ്ചാത്യ ജീവിതരീതികളുടെ വ്യാപനമുണ്ടായി.
- ക്രിസ്തുമതം കോളനികളിൽ പ്രചരിപ്പിക്കപ്പെട്ടു.

## പുതുലോകം, മാറുന്ന സാമ്പത്തികക്രമങ്ങൾ

ഭൂമിശാസ്ത്രപര്യവേക്ഷണങ്ങൾ ആഗോള വ്യാപാരരംഗത്ത് വലിയമാറ്റങ്ങൾക്ക് വഴിതുറന്ന കാര്യം നമ്മൾ ചർച്ച ചെയ്തല്ലോ. വ്യാപാരരംഗത്ത് നേരത്തേ മുതൽ പ്രവർത്തിച്ചിരുന്നവർ ഇതോടെ അതിസമ്പന്നരായി മാറി. ഇവരെ കച്ചവടമുതലാളിമാർ എന്നാണ് വിളിച്ചിരുന്നത്. ഈ സമ്പദ്‌വ്യവസ്ഥയെ കച്ചവടമുതലാളിത്തം (Merchant Capitalism) എന്നുവിളിക്കുന്നു.

കച്ചവടമുതലാളിമാർ ഗ്രാമീണമേഖലയിൽ താമസിച്ചിരുന്ന കൈത്തൊഴിലുകാർക്ക് അസംസ്കൃതവസ്തുക്കൾ വിതരണം ചെയ്യുകയും കൈത്തൊഴിലുകാർ അവരുടെ വീടുകൾ കേന്ദ്രീകരിച്ച് ഉൽപാദനം നടത്തുകയും ചെയ്തിരുന്നു. കൈത്തൊഴിലുകാർക്ക് അവരുടെ സേവനത്തിന് പ്രതിഫലം നൽകിയ ശേഷം ഇവർ ഈ ഉൽപന്നങ്ങൾ ശേഖരിച്ച് വിറ്റഴിക്കുകയും ലാഭം നേടുകയും ചെയ്തു. ഇത്തരത്തിൽ ഉൽപാദകരുടെയും ഉപഭോക്താക്കളുടെയും ഇടയിലെ മധ്യവർത്തികളായി കച്ചവടമുതലാളിമാർ മാറി.

കോളനിവൽക്കരണത്തിലൂടെ നേടിയ സമ്പത്തുപയോഗിച്ച് ഇംഗ്ലണ്ട് വ്യവസായശാലകൾ ആരംഭിച്ച കാര്യം മുമ്പ് സൂചിപ്പിച്ചുവല്ലോ. ഇങ്ങനെ സമ്പത്ത് നിക്ഷേപിച്ചവർ വ്യവസായശാലകളുടെ ഉടമസ്ഥരാവുകയും വൻതോതിൽ ലാഭം നേടുകയും ചെയ്തു. ഇതോടെ കച്ചവടമുതലാളിത്തം വ്യാവസായികമുതലാളിത്തത്തിന് (Industrial Capitalism) വഴിതെളിച്ചു.

## വ്യാവസായികവിപ്ലവത്തിലേക്ക്

*ഫ്രഞ്ച് വിപ്ലവം യൂറോപ്പിൽ യുദ്ധത്തിന്റെ അഗ്നിക്ക് വഴിമാറുന്ന വേളയിൽ, ചാനലിനപ്പുറത്ത് (ഇംഗ്ലീഷ് ചാനൽ) പകൽ സൂര്യനെ തടഞ്ഞുകൊണ്ടും രാത്രി ആകാശത്തെ ഭാസുരമാക്കിക്കൊണ്ടും ഇംഗ്ലണ്ടിലെ ഫാക്ടറികളിലെ ചിമ്മിനികളിൽ നിന്ന് തീയും പുകയും ഉയർന്നുതുടങ്ങി...*



ഇംഗ്ലണ്ടിലെ ഒരു ഇരുമ്പ് വ്യവസായശാല

*(Western Civilization Beyond Boundaries Noble, Strauss, Osheim, Neuschel, Accampo, Roberts, Cohen)*

*(സ്വതന്ത്രപരിഭാഷ)*

പതിനെട്ടാം നൂറ്റാണ്ടോടുകൂടി ഇംഗ്ലണ്ടിൽ ഉയർന്നുവന്ന ഫാക്ടറികളെക്കുറിച്ചുള്ള സൂചനയാണ് മുകളിൽ നൽകിയിട്ടുള്ള വിവരണത്തിലുള്ളത്. ഈ ഫാക്ടറികൾ യന്ത്രങ്ങൾ ഉപയോഗിച്ച് വൻതോതിൽ ഉൽപാദനം നടത്തി. ഉൽപാദനമേഖലയിലേക്കുള്ള യന്ത്രങ്ങളുടെ കടന്നുവരവ് നിരവധി മാറ്റങ്ങൾ സൃഷ്ടിച്ചു. 1780നും 1850നും ഇടയിൽ ഉൽപാദനരംഗത്തുണ്ടായ ഇത്തരം മാറ്റങ്ങളെയാണ് വ്യാവസായിക വിപ്ലവം (Industrial Revolution) എന്നുവിളിക്കുന്നത്. വ്യാവസായികവിപ്ലവത്തിന്റെ ആരംഭം തുണിയുൽപാദന മേഖലയിലായിരുന്നു.

വ്യാവസായികമുതലാളിത്തം ഏത് രീതിയിലാണ് കച്ചവടമുതലാളിത്തത്തിൽ നിന്ന് വ്യത്യസ്തമാകുന്നതെന്ന് കണ്ടെത്തി രേഖപ്പെടുത്തുക.

വ്യാവസായികവിപ്ലവത്തിന്റെ ഫലമായുണ്ടായ പ്രധാന മാറ്റങ്ങൾ നമുക്ക് പരിശോധിക്കാം.

- ഉൽപാദനം യന്ത്രാധിഷ്ഠിതമായി.
- മെച്ചപ്പെട്ട ഇരുമ്പുരുക്കുസാങ്കേതികവിദ്യ വികസിക്കുകയും തൽഫലമായി മികച്ച ഉപകരണങ്ങൾ നിർമ്മിക്കപ്പെടുകയും ചെയ്തു.
- ഊർജസ്രോതസ്സായി ആവി ഉപയോഗിച്ചുതുടങ്ങി.
- ഗതാഗതസൗകര്യങ്ങൾ വികസിച്ചു.
- ഉൽപാദനം കുടിലുകളിൽ നിന്നും ഫാക്ടറികളിലേക്ക് മാറി.

### കാർഷികവിപ്ലവം (Agrarian Revolution)

പതിനേഴാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലെ കാർഷികരംഗത്തുണ്ടായ വലിയ മാറ്റങ്ങളെ സൂചിപ്പിക്കാനാണ് 'കാർഷിക വിപ്ലവം' എന്ന പദം ഉപയോഗിക്കുന്നത്. കാർഷിക വിപ്ലവവുമായി ബന്ധപ്പെട്ട പ്രധാനമാറ്റങ്ങൾ.

- ചെറിയ കൃഷിയിടങ്ങളെ കൂട്ടിച്ചേർത്ത് വലിയ കൃഷിയിടങ്ങളാക്കി വേലി കെട്ടി സംരക്ഷിച്ചു (Enclosure Movement).
- വിളമാറ്റകൃഷി ആരംഭിച്ചു.
- പുതിയ കാർഷികോപകരണങ്ങളുടെ ഉപയോഗം.

തൽഫലമായി ഭക്ഷ്യോൽപാദനത്തിൽ വർധനവുണ്ടായി.

വ്യാവസായികവിപ്ലവം മനുഷ്യജീവിതത്തിൽ ഗുണകരവും ദോഷകരവുമായ മാറ്റങ്ങൾക്ക് വഴിയൊരുക്കി. അവ എന്തൊക്കെയെന്ന് പരിശോധിക്കാം.

| നേട്ടങ്ങൾ | കോട്ടങ്ങൾ |
|---|---|
| ഫാക്ടറികളുടെ ഉദയം | തൊഴിലാളികളെ ചൂഷണം ചെയ്യൽ |
| ഉൽപാദന വർധനവ് | ദാരിദ്ര്യം, പകർച്ചവ്യാധി |
| പുതിയ തൊഴിലവസരങ്ങൾ | സ്ത്രീകൾക്കും കുട്ടികൾക്കും ദൈർഘ്യമേറിയ തൊഴിൽ സമയവും കുറഞ്ഞ വേതനവും |
| നഗരങ്ങളുടെ ഉദയവും വ്യാപനവും | ചേരികളുടെ ഉദയം |
| നാഗരിക ജീവിതം | തിരക്കേറിയതും ശുചിത്വമില്ലാത്തതുമായ നഗരങ്ങൾ |
| മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങൾ | നഗരങ്ങളിൽ തൊഴിലാളികൾക്ക് ദുരിതജീവിതം |

## സെന്റ് ഗിൽസ്



സെന്റ് ഗിൽസ് ചേരിയിലെ ചിത്രം

ലണ്ടൻ നഗരത്തിലെ സെന്റ് ഗിൽസ് ചേരിയിലെ ദാരിദ്ര്യത്തെ സൂചിപ്പിക്കുന്ന ചിത്രമാണിത്. "വെടിപ്പാക്കപ്പെടാത്ത കുട്ടികൾ, നീണ്ട്, ചീകി ഒതുക്കാത്ത മുടിയുള്ള, കീറിപ്പറിഞ്ഞ വസ്ത്രങ്ങളുടുത്ത, പുകവലിക്കുന്ന, ഏറെയും അയർലന്റിൽ നിന്നുവന്ന, ക്ഷീണിച്ച് അവശരായ പുരുഷന്മാർ; ഷൂവും കാലുറയും ഇല്ലാത്ത, മിക്കവാറും ഒരു കുഞ്ഞിനെ മാറത്തുചേർത്തിട്ടുള്ള, അരയോട് ചേർത്ത് ഒരു വള്ളികൊണ്ട് കെട്ടിയ ഒറ്റയുടുപ്പ് മാത്രമിട്ട സ്ത്രീകൾ; ചെന്നായ്ക്കളെ പോലെയുള്ള നായ്ക്കൾ; ചീഞ്ഞ പച്ചക്കറികൾ ചിതറിക്കിടക്കുന്ന നടപ്പാതകൾ; ഉയരം കുറഞ്ഞ വീടുകൾ; തെരുവിന് കുറുകെ തൂക്കിയിട്ടിരിക്കുന്ന ലിനൻ; ജോലിക്കിടയിൽ സ്തംഭിച്ചു പോയ ജനത; ഷൂട്ടിംഗ് ജാക്കറ്റുകളുടെ അവശിഷ്ടങ്ങളുടെ ഇടയിലും ജനൽപാളികൾ ചാരിയും മുറ്റവും പാതയും തടസ്സപ്പെടുത്തി വിശ്രമിക്കുന്നവർ; അവർക്കുചുറ്റും ഉറക്കമൊഴിഞ്ഞിട്ടെന്നോണം തളർന്ന് അവശരായ ബാലന്മാർ. ബഹുജനങ്ങളും അവരുടെ ജീവനോപാധികളും തമ്മിലുള്ള ബന്ധം മുൻപൊരിക്കലും ഇത്രയ്ക്ക് മോശമായിരുന്നില്ല.

*(Western Civilization Beyond Boundaries Noble, Strauss, Osheim, Neuschel, Accampo, Roberts, Cohen)*

*(സ്വതന്ത്രപരിഭാഷ)*

വ്യവസായവൽക്കരണത്തിന്റെ കോട്ടങ്ങൾ നിങ്ങൾ ശ്രദ്ധിച്ചല്ലോ. വ്യാവസായികമുതലാളിത്ത ചൂഷണത്തിനെതിരെ വിവിധ തരത്തിലുള്ള പ്രതിഷേധങ്ങളും ആശയങ്ങളും ഉയർന്നുവന്നു. ഇതിൽ സുപ്രധാനമായിരുന്നു സോഷ്യലിസ്റ്റ് ആശയങ്ങൾ. വിഭവങ്ങളുടെ നീതിയുക്തമായ വിതരണവും ഉൽപാദനോപാധികളുടെ പൊതു ഉടമസ്ഥതയുമായിരുന്നു സോഷ്യലിസ്റ്റ് ആശയങ്ങളുടെ കേന്ദ്രബിന്ദു. ആദ്യകാലത്ത് ഒരു സങ്കല്പമോ സ്വപ്നമോ ആയിരുന്ന സോഷ്യലിസത്തെ പ്രായോഗികവും ശാസ്ത്രീയവുമായ ഒരു പ്രത്യയശാസ്ത്രമാക്കി മാറ്റിയത് കാൾമാർക്സും ഫ്രെഡറിക് ഏംഗൽസും ചേർന്നാണ്.



കാൾ മാർക്സ്

വ്യാവസായികവിപ്ലവത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും എന്ന വിഷയത്തിൽ സംവാദം സംഘടിപ്പിക്കുക.

## സാമ്രാജ്യത്വം

ബ്രിട്ടീഷ് ആക്ഷേപഹാസ്യ മാസികയായ 'പഞ്ച്' 1906ൽ പ്രസിദ്ധീകരിച്ച കാർട്ടൂൺ ആണിത്. ഒരു സർപ്പത്തിന്റെ രൂപത്തിൽ റബ്ബർ ചുരുളുകളായി ബെൽജിയത്തിലെ ലിയോപോൾഡ് രാജാവ് ഒരു കോംഗോസ്വദേശിയെ ചുറ്റിവരിയുന്നതായാണ് കാർട്ടൂണിൽ ചിത്രീകരിച്ചിരിക്കുന്നത്. യൂറോപ്യൻ രാജ്യമായിരുന്ന ബൽജിയം, ആഫ്രിക്കയിലെ കോംഗോയിൽ ആരംഭിച്ച റബ്ബർകൃഷി അവിടത്തുകാരെ എങ്ങനെ ബാധിച്ചു എന്നാണ് കാർട്ടൂൺ അടയാളപ്പെടുത്തുന്നത്.



ബൽജിയൻ കോംഗോയിലെ റബ്ബർ ചുരുളുകൾ

- എന്തിനായിരിക്കാം ബൽജിയം ആഫ്രിക്കൻ രാജ്യമായ കോംഗോയിൽ റബ്ബർകൃഷി ആരംഭിച്ചത്?
- കോംഗൊയെ ഇത് എങ്ങനെയെല്ലാം ബാധിച്ചിരിക്കാം?
- ഇത്തരം നടപടികൾ സ്വീകരിച്ചത് ബൽജിയം മാത്രമായിരുന്നോ?

നമുക്ക് പരിശോധിക്കാം.

വ്യവസായശാലകളിൽ ഉൽപാദനം വർധിച്ചതോടെ ഇവയ്ക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ പൂർണ്ണമായും വ്യാവസായികരാജ്യങ്ങളിൽ നിന്നുതന്നെ കണ്ടെത്താൻ കഴിയാതെ വന്നു. തൽഫലമായി, ബൽജിയം പോലുള്ള വ്യാവസായിക

**സാമ്രാജ്യത്വം**

ഒരു രാജ്യം അതിന്റെ അതിർത്തിക്ക് പുറത്തുള്ള മറ്റ് പ്രദേശങ്ങളുടെ മേൽ രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക അധീശത്വം സ്ഥാപിക്കുകയും അത് നിലനിർത്തുകയും ചെയ്യുന്ന പ്രക്രിയയാണ് സാമ്രാജ്യത്വം.

രാജ്യങ്ങൾ കോളനികളെ തങ്ങൾക്ക് റബ്ബർ പോലുള്ള അസംസ്കൃത വസ്തുക്കൾ ശേഖരിക്കാനുള്ള കേന്ദ്രങ്ങളാക്കി മാറ്റി.

ഉൽപാദനം പരമാവധി വർധിപ്പിച്ചും വേതനം കുറച്ചും ലാഭം നേടിയെടുക്കാൻ വ്യാവസായികമുതലാളിമാർ ശ്രമിച്ചു. വേതനത്തിലെ കുറവ് ജനങ്ങൾക്ക് ഉൽപന്നങ്ങൾ വാങ്ങുവാനുള്ള ശേഷി കുറച്ചു. തന്മൂലം ഉൽപന്നങ്ങൾ പൂർണ്ണമായും അതത് രാജ്യങ്ങളിൽ ത്തന്നെ വിറ്റഴിക്കാൻ കഴിയാതെ വന്നു. അങ്ങനെ വ്യാവസായിക രാഷ്ട്രങ്ങൾ വിപണികൾക്കായി അന്വേഷണം ആരംഭിച്ചു. കോളനികളിലാണ് ഇവർ ഈ വിപണികൾ കണ്ടെത്തിയത്. ചുരുക്കത്തിൽ കോളനികളെ അസംസ്കൃതവസ്തുക്കൾ ശേഖരിക്കാനുള്ള ഇടവും ഉൽപന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണികളുമായി യൂറോപ്യർ മാറ്റി. ഇതിനായി അവിടെ രാഷ്ട്രീയാധിപത്യം സ്ഥാപിച്ചു. ഇത് സാമ്രാജ്യത്വത്തിന് (Imperialism) വഴിതെളിച്ചു.

യൂറോപ്യൻ രാജ്യങ്ങളുടെ സാമ്പത്തികനയങ്ങളെ സാമ്രാജ്യത്വം എങ്ങനെ മാറ്റി മറിച്ചു? ചർച്ച ചെയ്യുക.

പത്തൊമ്പതാം നൂറ്റാണ്ടിന്റെ രണ്ടാം പാദത്തോടുകൂടി ഇംഗ്ലണ്ട്, ഫ്രാൻസ് എന്നീ രാജ്യങ്ങൾ വൻ സാമ്രാജ്യത്വ ശക്തികളായി മാറി. ലോകത്തിന്റെ വലിയൊരുഭാഗം ഈ രണ്ട് ശക്തികളുടെ ആധിപത്യത്തിലായിത്തീർന്നു. താമസിയാതെ, പുതിയ സാമ്രാജ്യത്വരാജ്യങ്ങളായി ജർമ്മനി, ഇറ്റലി, ബൽജിയം, അമേരിക്ക, ജപ്പാൻ എന്നീ രാജ്യങ്ങളും ഉയർന്നുവന്നു. ഈ പുതിയ സാമ്രാജ്യത്വരാജ്യങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ തങ്ങളുടെ കോളനികൾ വ്യാപിപ്പിക്കുവാൻ ശ്രമം ആരംഭിച്ചു. ഇത് പഴയ സാമ്രാജ്യത്വ ശക്തികളും പുതിയവരും തമ്മിലുള്ള കിടമത്സരത്തിലേക്ക് നയിച്ചു. ഇത് ഇരുപതാംനൂറ്റാണ്ടിലെ ലോകചരിത്രത്തിന്റെ ഗതിയെ സ്വാധീനിക്കുകയും പുതിയ സംഘർഷങ്ങൾക്ക് വഴിയൊരുക്കുകയും ചെയ്തു. അവ ഏതൊക്കെയെന്ന് പരിശോധിക്കാം.

## ഒന്നാം ലോകയുദ്ധം

**"1992 ജൂൺ 28ന്, ആ വർഷത്തിലെ തുടർന്നുള്ള ദിവസങ്ങളിൽ ആയിരക്കണക്കിന് ജീവനുകൾക്ക് അറുതിവരുത്തിയ, ബാൾക്കൺ യുദ്ധത്തിന്റെ കേന്ദ്രമായി കഴിഞ്ഞിരുന്ന സാരായാവോയിലേക്ക് ഫ്രഞ്ച് പ്രസിഡന്റ് മീറ്റാറാന്റ് അപ്രഖ്യാപിതവും അപ്രതീക്ഷിതവുമായ ഒരു ദ്രുതസന്ദർശനം നടത്തി... എന്തുകൊണ്ടായിരിക്കാം ഫ്രഞ്ച് പ്രസിഡന്റ് സാരായാവോയിലേക്ക് ആ പ്രത്യേക ദിനം തിരഞ്ഞെടുത്തത്?... കാരണം, ജൂൺ 28 എന്നത് ഓസ്ട്രിയ-ഹംഗറിയുടെ ആർച്ച് ഡ്യൂക്കായിരുന്ന ഫ്രാൻസിസ് ഫെർഡിനന്റ് സാരായാവോയിൽ വച്ച് 1914ൽ കൊല്ലപ്പെട്ടതിന്റെ വാർഷികദിനമായിരുന്നു..."**

*The Age of Extremes The Short Twentieth Century 1914-1991, Eric Hobsbawm*

*(സ്വതന്ത്രപരിഭാഷ)*



എറിക് ഹോബ്സ്ബോം

പ്രശസ്ത ചരിത്രകാരൻ എറിക് ഹോബ്സ്ബോം, ഫ്രഞ്ച് പ്രസിഡന്റ് സാരായാവോയിലേക്ക് നടത്തിയ യാത്രയെ വിവരിക്കുന്ന ഭാഗമാണിത്. 1914 മുതൽ 1918 വരെ നടന്ന ഒന്നാം ലോകയുദ്ധത്തിന്റെ കാരണങ്ങളിലൊന്നായ കൊലപാതകമാണ് അദ്ദേഹം ഓർമ്മിപ്പിക്കുന്നത്. ലോകത്തിലെ എല്ലാ രാജ്യങ്ങളും പ്രത്യക്ഷമായോ പരോക്ഷമായോ പങ്കെടുത്ത ആദ്യ യുദ്ധമായിരുന്നു ഇത്. യുദ്ധത്തിലേക്ക് നയിച്ച മറ്റ് കാരണങ്ങൾ എന്തൊക്കെയാണെന്ന് നമുക്ക് നോക്കാം.

### സാമ്രാജ്യത്വരാജ്യങ്ങളുടെ കിടമത്സരം

സാമ്രാജ്യത്വശക്തികളുടെ കിടമത്സരത്തെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. പഴയ സാമ്രാജ്യത്വരാജ്യങ്ങളുടെ കൈവശമുള്ള പ്രദേശങ്ങളെ പിടിച്ചെടുത്താൽ മാത്രമേ പുതിയ സാമ്രാജ്യത്വശക്തികൾക്ക് തങ്ങളുടെ ഉദ്യമത്തിൽ വിജയിക്കാൻ കഴിയുമായിരുന്നുള്ളൂ. സാമ്പത്തിക, വ്യാവസായിക രംഗങ്ങളിൽ ജർമ്മനി കൈവരിച്ച അഭൂതപൂർവമായ മുന്നേറ്റം ഫ്രാൻസിനെയും ഇംഗ്ലണ്ടിനെയും ആശങ്കപ്പെടുത്തി. ആഫ്രിക്കയിലെയും ഏഷ്യയിലെയും പ്രദേശങ്ങൾ ഇംഗ്ലണ്ടിന്റെയും ഫ്രാൻസിന്റെയും കോളനികളായിരുന്നതിനാൽ തുർക്കിയുടെ നിയന്ത്രണത്തിലായിരുന്ന ഓട്ടോമൻ സാമ്രാജ്യത്തിലെ പ്രദേശങ്ങളിലേക്കായിരുന്നു ജർമ്മനി കണ്ണ് വച്ചത്. ഇതിനായി അവർ ബർലിൻ-ബാഗ്ദാദ് റെയിൽവേ പാത ആസൂത്രണം ചെയ്തു. ഇത് തങ്ങളുടെ സ്വാധീനമേഖലകളുടെ സുരക്ഷയെ ബാധിക്കുമോ എന്ന ആശങ്ക ഇംഗ്ലണ്ട്, ഫ്രാൻസ്, റഷ്യ എന്നീ രാജ്യങ്ങൾക്കുണ്ടായി. അങ്ങനെ സംഘർഷങ്ങളും ശത്രുതയും വളർന്നുവന്നു.

### തീവ്രദേശീയത

സ്വന്തം രാജ്യത്തോടുള്ള അമിതവും വൈകാരികവുമായ സ്നേഹവും അതിന്റെ മഹത്വവൽക്കരണവുമാണ് തീവ്രദേശീയത. ഇത് പലപ്പോഴും വംശീയതയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു വംശത്തിൽപ്പെട്ട ജനങ്ങൾ വസിക്കുന്ന പ്രദേശങ്ങളെല്ലാം തങ്ങളുടെതാണ് എന്ന വാദം പല രാജ്യങ്ങളും മുന്നോട്ടുവച്ചു. ഇതരപ്രദേശങ്ങൾ സ്വന്തമാക്കി തങ്ങളുടെ രാഷ്ട്രവിസ്തൃതി വർധിപ്പിക്കാനുള്ള ശ്രമങ്ങൾക്ക് ഈ രാഷ്ട്രങ്ങൾ വംശീയതയെ ഉപയോഗിക്കുകയായിരുന്നു. തീവ്രദേശീയത ജർമ്മനി, സെർബിയ തുടങ്ങിയ രാജ്യങ്ങളിൽ അപകടകരമായ അവസ്ഥയിലേക്ക് വളർന്നു. പാൻ-സ്ലാവ്, പാൻ-ജർമ്മൻ പ്രസ്ഥാനങ്ങൾ ഇത്തരത്തിലുള്ള തീവ്രദേശീയ പ്രസ്ഥാനങ്ങൾക്കുള്ള ഉദാഹരണങ്ങളാണ്.

#### പാൻ-സ്ലാവ് പ്രസ്ഥാനം

കിഴക്കൻ യൂറോപ്പിലെ സ്ലാവു വംശജർ വസിക്കുന്ന പ്രദേശങ്ങളെല്ലാം ഏകീകരിക്കണമെന്ന ആശയം മുന്നോട്ട് വച്ച പ്രസ്ഥാനമാണിത്. ബാൽക്കൺ രാജ്യമായ സെർബിയ ഇതിന് നേതൃത്വം നൽകി. ഈ പ്രസ്ഥാനത്തെ റഷ്യ പിന്തുണച്ചു.

#### പാൻ-ജർമ്മൻ പ്രസ്ഥാനം

ജർമ്മനിയുടെ നേതൃത്വത്തിൽ ആരംഭിച്ച പ്രസ്ഥാനമാണിത്. മധ്യയൂറോപ്പിലേക്കും ബാൽക്കൺ മേഖലയിലേക്കും അധികാരം വ്യാപിപ്പിക്കാനായി ട്യൂട്ടോണിക് വംശജരെ ഏകോപിപ്പിക്കുക എന്നതായിരുന്നു ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം.

### സൈനികസഖ്യങ്ങളുടെ രൂപീകരണം

കോളനികൾക്കായുള്ള മത്സരവും തീവ്രദേശീയതയും പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനനാളുകളിൽ യൂറോപ്പിലെ രാജ്യങ്ങൾക്കിടയിൽ പരസ്പരം ഭയവും സംശയവും ജനിപ്പിച്ചു. ഇത് രാജ്യങ്ങളെ സൈനികസഖ്യങ്ങൾ രൂപീകരിക്കാൻ പ്രേരിപ്പിച്ചു. തൽഫലമായി രണ്ട് പ്രധാന സൈനിക സഖ്യങ്ങൾ രൂപപ്പെട്ടു. അവയാണ് ത്രികക്ഷിസഖ്യവും ത്രികക്ഷി സൗഹാർദവും.

**സൈനികസഖ്യങ്ങൾ**

- ത്രികക്ഷി സഖ്യം (Triple Alliance)
  - ഇറ്റലി
  - ജർമ്മനി
  - ഓസ്ട്രിയ-ഹംഗറി
- ത്രികക്ഷി സൗഹാർദം (Triple Entente)
  - ഇംഗ്ലണ്ട്
  - റഷ്യ
  - ഫ്രാൻസ്



ആർച്ച്ഡ്യൂക്ക് ഫ്രാൻസിസ് ഫെർഡിനന്റിനെ വധിക്കുന്ന രംഗം, ഒരു ഇറ്റാലിയൻ ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച ചിത്രം

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ രണ്ട് സഖ്യങ്ങളിൽപ്പെട്ട രാഷ്ട്രങ്ങൾ തമ്മിൽ സംഘർഷങ്ങളുണ്ടായി. ഒരു രാഷ്ട്രത്തിന്റെ അധീനതയിലുള്ള പ്രദേശമോ കോളനിയോ മറ്റൊരു രാഷ്ട്രം പിടിച്ചെടുക്കാൻ ശ്രമിച്ചതാണ് പലപ്പോഴും സംഘർഷങ്ങൾക്ക് വഴിവച്ചത്. സൈനികസഖ്യങ്ങളിൽ അംഗമായ ഏതെങ്കിലുമൊരു രാജ്യം ഉൾപ്പെട്ട സംഘർഷങ്ങളിൽ മറ്റ് സഖ്യ അംഗങ്ങൾ കൂടി പങ്കുചേർന്നതോടെ പ്രതിസന്ധികൾ രൂക്ഷമായിത്തീർന്നു.

ഫ്രഞ്ച് പ്രസിഡന്റ് മീറ്റാറാന്റ് സന്ദർശനം നടത്തിയ ബോസ്നിയയുടെ തലസ്ഥാനമായ സാരായാവോയിൽ വച്ച് ഓസ്ട്രിയ-ഹംഗറിയുടെ കിരീടാവകാശിയായ ആർച്ച്ഡ്യൂക്ക് ഫ്രാൻസിസ് ഫെർഡിനന്റ് കൊല്ലപ്പെട്ടത് മുമ്പ് സൂചിപ്പിച്ചുവല്ലോ. സെർബിയൻ പൗരനായ ഗാവ്‌ലൊ പ്രിൻസപ്പാണ് അദ്ദേഹത്തെ വധിച്ചത്. സെർബിയയും ഓസ്ട്രിയയും തമ്മിൽ തർക്കം നിലനിന്നിരുന്നതിനാൽ സെർബിയയ്ക്ക് ഈ വധത്തിൽ പങ്കുണ്ടെന്ന് ഓസ്ട്രിയ ആരോപിച്ചു. തുടർന്ന് 1914 ജൂലൈ 28ന് ഓസ്ട്രിയ-ഹംഗറി സെർബിയയ്ക്കെതിരെ യുദ്ധം പ്രഖ്യാപിച്ചു. ഇരുപക്ഷത്തും സഖ്യരാഷ്ട്രങ്ങൾ അണിചേർന്നതോടെ ഇത് ലോകയുദ്ധമായി മാറി.

യുദ്ധത്തിന്റെ അനന്തരഫലങ്ങൾ ചുവടെ നൽകുന്നു.

- ദശലക്ഷക്കണക്കിന് സൈനികർക്കും സാധാരണ ജനങ്ങൾക്കും ജീവഹാനി സംഭവിച്ചു.

- കാർഷിക-വ്യവസായ മേഖലകൾ തകർന്നു.
- യൂറോപ്യൻ മേധാവിത്വത്തിന്റെ തകർച്ചയ്ക്ക് ആരംഭം കുറിച്ചു.
- ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളിൽ സ്വാതന്ത്ര്യസമരങ്ങൾ ശക്തിപ്പെട്ടു.
- സർവരാജ്യസഖ്യത്തിന്റെ (League of Nations) രൂപീകരണം.
- ഇറ്റലി, ജർമ്മനി, സ്പെയിൻ എന്നീ രാജ്യങ്ങൾ സമഗ്രാധിപത്യ (Totalitarianism) ഭരണത്തിലേക്ക് നീങ്ങി.

### സർവരാജ്യസഖ്യം
### (League of Nations)

ലോകസമാധാനം സംരക്ഷിക്കുന്നതിനും എല്ലാ രാജ്യങ്ങൾക്കും സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിനും ഒരു അന്തർദേശീയസംഘടന രൂപീകരിക്കണമെന്ന ആശയം അമേരിക്കൻ പ്രസിഡന്റായ വുഡ്രോ വിൽസൻ മുന്നോട്ടുവച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 1920 ജനുവരി 10ന് ലോകസമാധാനവും സുരക്ഷയും പുനഃസ്ഥാപിക്കുന്നതിന് രൂപീകരിച്ച അന്തർദേശീയസംഘടനയാണ് സർവരാജ്യസഖ്യം.

## യൂറോപ്പിൽ സമഗ്രാധിപത്യത്തിന്റെ വളർച്ച


ഓഷ്‌വിറ്റ്സിലെ സ്മാരകം

*2021ൽ തന്നെ സന്ദർശിച്ച നാസി കോൺസൺട്രേഷൻ ക്യാമ്പ് അതിജീവിത ലിദിയ മാക്സിമോവിക്സിന്റെ കൈയിൽ, അവൾ മൂന്നാം വയസ്സിൽ ഓഷ്‌വിറ്റ്സ് തടങ്കൽ പ്പാളയത്തിൽ എത്തിയപ്പോൾ പച്ചകുത്തിയ ജയിൽപുള്ളിനമ്പറിൽ ഫ്രാൻസിസ് മാർപാപ്പ ചുംബിച്ചു. ഓഷ്‌വിറ്റ്സിൽ ഡോ. ജോസഫ് മംഗലെയുടെ അതിക്രൂരമായ പരീക്ഷണങ്ങൾക്ക് ഉപയോഗിക്കപ്പെട്ട ആ കുഞ്ഞുമാലാഖയ്ക്ക് ഓരോ ദിവസവും മരണത്തെ നേരിൽ കാണേണ്ടിവന്നിരുന്നു. സ്വന്തം ജീവൻ പണയംവച്ച് അവളുടെ അമ്മ ഒളിച്ചു കടത്തിക്കൊണ്ടുവന്ന അപ്പക്കഷ്ണങ്ങളിലാണ് ആ കൊച്ചുജീവൻ പിടിച്ചുനിന്നത്. ഓഷ്‌വിറ്റ്സിൽ നിന്ന് മോചിതയായപ്പോൾ നാലുവയസ്സുമാത്രമുണ്ടായിരുന്ന അവളെ കാത്തിരുന്നതാകട്ടെ എവിടെയോ ഓടിപ്പോകാൻ നിർബന്ധിതയായിരുന്ന തന്റെ അമ്മയ്ക്കുവേണ്ടിയുള്ള തിരച്ചിലായിരുന്നു...*

*(സ്വതന്ത്രപരിഭാഷ)*

മുകളിൽ സൂചിപ്പിച്ചിരിക്കുന്നത് ഓഷ്‌വിറ്റ്സിലെ (പോളണ്ട്) നാസി കോൺസൺട്രേഷൻ ക്യാമ്പിനെ (നാസി തടങ്കൽപ്പാളയം) അതിജീവിച്ച ലിദിയ മാക്സിമോവിക്സിന്റെ ജീവിതകഥയാണ്. എ ലിറ്റിൽ ഗേൾ ഇൻ ഓഷ്‌വിറ്റ്സ് (A Little Girl in Auschwitz) എന്ന പുസ്തകത്തിലാണ് അവർ താൻ നേരിട്ട അനുഭവങ്ങളെക്കുറിച്ച് വിവരിക്കുന്നത്. നാസിസത്തെപ്പറ്റി നിങ്ങൾ മുമ്പ് കേട്ടിട്ടുണ്ടോ? അതിന്റെ ചരിത്രം പരിശോധിക്കാം.

ഒന്നാം ലോകയുദ്ധം യൂറോപ്പിൽ സൃഷ്ടിച്ച സാമ്പത്തിക-രാഷ്ട്രീയ അനിശ്ചിതത്വത്തിന്റെ ഫലമായി സമഗ്രാധിപത്യ (Totalitarianism) ത്തിന് ഊന്നൽ നൽകിയ പ്രസ്ഥാനങ്ങൾ ചിലരാജ്യങ്ങളിൽ ഉയർന്നുവന്നു. പൗരരുടെ സ്വകാര്യതയെ മാനിക്കാതെ ഭരണകൂടത്തിന്റെ അധികാരം ജീവിതത്തിന്റെ എല്ലാ മേഖല

കളിലും നിയന്ത്രണം സ്ഥാപിക്കുന്നതാണ് സമഗ്രാധിപത്യം. ഈ ആശയസംഹിത രാഷ്ട്രത്തെ അമിതമായി വാഴ്ത്തുകയും പൗരർ അവകാശങ്ങളില്ലാതെ രാഷ്ട്രത്തിനുവേണ്ടി ജീവിക്കണമെന്ന നിലപാട് എടുക്കുകയും ചെയ്യുന്നു. സമഗ്രാധിപത്യത്തിന്റെ സവിശേഷതകൾ പരിശോധിക്കാം.

- ജനാധിപത്യത്തിന്റെ നിരാസം
- സോഷ്യലിസത്തോടുള്ള വിയോജിപ്പ്
- സ്വേച്ഛാധിപത്യഭരണത്തെ പിന്തുണയ്ക്കൽ
- തീവ്രദേശീയത
- രാഷ്ട്രീയ എതിരാളികളെ ഉന്മൂലനം ചെയ്യൽ
- യുദ്ധത്തെയും അക്രമത്തെയും മഹത്വവൽക്കരിക്കൽ

ഒന്നാം ലോകയുദ്ധാനന്തരം ഇറ്റലിയിലും ജർമ്മനിയിലും അധികാരത്തിൽ വന്ന സമഗ്രാധിപത്യപ്രസ്ഥാനങ്ങളെ നമുക്ക് പരിചയപ്പെടാം.

### ഫാഷിസം

'ഫാസസ്' എന്ന ലത്തീൻ പദത്തിൽ നിന്നുമാണ് 'ഫാഷിസം' എന്ന പദം രൂപം കൊണ്ടത്. റോമൻ ചക്രവർത്തിമാരുടെ അധികാരത്തെ സൂചിപ്പിക്കുന്ന 'ഒരു കെട്ട് ദണ്ഡും അതിനു മുകളിൽ ഒരു മഴുവും' എന്നാണ് ഇതിന്റെ അർഥം.

| ഇറ്റലി | ജർമ്മനി |
|---|---|
| • ഇറ്റലിയിൽ 'ഫാഷിസം' (Fascism) എന്നറിയപ്പെടുന്നു.<br>• സ്ഥാപകൻ - ബെനിറ്റോ മുസ്സോളിനി<br>• 1922 ൽ അധികാരം പിടിച്ചെടുക്കുമെന്ന് ഭയപ്പെടുത്തി തലസ്ഥാനമായ റോമിലേക്ക് മാർച്ച് സംഘടിപ്പിച്ചു.<br>• മാർച്ചിനുശേഷം അധികാരത്തിൽ വന്നു.<br>• 'കരിങ്കുപ്പായക്കാർ' (Blackshirts) എന്ന സായുധസംഘത്തെ രൂപീകരിച്ചു.<br>• ഫാഷിസ്റ്റ് ഇതര പാർട്ടികളെ നിരോധിച്ചു.<br>• സോഷ്യലിസ്റ്റ്, തൊഴിലാളി, കർഷക പ്രസ്ഥാനങ്ങളോടുള്ള ശത്രുത.<br><br>ബെനിറ്റോ മുസ്സോളിനി | • ജർമ്മനിയിൽ നാസിസം (Nazism) എന്നറിയപ്പെടുന്നു.<br>• സ്ഥാപകൻ - അഡോൾഫ് ഹിറ്റ്ലർ<br>• 1923 ൽ അധികാരം പിടിച്ചെടുക്കാൻ ബെർലിനിലേക്ക് മാർച്ച് സംഘടിപ്പിക്കുകയും തുടർന്ന് തുറുങ്കിലടയ്ക്കപ്പെടുകയും ചെയ്തു.<br>• തിരഞ്ഞെടുപ്പിലൂടെ അധികാരത്തിൽ എത്താനുള്ള ശ്രമം ആരംഭിച്ചു.<br>• 'തവിട്ട് കുപ്പായക്കാർ' (Brownshirts) എന്ന സൈന്യത്തിന് രൂപം നൽകി.<br>• 1933ലെ തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടാൻ കഴിഞ്ഞില്ലെങ്കിലും കുതന്ത്രങ്ങളിലൂടെ അധികാരത്തിൽ വന്നു.<br>• കമ്മ്യൂണിസ്റ്റുകൾ, സോഷ്യലിസ്റ്റുകൾ, ജനാധിപത്യവാദികൾ, ജൂതർ എന്നിവരെ ഇല്ലാതാക്കാനുള്ള നയം നടപ്പിലാക്കി.<br>• 'ഗസ്റ്റപ്പോ' എന്ന രഹസ്യ പോലീസ് സേനയെ ഉപയോഗിച്ച് വിവരങ്ങൾ ശേഖരിച്ചു.<br>• ഹിറ്റ്ലറുടെ ആക്രമണപരമ്പരകൾ രണ്ടാം ലോകയുദ്ധത്തിലേക്ക് നയിച്ചു.<br><br>അഡോൾഫ് ഹിറ്റ്ലർ |

സമഗ്രാധിപത്യം പൗരസ്വാതന്ത്ര്യത്തിനും ലോകസമാധാനത്തിനും ഭീഷണിയായിരുന്നു. ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## വീണ്ടും യുദ്ധത്തിലേക്ക്

പ്രിയപ്പെട്ട അമ്മേ,

ഞാൻ അറിയുന്ന എല്ലാവരിലും വച്ച് എന്റെ അന്തിമ ചിന്തകൾ ഏറ്റവും അധികം സ്പർശിക്കാൻ പോകുന്നത് അമ്മയെ ആയിരിക്കുമെന്ന് എനിക്കറിയാവുന്നതിനാൽ അവ ഞാൻ അമ്മയോട് തന്നെ പങ്കുവയ്ക്കട്ടെ. എന്റെ വിധി ഞാൻ തന്നെയാണ് തിരഞ്ഞെടുത്തത്. അതിനാൽ എന്റെ മരണത്തിന് ആരെയും കുറ്റപ്പെടുത്തരുത്.

അമ്മയ്ക്ക് എന്താണ് എഴുതേണ്ടത് എന്നെനിക്കറിയില്ല. കാരണം എനിക്ക് ശരിയായി ചിന്തിക്കാൻ സാധിക്കുന്നുണ്ടെങ്കിലും ഉചിതമായ വാക്കുകൾ കിട്ടുന്നില്ല. സ്വാതന്ത്ര്യ പോരാട്ടത്തിലെ എന്റെ പങ്കാളിത്തം ഞാൻ സ്വയം തിരഞ്ഞെടുത്തതാണ്. വിജയം അടുത്തെത്തിക്കഴിഞ്ഞിരിക്കുന്ന ഈ അവസരത്തിൽ പക്ഷേ, ഞാൻ മരിക്കുകയാണ്.

സ്പാർട്ടക്കോ ഫോണ്ടനോട്ട്

*The Age of Extremes The Short Twentieth Century 1914-1991, Eric Hobsbawm*
(സ്വതന്ത്രപരിഭാഷ)

ഫ്രഞ്ച് ലിബറേഷൻ ആർമിയിലെ ഇറ്റാലിയൻ സന്നദ്ധ സൈനികനായിരുന്ന സ്പാർട്ടക്കോ ഫോണ്ടനോട്ട് മരണത്തിനുമുമ്പ് അദ്ദേഹത്തിന്റെ അമ്മയ്ക്ക് അയച്ച കത്താണിത്. അദ്ദേഹത്തിന് ജീവൻ നഷ്ടപ്പെട്ടത് രണ്ടാം ലോകയുദ്ധത്തിലാണ്. 1939 മുതൽ 1945 വരെ നടന്ന ഈ യുദ്ധത്തിന്റെ പശ്ചാത്തലം നമുക്ക് പരിശോധിക്കാം.

### വേഴ്സായ് ഉടമ്പടി

ഒന്നാം ലോകയുദ്ധാനന്തരം സഖ്യകക്ഷികളുമായി ജർമ്മനി ഒപ്പുവച്ച സമാധാനസന്ധിയാണ് വേഴ്സായ് ഉടമ്പടി. അതിന്റെ വ്യവസ്ഥകളാണ് രണ്ടാം ലോകയുദ്ധത്തിന്റെ വിത്തുകൾ പാകിയത്. ഈ ഉടമ്പടി പ്രകാരം ജർമ്മനിക്ക് കോളനികളും തങ്ങളുടെ കൈവശമുണ്ടായിരുന്ന പ്രദേശങ്ങളും നഷ്ടപ്പെട്ടു. ജർമ്മനിയെ നിരായുധീകരിക്കുകയും യുദ്ധപ്പിഴയായി വൻതുക ജർമ്മനിയുടെ മേൽ ചുമത്തുകയും ചെയ്തു. ചുരുക്കത്തിൽ രണ്ടാം ലോകയുദ്ധം വേഴ്സായ് ഉടമ്പടിയോടും അതിന്റെ ശില്പികളോടുമുള്ള ജർമ്മൻ കലാപമായിരുന്നു.


ഡേവിഡ് ലോയ്ഡ് ജോർജ് (ഇംഗ്ലണ്ട്), ജോർജ് ക്ലെമൻസോ (ഫ്രാൻസ്), വുഡ്രോവിൽസൻ (അമേരിക്ക)- വേഴ്സായ് ഉടമ്പടിയുടെ ശില്പികൾ

## സർവരാജ്യസഖ്യത്തിന്റെ പരാജയം

രാജ്യങ്ങൾ തമ്മിലുള്ള തർക്കങ്ങളും ഏറ്റുമുട്ടലുകളും പരിഹരിക്കാനോ അന്തർദേശീയ നിരായുധീകരണം നടപ്പിലാക്കാനോ ഒന്നാം ലോകയുദ്ധാനന്തരം രൂപംകൊണ്ട സർവരാജ്യസഖ്യത്തിന് സാധിച്ചില്ല. ജപ്പാനും ഇറ്റലിയും ജർമ്മനിയും ആക്രമണപരമ്പരകളുമായി മുന്നോട്ടുപോയപ്പോൾ നടപടി എടുക്കുന്നതിൽ സർവരാജ്യസഖ്യം പരാജയപ്പെട്ടു.

## സൈനികസഖ്യങ്ങളുടെ രൂപീകരണം

സാമ്രാജ്യത്വ കിടമത്സരം ചുവടെ കൊടുത്തിരിക്കുന്ന സൈനികസഖ്യങ്ങളുടെ രൂപീകരണത്തിന് വഴിവച്ചു.

- അച്ചുതണ്ട് ശക്തികൾ (Axis Powers)
  - ഇറ്റലി
  - ജർമ്മനി
  - ജപ്പാൻ
- സഖ്യശക്തികൾ (Allied Powers)
  - ഇംഗ്ലണ്ട്
  - ചൈന
  - ഫ്രാൻസ്

### മ്യൂണിച്ച് ഉടമ്പടി (Munich Agreement)

ഹിറ്റ്ലർ ചെക്കോസ്ലോവാക്യയിലെ ഏറ്റവും വ്യവസായവൽകൃതപ്രദേശമായ സുഡറ്റൻലാന്റിനു മേൽ അവകാശവാദമുന്നയിച്ചു. ഒരു വലിയവിഭാഗം ജർമ്മൻ ജനത ഇവിടെ വസിക്കുന്നുവെന്നതായിരുന്നു ഹിറ്റ്ലറുടെ ഈ വാദത്തിന്റെ അടിസ്ഥാനം. ഹിറ്റ്ലറുടെ ഈ വാദത്തെ പ്രതിരോധിക്കുന്നതിനു പകരം ഫ്രാൻസും ബ്രിട്ടണും 1938ൽ ജർമ്മനിയിലെ മ്യൂണിച്ചിൽ വച്ച് ഒപ്പുവച്ച ഉടമ്പടിപ്രകാരം സുഡറ്റൻലാന്റ് ജർമ്മനിക്ക് വിട്ടുനൽകി. ഈ ഉടമ്പടിയാണ് മ്യൂണിച്ച് ഉടമ്പടി. ഈ ഉടമ്പടിക്ക് ചെക്കോസ്ലോവാക്യയുടെ അംഗീകാരമുണ്ടായിരുന്നില്ല. അവരെ പിന്തുണച്ച സോവിയറ്റ് യൂണിയനെ ചർച്ചയിലേക്ക് ക്ഷണിച്ചിരുന്നുമില്ല.



മ്യൂണിച്ച് ഉടമ്പടി ഒപ്പുവച്ചതിനുശേഷം ഇംഗ്ലണ്ടിൽ തിരിച്ചെത്തിയ പ്രധാനമന്ത്രി നെവിൽ ചേംബർലിൻ 'നമ്മുടെ കാലഘട്ടത്തിന്റെ സമാധാനം' എന്ന് ഉടമ്പടിയെ വാഴ്ത്തിക്കൊണ്ട് ജനങ്ങളെ അഭിസംബോധന ചെയ്യുന്ന ചിത്രം

പിന്നീട് സോവിയറ്റ് യൂണിയനും അമേരിക്കയും സഖ്യശക്തികളുടെ ഭാഗമായി മാറി.

## പ്രീണന നയം (Policy of Appeasement)

റഷ്യൻ വിപ്ലവാനന്തരം നിലവിൽ വന്ന സോവിയറ്റ് യൂണിയൻ സോഷ്യലിസ്റ്റ് ആശയങ്ങൾ ലോകത്ത് വ്യാപിപ്പിച്ചു. ഇത് പാശ്ചാത്യ മുതലാളിത്തരാജ്യങ്ങളെ ഭയപ്പെടുത്തി. തൽഫലമായി അവർ സോവിയറ്റ് യൂണിയനെ ശത്രുവായി കണ്ടു. ഫാഷിസ്റ്റ് ആക്രമണത്തെ സോഷ്യലിസ്റ്റ് ആശയങ്ങളുടെ വ്യാപനത്തെ പ്രതിരോധിക്കാനുള്ള ഉപാധിയായി അവർ കരുതി. മ്യൂണിച്ച് ഉടമ്പടി പാശ്ചാത്യ പ്രീണനത്തിന്റെ സുപ്രധാന ഉദാഹരണമാണ്. ഈ പ്രീണന നയങ്ങൾ ഹിറ്റ്ലർക്ക് ആത്മവിശ്വാസം നൽകുകയും അദ്ദേഹം ആക്രമണപരമ്പരകൾ നിർബാധം തുടരുകയും ചെയ്തു. 1939 സെപ്റ്റംബർ 1ന് ജർമ്മനി പോളണ്ടിനെ ആക്രമിക്കുന്നതോടുകൂടിയാണ് രണ്ടാം ലോകയുദ്ധം ആരംഭിക്കുന്നത്.

യുദ്ധത്തിന്റെ ഫലങ്ങൾ നമുക്ക് പരിശോധിക്കാം.

- ദശലക്ഷക്കണക്കിനുപേർ കൊല്ലപ്പെട്ടു.
- ലോകമാകെ ഭക്ഷ്യക്ഷാമവും പകർച്ചവ്യാധിയും വ്യാപിച്ചു.
- യൂറോപ്യൻ സമ്പദ്‌വ്യവസ്ഥ തകർന്നു.
- കോളനിവൽക്കരണത്തിനും സാമ്രാജ്യത്വത്തിനും തിരിച്ചടിയേറ്റു.
- യൂറോപ്പിന്റെ ആധിപത്യം അവസാനിച്ചു.
- ഐക്യരാഷ്ട്ര സംഘടന (United Nations Organisation) രൂപീകരിക്കപ്പെട്ടു.
- ഇറ്റലിയിലും ജർമ്മനിയിലും സമഗ്രാധിപത്യം അവസാനിച്ചു.
- ഏഷ്യയിലെയും ആഫ്രിക്കയിലെയും കോളനികൾ സ്വാതന്ത്ര്യം നേടി.
- ആഗോളശക്തികളായി അമേരിക്കയും സോവിയറ്റ്‌യൂണിയനും ഉയർന്നുവന്നു.

### ഐക്യരാഷ്ട്ര സംഘടന (United Nations Organisation)

രണ്ടാം ലോകയുദ്ധത്തിനു ശേഷം, ലോകസമാധാനവും സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി രൂപം കൊണ്ട അന്തർദേശീയ സംഘടനയാണ് ഐക്യരാഷ്ട്രസംഘടന. 1945 ഒക്ടോബർ 24നാണ് ഇത് നിലവിൽ വന്നത്.

രണ്ട് ലോകയുദ്ധങ്ങളുടെയും കാരണങ്ങളും ഫലങ്ങളും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## യുദ്ധാനന്തരലോകം

സാമ്പത്തികതാൽപര്യങ്ങളായിരുന്നു യൂറോപ്യൻ ശക്തികളുടെ സാമ്രാജ്യത്വ കിടമത്സരത്തിനും രണ്ട് ലോകയുദ്ധങ്ങൾക്കും കാരണമായതെന്ന് നിങ്ങൾ കണ്ടല്ലോ. രണ്ടാം ലോകയുദ്ധത്തിന്റെ അവസാനത്തോടെ പരസ്പരം പോരടിച്ചിരുന്ന യൂറോപ്യൻ ശക്തികൾ അപ്രസക്തരായിത്തീർന്നു. അമേരിക്കൻ ഐക്യനാടുകളും സോവിയറ്റ്‌യൂണിയനും വിപരീത സാമ്പത്തികനയങ്ങൾ പിൻതുടർന്നു. അമേരിക്ക മുതലാളിത്തനയങ്ങളും സോവിയറ്റ്‌യൂണിയൻ സോഷ്യലിസ്റ്റ്‌നയങ്ങളുമാണ് സ്വീകരിച്ചത്. ഇരുരാജ്യങ്ങളും പരസ്പരം ഭയക്കുകയും സ്വന്തം ആശയങ്ങൾ ലോകം മുഴുവൻ വ്യാപിപ്പിക്കാൻ ശ്രമിക്കുകയും ചെയ്തു. ഇവർ തമ്മിലുള്ള ഈ ശീതസമരം അരനൂറ്റാണ്ടോളം നീണ്ടുനിന്നു. 1991ൽ സോവിയറ്റ്‌യൂണിയന്റെ തകർച്ചയോടെ ശീതസമരം അവസാനിച്ചു.

### ശീതസമരം (Cold War)

രണ്ടാംലോകയുദ്ധാനന്തരം മുതലാളിത്തരാജ്യങ്ങൾ അമേരിക്കയുടെയും സോഷ്യലിസ്റ്റ് രാജ്യങ്ങൾ സോവിയറ്റ് യൂണിയന്റെയും നേതൃത്വത്തിൽ പിൻതുടർന്ന ആശയപരമായ ഏറ്റുമുട്ടലാണ് ശീതസമരം. ഇത് പ്രത്യക്ഷയുദ്ധത്തിന്റെയോ സമാധാനത്തിന്റെയോ കാലമായിരുന്നില്ല. ഈ രണ്ടു ചേരിയിലും പെടാത്ത രാജ്യങ്ങളുടെ കൂട്ടായ്മയാണ് ചേരിചേരാ പ്രസ്ഥാനം.

രണ്ടാം ലോകയുദ്ധാനന്തരം ഏഷ്യയിലെയും ആഫ്രിക്കയിലെയും കോളനികൾ സ്വാതന്ത്ര്യം നേടിയത് മുമ്പ് സൂചിപ്പിച്ചുവല്ലോ. ഇതോടെ മുതലാളിത്ത ആശയങ്ങൾ പിൻതുടർന്ന അമേരിക്ക സമ്പത്ത് ആർജിക്കുന്നതിനായി പുതിയ മാർഗങ്ങൾ സ്വീകരിച്ചു. പുതുതായി സ്വാതന്ത്ര്യം നേടിയ രാജ്യങ്ങൾക്ക് വായ്പനൽകി അവയെ പരോക്ഷമായി ചൂഷണം ചെയ്തു. ഇത് മറ്റൊരുതരം കോളനിവൽക്കരണമായിരുന്നു. ഈ നയം നിയോകൊളോണിയലിസം (Neocolonialism) എന്നാണ് അറിയപ്പെടുന്നത്. ഈ പുത്തൻ കൊളോണിയൽ നയം ധനമുതലാളിത്ത (Finance Capitalism) ത്തിലൂടെയാണ് നടപ്പിലാക്കിയത്.

### ധനമുതലാളിത്തം

ബാങ്കിംഗ്, ഇൻഷ്വറൻസ് പോലുള്ള ധനകാര്യസ്ഥാപനങ്ങൾ മുഖ്യ പങ്കുവഹിക്കുന്ന സമ്പദ്‌വ്യവസ്ഥയാണ് ധനമുതലാളിത്തം. വ്യാവസായിക ഉൽപാദനത്തേക്കാളും ജനക്ഷേമത്തേക്കാളും ഈ ഘട്ടത്തിൽ പ്രാധാന്യം സാമ്പത്തിക കൈമാറ്റങ്ങൾക്കാണ്. ബാങ്കുകളും ഓഹരിവിപണിയും നിക്ഷേപ സ്ഥാപനങ്ങളും ഈ സമ്പദ്‌വ്യവസ്ഥയിൽ നിർണ്ണായക പങ്കുവഹിക്കുന്നു. ഉൽപാദനമോ സാങ്കേതികവിദ്യാപരിഷ്കാരമോ ഇല്ലാതെ തന്നെ വളരെയധികം സമ്പത്ത് സ്വരുക്കൂട്ടുന്നതിന് ഈ സംവിധാനത്തിൽ അവസരം ലഭിക്കുന്നു.

സൈന്യവും യുദ്ധവും കൂടാതെ ലോകം മുഴുവനും സ്വാധീനം ചെലുത്താൻ ധനമുതലാളിത്തം വൻകിട സ്ഥാപനങ്ങൾക്ക് അവസരമൊരുക്കുന്നു. ഇത്തരം സ്ഥാപനങ്ങൾ വ്യത്യസ്ത രാജ്യങ്ങളിൽ മുതൽമുടക്ക് നടത്തി ലാഭം കൊയ്യുന്നു.

ധനമുതലാളിത്തം വൻലാഭം ലക്ഷ്യമിട്ടാണ് പ്രവർത്തിക്കുന്നത്. സാധാരണക്കാരും പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെടുന്നവരും അതിന്റെ തിക്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. അവർക്ക് സ്വതന്ത്രമായി ഉപയോഗിക്കാൻ കഴിഞ്ഞിരുന്ന വിഭവങ്ങൾ നഷ്ടമാവുകയും അവ ഏതാനും ചില മുതലാളിമാരുടെ നിയന്ത്രണത്തിലാവുകയും ചെയ്യുന്നു. അനിയന്ത്രിതമായ വിഭവചൂഷണം പാരിസ്ഥിതിക പ്രശ്നങ്ങളിലേക്കും നയിക്കുന്നുണ്ട്.

പതിനഞ്ചാം നൂറ്റാണ്ടുമുതൽ ഇരുപതാം നൂറ്റാണ്ടുവരെയുള്ള കാലത്ത് രൂപപ്പെട്ട സാമ്പത്തികക്രമങ്ങളെപ്പറ്റിയാണ് നമ്മൾ ഇതുവരെ ചർച്ച ചെയ്തത്. പുതിയ സാങ്കേതികവിദ്യകളും അതിനോട് ബന്ധപ്പെട്ട് സമൂഹത്തിലുണ്ടായ മാറ്റങ്ങളുമാണ് ഈ സാമ്പത്തികമാറ്റങ്ങൾക്ക് കാരണമായത്. അഞ്ച് നൂറ്റാണ്ടുകൾ കൊണ്ട് മുതലാളിത്തം പല ഘട്ടങ്ങളിലൂടെ വികസിച്ചു. ഇത് ലോകചരിത്രത്തെ എത്ര ആഴത്തിൽ സ്വാധീനിച്ചു എന്നും കോടാനുകോടി ജനങ്ങളെ ഏതെല്ലാം രീതിയിൽ സ്പർശിച്ചുവെന്നും ഈ അധ്യായത്തിൽ നിന്നും വ്യക്തമാകുന്നു. ചരിത്രഗതിയെ നിർണ്ണയിക്കുന്നതിൽ സാമ്പത്തികഘടകങ്ങൾക്കും സംവിധാനങ്ങൾക്കുമുള്ള പങ്ക് അത് ചൂണ്ടിക്കാട്ടുന്നു. അതോടൊപ്പം മുതലാളിത്ത താൽപര്യങ്ങൾക്കുമുമ്പിൽ മാനവികമൂല്യങ്ങൾക്കുണ്ടായ തകർച്ചയ്ക്ക് ഇക്കാലം സാക്ഷിയാവുകയും ചെയ്തു.

## തുടർപ്രവർത്തനം

- പതിനഞ്ചാംനൂറ്റാണ്ട് മുതൽ ഇരുപതാംനൂറ്റാണ്ട് വരെ ലോകചരിത്രത്തെ സ്വാധീനിച്ച സുപ്രധാന സാമ്പത്തികനയങ്ങളെ സൂചിപ്പിക്കുന്ന ഡിജിറ്റൽ പ്രദർശനം സംഘടിപ്പിക്കുക.
- വ്യാവസായികവിപ്ലവകാലത്തെ കണ്ടുപിടിത്തങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളെയും വ്യക്തികളെയും കോർത്തിണക്കി ഐ.സി.ടി.യുടെ സഹായത്തോടെ സാമൂഹ്യശാസ്ത്ര ലാബിൽ ഒരു പ്രദർശനം സംഘടിപ്പിക്കുക.
- പതിനഞ്ചാംനൂറ്റാണ്ട് മുതൽ ഇരുപതാംനൂറ്റാണ്ട് വരെയുള്ള, പാഠഭാഗത്ത് പരാമർശിച്ചിട്ടുള്ള സുപ്രധാന സംഭവങ്ങളുമായി ബന്ധപ്പെട്ട രാജ്യങ്ങളെയും പ്രദേശങ്ങളെയും ഉൾപ്പെടുത്തി അറ്റ്ലസ് തയ്യാറാക്കുക.
- അടിമത്തം പ്രധാനവിഷയമായി അവതരിപ്പിച്ച 'അങ്കിൾ ടോംസ് ക്യാബിൻ' എന്ന ചലച്ചിത്രം സാമൂഹ്യശാസ്ത്രലാബിൽ പ്രദർശിപ്പിക്കുകയും ആസ്വാദനക്കുറിപ്പ് തയ്യാറാക്കുകയും ചെയ്യുക.

5

# പൊതുജനാഭിപ്രായം ജനാധിപത്യത്തിൽ

## പൊതുജനാരോഗ്യബിൽ സെലക്ട് കമ്മിറ്റി; അഭിപ്രായങ്ങൾ നൽകാം

കോട്ടയം: കേരള പൊതുജനാരോഗ്യ ബില്ലിന്റെ നിയമസഭാ സെലക്ട് കമ്മിറ്റി സെപ്റ്റംബർ 24 ന് രാവിലെ 10.30 ന് കോട്ടയം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. യോഗത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, പൊതുജനങ്ങൾ, ജനപ്രതിനിധികൾ, വിവിധ സംഘടനാപ്രതിനിധികൾ തുടങ്ങിയവർക്ക് അഭിപ്രായങ്ങളും നിർദേശങ്ങളും നൽകാം. ബില്ലും ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച ചോദ്യാവലിയും www.niyamasabha.org എന്ന വെബ്സൈറ്റിൽ ലഭിക്കും. നിർദേശങ്ങളും അഭിപ്രായങ്ങളും രേഖാമൂലമോ legislation@niyamasabha.nic.in എന്ന ഇ-മെയിൽ വിലാസത്തിലോ നൽകാം.

പൊതുജനാരോഗ്യബില്ലുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾ, ജനപ്രതിനിധികൾ, വിവിധ സംഘടനാപ്രതിനിധികൾ തുടങ്ങിയവരിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും സ്വരൂപിക്കുന്നതിനായി നൽകിയിരിക്കുന്ന വാർത്താക്കുറിപ്പാണിത്. ജനാധിപത്യക്രമത്തിൽ സർക്കാരുകൾ നയരൂപീകരണത്തിന്റെ ഭാഗമായി ഇത്തരത്തിൽ പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ സ്വീകരിക്കാറുണ്ട്.

ചിത്രം നിരീക്ഷിക്കൂ.




ഒരു പ്രദേശത്തെ ജനങ്ങൾ ഒത്തുകൂടുന്ന പ്രാദേശിക സമിതിയായ ഗ്രാമ സഭ/ വാർഡുസഭയുടെ ചിത്രമാണ് മുകളിൽ നൽകിയിരിക്കുന്നത്. ജനങ്ങളെ ബാധിക്കുന്ന വികസനപ്രശ്നങ്ങൾ, മാലിന്യസംസ്കരണ പ്രശ്നങ്ങൾ, പരിസ്ഥിതി മലിനീകരണം, കുടിവെള്ളപ്രശ്നം തുടങ്ങിയവ അവിടെ ചർച്ച ചെയ്യാറുണ്ടല്ലോ. ഗ്രാമസഭ/വാർഡുസഭയിൽ കൂടിയിരിക്കുന്നവരുടെ പൊതു അഭിപ്രായം പരിഗണിച്ചാണ് ഇത്തരം പ്രശ്നങ്ങളിൽ തീരുമാനമെടുക്കുന്നത്.

വിദ്യാലയത്തിലെ വാർഷികാഘോഷം സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സംഘാടകർ നിങ്ങളിൽ നിന്ന് അഭിപ്രായങ്ങൾ തേടാറില്ലേ? എങ്ങനെയെല്ലാമാണ് നിങ്ങൾ അഭിപ്രായം അറിയിക്കാറുള്ളത്?

- സ്കൂൾ പാർലമെന്റ് വഴി
- സംഘാടക സമിതി യോഗങ്ങളിൽ പങ്കെടുക്കുന്ന ക്ലാസ് പ്രതിനിധികൾ വഴി
- 

വിദ്യാലയപ്രവർത്തനങ്ങളിൽ നിങ്ങളുടെ അഭിപ്രായങ്ങൾ സ്വരൂപിക്കുന്ന വിവിധമാർഗങ്ങൾ രേഖപ്പെടുത്തിയല്ലോ.

പാഠാരംഭത്തിൽ നൽകിയിരിക്കുന്ന വാർത്ത പൊതുജനാരോഗ്യവിഷയവുമായി ബന്ധപ്പെട്ടതാണ്. ജനാധിപത്യവ്യവസ്ഥയുടെ അടിത്തറ രൂപീകരിക്കപ്പെടുന്നത് ജനങ്ങളുടെ കാഴ്ചപ്പാടുകളിലൂടെയും താൽപര്യങ്ങളിലൂടെയും അഭിലാഷങ്ങളിലൂടെയുമാണ്. പൊതുജനാരോഗ്യം എന്നത് പൊതുസമൂഹത്തെ മുഴുവൻ ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട വിഷയമാണ്. ഈ പൊതുവിഷയത്തിന്മേൽ പൊതുജനങ്ങൾക്കുള്ള അഭിപ്രായം ആരായുകയാണ് സർക്കാർ ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ ജനങ്ങളെ ബാധിക്കുന്ന പൊതുവിഷയങ്ങളിന്മേലുള്ള ജനങ്ങളുടെ പൊതുവായ അഭിപ്രായമാണ് പൊതുജനാഭിപ്രായം. ഇത് ഒരു വിഷയത്തിൽ സമൂഹത്തിലെ ജനങ്ങൾ പൊതുവായി സ്വീകരിക്കുന്ന നിലപാടോ അഭിപ്രായമോ ആകാം.

പൊതുജനാഭിപ്രായങ്ങളിലൂടെ ശാക്തീകരിക്കപ്പെടുന്ന പൗരസമൂഹം ജനാധിപത്യത്തെ ശക്തിപ്പെടുത്തും. അവരുടെ അഭിപ്രായങ്ങളിലെ യുക്തിചിന്തയും ശാസ്ത്രീയവീക്ഷണവും പൊതുജനാഭിപ്രായത്തെ ഗുണാത്മകമാക്കും. ഇതുവഴി സാമൂഹികവിഷയങ്ങളിൽ ജാഗ്രതയുള്ള പൗരസമൂഹം രൂപപ്പെടും.

**പൗരസമൂഹം**
**(Civil Society)**

പൊതുനന്മയ്ക്കായി പ്രവർത്തിക്കുന്ന വിവിധ സംഘടനകൾ, സംഘങ്ങൾ, വ്യക്തികൾ എന്നിവ ഉൾക്കൊള്ളുന്ന ജനാധിപത്യത്തിലെ ഒരു നിർണ്ണായക ആശയമാണ് പൗരസമൂഹം. സ്വയം സന്നദ്ധതയോടെ, സർക്കാർ നിയന്ത്രണങ്ങളോ ലാഭേച്ഛയോ കൂടാതെ, വൈവിധ്യമാർന്ന താൽപര്യങ്ങളോടും കാഴ്ചപ്പാടുകളോടും കൂടി പ്രവർത്തിക്കുന്നവരാണ് പൗരസമൂഹത്തിൽ ഉൾപ്പെടുന്നത്.

പ്രദേശത്തെ യാത്രാസൗകര്യങ്ങൾ, മാലിന്യസംസ്കരണം തുടങ്ങിയവയുമായി ബന്ധപ്പെട്ട് നിങ്ങളുടെയും കൂട്ടുകാരുടെയും അഭിപ്രായങ്ങൾ ക്ലാസിൽ ചർച്ചചെയ്ത് സാമൂഹ്യശാസ്ത്രക്ലബ്ബിൽ അവതരിപ്പിക്കുക.

## പൊതുജനാഭിപ്രായത്തിന്റെ സവിശേഷതകൾ

സാമൂഹികജീവിതത്തിലും ഭരണതലത്തിലും രാഷ്ട്രീയതലത്തിലുമെല്ലാം പൊതുജനാഭിപ്രായത്തിന്റെ സ്വാധീനം വളരെ വലുതാണ്. സമൂഹത്തിലെ ചില പ്രശ്നങ്ങൾ ഉത്തരവാദിത്വമുള്ള പൗരർ സമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുമ്പോഴാണ് പൊതുജനാഭിപ്രായം രൂപംകൊള്ളുന്നത്. പൊതുജനാഭിപ്രായം സർക്കാരിനുമേൽ ജനകീയനിയന്ത്രണത്തിനുള്ള ഫലപ്രദമായ ഒരു മാർഗമാണ്. ജനാധിപത്യത്തെ ശാക്തീകരിക്കുന്ന സംവാദങ്ങളെ പൊതുജനാഭിപ്രായം പ്രോത്സാഹിപ്പിക്കുന്നു. ജനാധിപത്യത്തിന്റെ അടിസ്ഥാനഘടകങ്ങളിലൊന്നായി പൊതുജനാഭിപ്രായത്തെ പരിഗണിക്കുന്നു.

പൊതുജനാഭിപ്രായത്തിന്റെ സവിശേഷതകൾ എന്തൊക്കെയാണെന്ന് നോക്കാം.

- പൊതുജനാഭിപ്രായം വൈവിധ്യമാർന്ന അഭിപ്രായങ്ങളെ പ്രതിഫലിപ്പിക്കുന്നു.
- പൊതുജനാഭിപ്രായം എന്നത് ഭൂരിപക്ഷം ആളുകളുടെയും കാഴ്ചപ്പാടുകളോ അഭിപ്രായങ്ങളോ ആകണമെന്നില്ല. എന്നാൽ അത് ഒരു വിഷയത്തിന്മേലുള്ള പൊതുസമ്മതം ഉണ്ടാക്കുന്നു.
- സാഹചര്യങ്ങൾക്കും സമയത്തിനും പുതിയ അറിവുകൾക്കുമനുസരിച്ച് പൊതുജനാഭിപ്രായം മാറാവുന്നതാണ്.
- പൊതുജനാഭിപ്രായം എല്ലായ്പ്പോഴും രാഷ്ട്രീയകാര്യങ്ങളുമായി മാത്രമല്ല, സാമൂഹിക-സാമ്പത്തിക-സാംസ്കാരിക കാര്യങ്ങളുമായി ബന്ധപ്പെട്ടും രൂപപ്പെടാറുണ്ട്.
- പൊതുജനാഭിപ്രായപ്രകടനത്തിന് നിശ്ചിത ഭൂപ്രദേശം എന്ന പരിധി നിശ്ചയിക്കപ്പെട്ടിട്ടില്ല. ആർക്കും ഏത് പ്രദേശത്തുനിന്നും അവരുടെ അഭിപ്രായം പ്രകടിപ്പിക്കാവുന്നതാണ്.
- പൊതുജനാഭിപ്രായം ജനാധിപത്യപരമായ ആശയവിനിമയം ഉറപ്പാക്കുന്നു.

ഡയഗ്രം പൂർത്തിയാക്കി പൊതുജനാഭിപ്രായത്തിന്റെ സവിശേഷതകൾ ഓരോന്നും ചർച്ച ചെയ്ത് ചാർട്ട് തയ്യാറാക്കൂ.

**പൊതുജനാഭിപ്രായത്തിന്റെ സവിശേഷതകൾ**

- വൈവിധ്യമാർന്ന അഭിപ്രായങ്ങളുടെ പ്രതിഫലനം
- 
- 
- 
- 
- ജനാധിപത്യപരമായ ആശയവിനിമയം

പൊതുവായ ഒരു പ്രശ്നത്തിന്മേലുള്ള ആളുകളുടെ അഭിപ്രായമാണ് പൊതുജനാഭിപ്രായം എന്ന് നാം കണ്ടല്ലോ. വ്യക്തികളുടെ സാമൂഹിക-സാംസ്കാരിക പശ്ചാത്തലം, മനോഭാവം, വിശ്വാസങ്ങൾ, മുൻധാരണകൾ, നേതൃത്വപാടവം, വിദ്യാഭ്യാസം മുതലായവയെല്ലാം പൊതുജനാഭിപ്രായത്തെ സ്വാധീനിക്കുന്ന ഘടകങ്ങളാണ്.

## പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്ന ഏജൻസികൾ

പൊതുജനാഭിപ്രായരൂപീകരണം എന്നത് യാന്ത്രികമായതോ കൃത്യതയുള്ളതോ സമയബന്ധിതമായതോ ആയ ഒരു പ്രക്രിയയല്ല. എപ്പോഴാണോ ഒരു പൊതുപ്രശ്നം സമൂഹത്തിൽ ഉയർന്നു വരുന്നത്, അപ്പോഴെല്ലാം സമൂഹത്തിലെ വിവിധ വിഭാഗങ്ങൾ അവരുടെ അഭിപ്രായങ്ങളും കാഴ്ചപ്പാടുകളും പ്രകടിപ്പിക്കുന്നു. ഈ പ്രക്രിയയിൽ ചില അഭിപ്രായങ്ങൾക്ക് വലിയ സ്വീകാര്യത ലഭിക്കുകയും അതൊരു പൊതു അഭിപ്രായമായി ഉയർന്നുവരുകയും ചെയ്യുന്നു. ഇങ്ങനെ ഔപചാരികവും അനൗപചാരികവുമായ പ്രക്രിയകളിലൂടെയാണ് പൊതുജനാഭിപ്രായം രൂപപ്പെട്ടുവരുന്നത്.

പൊതുജനാഭിപ്രായം വളർത്തുന്നതിലും അതിലൂടെ ജനാധിപത്യത്തെ ശാക്തീകരിക്കുന്നതിലും കുടുംബത്തിനും വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും പ്രധാന പങ്കാണുള്ളത്. കൂടാതെ സമപ്രായസംഘങ്ങളും മാധ്യമങ്ങളും രാഷ്ട്രീയപാർട്ടികളും സാമൂഹികസ്ഥാപനങ്ങളും സംഘടനകളും അഭിപ്രായവോട്ടെടുപ്പും കലയും സാഹിത്യവുമെല്ലാം അവയുടേതായ ധർമ്മങ്ങൾ നിറവേറ്റുന്നു. ഇവയെല്ലാം പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്ന വിവിധ ഏജൻസികളാണ്. നമുക്ക് ഇവ ഓരോന്നായി പരിശോധിക്കാം.

### 1. കുടുംബം (Family)

ഒരു കുടുംബത്തിലെ സംഭാഷണം ശ്രദ്ധിക്കൂ.




രക്ഷിതാക്കളുമായി ഇത്തരത്തിലുള്ള ചർച്ചകളിൽ നിങ്ങൾ പങ്കാളികളാകാറുണ്ടല്ലോ. ഒരു കുട്ടിയുടെ സാമൂഹീകരണപ്രക്രിയ ആരംഭിക്കുന്നത് കുടുംബത്തിൽ നിന്നാണ്. കുടുംബങ്ങളുടെ പരമ്പരാഗതമായ വിശ്വാസങ്ങൾ,

ധാരണകൾ തുടങ്ങിയവ കുട്ടിയുടെ അഭിപ്രായരൂപീകരണത്തെ സ്വാധീനിക്കാറുണ്ട്. കുടുംബത്തിൽ നടക്കുന്ന ചർച്ചകളിലും സംഭാഷണങ്ങളിലും കുട്ടി പങ്കാളിയോ സാക്ഷിയോ ആണ്. ഇതിൽ രാഷ്ട്രീയം, വിശ്വാസം, മതം, സാഹിത്യം തുടങ്ങിയവയെല്ലാം വിഷയമാകാറുണ്ട്. ഇത്തരത്തിൽ വിവിധങ്ങളായ വിഷയങ്ങളിലുള്ള കുട്ടിയുടെ അഭിപ്രായരൂപീകരണത്തിൽ പ്രഥമസ്വാധീനം കുടുംബമെന്ന സാമൂഹ്യസ്ഥാപനത്തിനാണ്.

പൊതുജനാഭിപ്രായരൂപീകരണത്തിന്റെ ആദ്യഘട്ടം കുടുംബങ്ങളിൽ നിന്നാണ് ആരംഭിക്കുന്നത്. ഈ പ്രസ്താവന വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

## 2. വിദ്യാഭ്യാസസ്ഥാപനങ്ങൾ (Educational Institutions)

അധ്യാപികയും വിദ്യാർഥികളും തമ്മിലുള്ള സംഭാഷണമാണ് ചുവടെ നൽകിയിട്ടുള്ളത്. ഏത് വിഷയത്തിന്മേലുള്ള ചർച്ചയാണിതെന്ന് ശ്രദ്ധിക്കൂ.




കുട്ടിയുടെ അറിവ് രൂപപ്പെടുത്തുന്നതിലും വികസിപ്പിക്കുന്നതിലും വിദ്യാഭ്യാസസ്ഥാപനങ്ങൾ മുഖ്യപങ്കാണ് വഹിക്കുന്നത്. അവകാശങ്ങൾ, കടമകൾ, ശാസ്ത്രീയചിന്ത, വിമർശനാത്മകചിന്ത, സംസ്കാരം തുടങ്ങിവയിലെല്ലാമുള്ള അറിവും നൈപുണിയുമെല്ലാം കുട്ടി ആർജിച്ചെടുക്കുന്നത് പ്രധാനമായും വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെയാണ്. വിദ്യാഭ്യാസപ്രക്രിയ ഒരു വ്യക്തിയെ ഏതെങ്കിലുമൊരു വിഷയത്തിൽ സ്വതന്ത്രവും യുക്തിഭദ്രവുമായ അഭിപ്രായം രൂപപ്പെടുത്താൻ സഹായിക്കും. വിവിധവിഷയങ്ങളിലുള്ള ധാരണകൾ കുട്ടികളിൽ രൂപപ്പെടുത്തുന്നതിന് വിദ്യാഭ്യാസ

സ്ഥാപനങ്ങൾ പ്രധാന പങ്കുവഹിക്കുന്നു. സ്കൂൾപാർലമെന്റ്, ക്ലബ്ബ് പ്രവർത്തനങ്ങൾ, കലാകായിക മേളകൾ തുടങ്ങി നിരവധിയായ വിദ്യാലയപ്രവർത്തനങ്ങൾ കുട്ടികൾക്ക് ജനാധിപത്യബോധവും പൗരബോധവും നൽകുന്നതിനുള്ള പരിശീലനവേദികളാണ്. ഇത്തരം അവസരങ്ങൾ കുട്ടികൾക്ക് അഭിപ്രായപ്രകടനത്തിനുള്ള ധാരാളം സാഹചര്യങ്ങൾ ഒരുക്കുകയും അതുവഴി അവർ പൊതുജനാഭിപ്രായപ്രകടനത്തിനുള്ള നൈപുണി ആർജിക്കുകയും ചെയ്യുന്നു.

സ്കൂൾലൈബ്രറിയുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാനുള്ള നിർദേശങ്ങൾ ക്ലാസിൽ ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കി സ്കൂൾപാർലമെന്റിൽ അവതരിപ്പിക്കൂ.

## 3. സമപ്രായസംഘങ്ങൾ (Peer groups)

കൂട്ടുകാരുടെ ചർച്ച ശ്രദ്ധിക്കൂ.




സമപ്രായസംഘങ്ങൾക്കിടയിലെ സംവാദങ്ങൾ, ചർച്ചകൾ തുടങ്ങിയവ പൊതുജനാഭിപ്രായരൂപീകരണത്തെ സ്വാധീനിക്കുന്ന പ്രധാന ഘടകങ്ങളാണ്. വ്യക്തിത്വം, മനോഭാവം, പെരുമാറ്റം തുടങ്ങിയവയിൽ സമപ്രായസംഘങ്ങളിലെ അംഗങ്ങൾ ഏതാണ്ട് പൊതുസ്വഭാവം പുലർത്തുന്നു. വ്യക്തിപരമായ അനുഭവങ്ങൾ, സാമൂഹികസ്വാധീനം എന്നിവയിലെല്ലാം ഇവർ ചില പൊതുവായ സവിശേഷതകൾ പങ്കുവയ്ക്കുന്നുമുണ്ട്. സർക്കാർനയങ്ങളോടുള്ള സമീപനം, വിവിധവിഷയങ്ങളിൽ പുലർത്തുന്ന മനോഭാവം, രാഷ്ട്രീയപാർട്ടികളോടുള്ള സമീപനം എന്നിവയിലെല്ലാം സമപ്രായസംഘങ്ങളിലെ അംഗങ്ങൾക്ക്

**സമപ്രായസംഘങ്ങൾ**

സമാനമായ പ്രായവും ഒരേ താൽപര്യങ്ങളും ലക്ഷ്യവുമുള്ള സംഘങ്ങളാണ് സമപ്രായസംഘങ്ങൾ. സമപ്രായസംഘങ്ങൾ അവരുടെ വിശ്വാസങ്ങൾ, മൂല്യങ്ങൾ, ആശയങ്ങൾ എന്നിവയിലെല്ലാം സമാനത പുലർത്താറുണ്ട്.

പരസ്പരം സ്വാധീനിക്കാൻ കഴിയും. ആ നിലയ്ക്ക് പൊതു അഭിപ്രായങ്ങൾ ഉയർത്തിക്കൊണ്ടുവരാനും നിലവിലുള്ളവയെ തിരുത്താനും ശരിയായ അഭിപ്രായങ്ങളിലേക്ക് എത്താനും സമപ്രായസംഘങ്ങളിലെ ചർച്ചകൾ സഹായകമാണ്. ഇങ്ങനെ സമപ്രായസംഘങ്ങളിലെ സംവാദങ്ങളും ചർച്ചകളും പൊതുജനാഭിപ്രായരൂപീകരണത്തിലേക്ക് നയിക്കുന്നു.


ലഹരിവിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്നതിലേക്കായി നിങ്ങളുടെ വിദ്യാലയത്തിലും പരിസരപ്രദേശങ്ങളിലും എന്തെല്ലാം പരിപാടികൾ ആസൂത്രണം ചെയ്യാം? കൂട്ടുകാരുമായി ചർച്ച ചെയ്ത് ലിസ്റ്റ് തയ്യാറാക്കൂ.

## 4. മാധ്യമങ്ങൾ (Media)

പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിൽ സുപ്രധാനമായ പങ്കാണ് മാധ്യമങ്ങൾക്കുള്ളത്. അച്ചടിമാധ്യമങ്ങളിലൂടെയും റേഡിയോ, ടെലിവിഷൻ തുടങ്ങിയ പരമ്പരാഗതമാധ്യമങ്ങളിലൂടെയും ഡിജിറ്റൽമീഡിയ, സാമൂഹികമാധ്യങ്ങൾ തുടങ്ങിയ നവമാധ്യമങ്ങളിലൂടെയും ലഭ്യമാകുന്ന വാർത്തകളും ചർച്ചകളും പരസ്യപരിപാടികളും ജനങ്ങളിൽ വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. ഒരു വിഷയം പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്നതിനും അതിൽ പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിനും മാധ്യമങ്ങൾക്ക് കഴിയുന്നു.

### 4.1 പത്രങ്ങൾ (Newspapers)

എല്ലാ സാമൂഹിക-രാഷ്ട്രീയ സംഭവങ്ങളെയും പൊതുജനങ്ങൾക്കുമുന്നിൽ എത്തിക്കുന്നതിൽ പ്രധാനപങ്കാണ് പത്രങ്ങൾക്കുള്ളത്. ആനുകാലികപ്രശ്നങ്ങളെ ജനങ്ങളിലേക്ക് എത്തിച്ചും തിരിച്ച് ജനങ്ങളുടെ അഭിപ്രായം സർക്കാരിന്



"പത്രപ്രവർത്തനത്തിന്റെ ഏകലക്ഷ്യം സേവനമായിരിക്കണമെന്ന് ഇന്ത്യൻ ഒപ്പീനിയൻ തുടങ്ങി ആദ്യമാസം തന്നെ ഞാൻ മനസ്സിലാക്കി. പത്രങ്ങൾ വലിയൊരു ശക്തിയാണ്. എന്നാൽ നിയന്ത്രിക്കാത്ത ജലപ്രവാഹം എല്ലാ പ്രദേശങ്ങളെയും വെള്ളത്തിലാഴ്ത്തുകയും വിളകൾ നശിപ്പിക്കുകയും ചെയ്യുന്നതുപോലെത്തന്നെ അനിയന്ത്രിതമായ തൂലിക നാശമേ ഉണ്ടാക്കൂ. നിയന്ത്രണം പുറത്തുനിന്നാണെങ്കിൽ അത് നിയന്ത്രണരാഹിത്യത്തേക്കാൾ അപകടകരമായിരിക്കും. ഉള്ളിൽ നിന്നും നിയന്ത്രണം വന്നാലേ ഗുണപ്രദമാകൂ. ഈ ചിന്താഗതി ശരിയാണെങ്കിൽ ലോകത്തിലെ എത്ര പ്രസിദ്ധീകരണങ്ങൾ ഈ പരീക്ഷയിൽ വിജയിക്കും? വിജയിക്കാത്തവയെ നിർത്തലാക്കാൻ ആർക്ക് കഴിയും? രണ്ടിന്റെയും നന്മതിന്മകൾ ആര് വിധിക്കും? ഗുണമുള്ളതും ഇല്ലാത്തതും, നന്മയും തിന്മയും പോലെ, ഒരുമിച്ച് നിലനില്ക്കും. മനുഷ്യന് ഇതിൽനിന്ന് തിരഞ്ഞെടുക്കേണ്ടതായും വരും."

(മഹാത്മാഗാന്ധി, എന്റെ സത്യാന്വേഷണപരീക്ഷണങ്ങൾ)

മുന്നിൽ എത്തിച്ചും ജനാധിപത്യപ്രക്രിയയെ ശക്തമാക്കാൻ പത്രങ്ങൾക്ക് കഴിയുന്നു. ആ നിലയ്ക്ക് പൊതുജനാഭിപ്രായരൂപീകരണത്തിൽ പത്രങ്ങൾക്ക് മുഖ്യസ്ഥാനമാണുള്ളത്.

പത്രങ്ങളുടെ സ്വാധീനത്തെക്കുറിച്ച് ഗാന്ധിജിയുടെ അഭിപ്രായം വായിച്ചില്ലേ. പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിൽ മാത്രമല്ല, അവയെ മാറ്റിമറിക്കാനും ചില താൽപര്യങ്ങൾക്കനുസരിച്ച് തിരിച്ച് വിടാനും പത്രവാർത്തകളിലൂടെ കഴിയും. ചിലപ്പോൾ ചില വാർത്തകൾ വസ്തുതാപരമാകണമെന്നില്ല. സമൂഹത്തിൽ പൊതുജനാഭിപ്രായത്തെ വഴിതിരിച്ച് വിടാനും സമൂഹത്തെ തെറ്റായി നയിക്കാനും ചില വാർത്തകൾ കാരണമാകാറുണ്ട്. നിക്ഷിപ്ത താൽപര്യങ്ങൾ വച്ച് തെറ്റായ വാർത്തകൾ ഓൺലൈൻ പത്രങ്ങളിലൂടെയും മറ്റും ജനങ്ങളിലേക്ക് എത്താറുണ്ട്. വാർത്തകളിൽ പക്ഷപാതരഹിതമായ സമീപനവും കൃത്യതയും പലപ്പോഴും മാധ്യമങ്ങളുടെ ഭാഗത്തുനിന്നുണ്ടാകുന്നില്ല എന്ന വിമർശനം സമൂഹത്തിൽ നിലനിൽക്കുന്നുണ്ട്.

ഒരേ വിഷയവുമായി ബന്ധപ്പെട്ട് സമീപകാലത്ത് വിവിധ പത്രങ്ങളിൽ വന്ന വാർത്തകൾ ശേഖരിക്കൂ. ടീച്ചറുടെ പിന്തുണയോടുകൂടി വാർത്തയുടെ അവതരണ രീതി, ഉള്ളടക്കം, വസ്തുതകൾ എന്നിവ പരിശോധിച്ച് വിശകലനക്കുറിപ്പ് തയ്യാറാക്കൂ.

### 4.2 റേഡിയോ, ടെലിവിഷൻ (Radio, Television)

സാമൂഹികജീവിതത്തിന്റെ കണ്ണാടിയായി റേഡിയോയും ടെലിവിഷനും വർത്തിക്കുന്നു. പത്രമാധ്യമങ്ങൾ സാക്ഷരസമൂഹത്തെ മാത്രം പരിഗണിക്കുമ്പോൾ റേഡിയോയും ടെലിവിഷനും നിരക്ഷര സമൂഹത്തിന്റെ കൂടി ചിന്തകളെയും അറിവുകളെയും പരുവപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു. സർക്കാരിന്റെ വിവിധ നയങ്ങളെയും പരിപാടികളെയും കുറിച്ച് ജനങ്ങൾക്കുള്ള അഭിപ്രായങ്ങളും ചിന്തകളും സമൂഹത്തിൽ പങ്കുവയ്ക്കുന്നതിൽ റേഡിയോയും ടെലിവിഷനും വഹിക്കുന്ന പങ്ക് ചെറുതല്ല.

### 4.3 സാമൂഹികമാധ്യമങ്ങൾ (Social Media)

കാലികപ്രസക്തമായ ഒരു വാർത്തയുമായി ബന്ധപ്പെട്ട് ജനങ്ങളുടെ പ്രതികരണങ്ങൾ ശ്രദ്ധിച്ചില്ലേ. മുഖ്യധാരാ മാധ്യമങ്ങളെപ്പോലെ ഏതൊരു വിഷയത്തിലും പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിൽ സാമൂഹികമാധ്യമങ്ങൾക്കും ഇന്ന് പ്രമുഖ സ്ഥാനമാണുള്ളത്. നിങ്ങളും ഇത്തരത്തിൽ സാമൂഹികമാധ്യമങ്ങളിൽ പ്രതികരണങ്ങൾ നടത്താറില്ലേ?



താഴെ നൽകിയിരിക്കുന്ന വാർത്തകൾ വായിക്കൂ.




**FACT**

കോട്ടയത്ത് എല്ലാ വിദ്യാലയങ്ങൾക്കും നാളെ അവധി ഇല്ല; പ്രചരിക്കുന്നത് വ്യാജ അറിയിപ്പെന്ന് ജില്ലാ കളക്ടർ. നിലവിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് മാത്രമാണ് ജില്ലയിൽ നാളെ (സെപ്റ്റംബർ 1) അവധി പ്രഖ്യാപിച്ചിരിക്കുന്നതെന്ന് കളക്ടർ വ്യക്തമാക്കി. കനത്ത മഴയെത്തുടർന്ന് കോട്ടയം ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും നാളെ (സെപ്റ്റംബർ 1) അവധി പ്രഖ്യാപിച്ചു എന്ന തരത്തിൽ പ്രചരിക്കുന്ന അറിയിപ്പ് വ്യാജമാണെന്ന് കോട്ടയം ജില്ലാകളക്ടർ അറിയിച്ചു. മഴമൂലം ജില്ലയിൽ നാളെ എല്ലാ വിദ്യാലയങ്ങൾക്കും അവധി പ്രഖ്യാപിച്ചു എന്ന തരത്തിലുള്ള വ്യാജ അറിയിപ്പ് സാമൂഹികമാധ്യമങ്ങളിലൂടെ പ്രചരിക്കുന്നതിനെത്തുടർന്നാണ് ജില്ലാ ഭരണകൂടം വിശദീകരണവുമായി രംഗത്തെത്തിയത്.

സാമൂഹികമാധ്യമങ്ങളിലൂടെ പ്രചരിപ്പിക്കപ്പെട്ട ഒരു വ്യാജവാർത്തയും ആ വാർത്തയുടെ യഥാർഥവസ്തുതകൾ ഉൾപ്പെടുത്തിയുള്ള കളക്ടറുടെ വിശദീകരണം ഉൾക്കൊള്ളുന്ന വാർത്താക്കുറിപ്പുമാണ് മുകളിൽ നൽകിയിരിക്കുന്നത്. ഇത്തരം വ്യാജവാർത്തകളും സന്ദേശങ്ങളും പ്രചരിക്കുന്നതിനെ പ്രതിരോധിക്കാനായി നാം എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിക്കേണ്ടത്.

- വാർത്തകളുടെയും സന്ദേശങ്ങളുടെയും സത്യസന്ധത ഉറപ്പുവരുത്തുന്നതിനായി യഥാർഥ ഉറവിടം കണ്ടെത്തൽ.
- വ്യാജവാർത്തകളും സന്ദേശങ്ങളുമാണ് എന്ന് തിരിച്ചറിയുന്ന പക്ഷം അത് മറ്റുള്ളവരുമായി പങ്കിടാതിരിക്കൽ.
- സൈബർസെൽ പോലുള്ള ഔദ്യോഗിക സംവിധാനങ്ങളെ അറിയിക്കൽ.
- 

ആധുനിക കാലത്ത് സമൂഹത്തിലെ ഭൂരിഭാഗം ആളുകളും ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴി ആശയവിനിമയം നടത്തുന്നവരാണ്. ഇത്തരം ഡിജിറ്റൽ ഇടങ്ങളിലുള്ള ചതിക്കുഴികൾ ഓരോരുത്തരും തിരിച്ചറിയേണ്ടത് അനിവാര്യമാണ്. അതിനായി നാം മാധ്യമസാക്ഷരതയും (Media Literacy) ഡിജിറ്റൽസാക്ഷരതയും (Digital Literacy) ആർജിച്ചെടുക്കേണ്ടതുണ്ട്. വിവിധ മാധ്യമരൂപങ്ങളിലൂടെ ലഭിക്കുന്ന സന്ദേശങ്ങളെ പ്രാപ്യമാക്കാനും വിശകലനം ചെയ്യാനും വിലയിരുത്താനും പുതിയസന്ദേശങ്ങൾ സൃഷ്ടിക്കാനും വിനിമയം നടത്താനുമുള്ള കഴിവാണ് മാധ്യമസാക്ഷരത. മാധ്യമ ഉള്ളടക്കം എങ്ങനെ

നിർമ്മിക്കുന്നുവെന്നും അത് നമ്മുടെ ധാരണകളെ എങ്ങനെ രൂപപ്പെടുത്തുന്നുവെന്നും വാർത്തകളെയും സന്ദേശങ്ങളെയും വിമർശനാത്മകമായി എങ്ങനെ വ്യാഖ്യാനിക്കണമെന്നതുമെല്ലാം ഇതിൽ ഉൾപ്പെടുന്നു.

ഡിജിറ്റൽ ഇടങ്ങളിൽ നിന്ന് വിവരങ്ങൾ കണ്ടെത്തുന്നതിനും വിലയിരുത്തുന്നതിനും ഡിജിറ്റൽ ഉപകരണങ്ങളും സാങ്കേതികവിദ്യകളും ഫലപ്രദമായി ഉപയോഗിക്കുന്നതിനുമുള്ള കഴിവാണ് ഡിജിറ്റൽ സാക്ഷരത. അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാനം, ഇന്റർനെറ്റിന്റെ ഫലപ്രദമായ ഉപയോഗം, ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ നാവിഗേറ്റ് ചെയ്യൽ, ഓൺലൈൻ ഉള്ളടക്കം വിമർശനാത്മകമായി വിലയിരുത്തൽ, സൈബർ അവബോധം തുടങ്ങിയവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

മാധ്യമസാക്ഷരത ഉള്ളടക്കത്തിലും അതിന്റെ വ്യാഖ്യാനത്തിലുമെല്ലാം ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ ഡിജിറ്റൽ സാക്ഷരത പ്രധാനമായും ഉപകരണങ്ങളെയും പ്ലാറ്റ്ഫോമുകളെയും പരിഗണിക്കുന്നു.

'പൊതുജനാഭിപ്രായരൂപീകരണത്തിൽ നവമാധ്യമങ്ങളുടെ പങ്ക്' എന്ന വിഷയത്തിൽ ഒരു ചർച്ച സംഘടിപ്പിച്ച് കുറിപ്പ് തയ്യാറാക്കുക.

## 5. രാഷ്ട്രീയ പാർട്ടികളും അവയുടെ പ്രവർത്തനങ്ങളും (Political Parties and their Activities)

ജനാധിപത്യഭരണക്രമത്തിൽ പൊതുജനങ്ങളുടെ അഭിപ്രായം രൂപീകരിക്കാനും സമാഹരിക്കാനും മുൻപന്തിയിൽ നിൽക്കുന്നത് രാഷ്ട്രീയ പാർട്ടികളും അവയുടെ പ്രവർത്തനങ്ങളുമാണ്. ഭരണനേതൃത്വത്തിലുള്ള പാർട്ടികളും പ്രതിപക്ഷത്തുള്ള പാർട്ടികളും പൊതുജനാഭിപ്രായരൂപീകരണത്തിൽ ഒരുപോലെ പങ്കുവഹിക്കുന്നുണ്ട്. പൊതുജനങ്ങളെ പൊതുപ്രശ്നങ്ങളെക്കുറിച്ച് ചിന്തിപ്പിക്കുന്നതിനായി രാഷ്ട്രീയബോധമുള്ളവരാക്കി മാറ്റുക എന്നുള്ളതാണ് രാഷ്ട്രീയ പാർട്ടികളുടെ പ്രധാനലക്ഷ്യം. ഓരോ രാഷ്ട്രീയപാർട്ടിയും അവർക്കനുകൂലമായ പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിനായി പത്രമാധ്യമങ്ങൾ, ജേർണലുകൾ, ലഘുലേഖകൾ, പ്രകടനപത്രികകൾ, പോസ്റ്ററുകൾ തുടങ്ങിയവ പ്രസിദ്ധീകരിക്കാറുണ്ട്. അതോടൊപ്പം സമ്മേളനങ്ങൾ, പ്രകടനങ്ങൾ, റാലികൾ, സെമിനാറുകൾ തുടങ്ങിയവയും പൊതുജനാഭിപ്രായരൂപീകരണത്തിനായി സംഘടിപ്പിക്കാറുണ്ട്.

ഭരിക്കുന്ന പാർട്ടികൾ അവർക്കനുകൂലമായി, സർക്കാരിന്റെ നയപരിപാടികൾക്ക് പ്രചാരണം നൽകാൻ ശ്രമിക്കുന്നു. അതിനുവേണ്ട പ്രചാരണതന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുന്നു.

പ്രതിപക്ഷ പാർട്ടികളാകട്ടെ, ഭരണതലത്തിലെ പോരായ്മകളും വീഴ്ചകളും ജനമധ്യത്തിൽ എത്തിക്കുന്നു. സർക്കാരിനെതിരായ പൊതുജനാഭിപ്രായരൂപീകരണത്തെ സഹായിക്കുന്ന സമരങ്ങളും പ്രചാരണങ്ങളും അവർ ഏറ്റെടുക്കുന്നു.

അധികാരം നേടിയെടുത്ത് ആശയങ്ങൾ പ്രചരിപ്പിക്കാനുള്ള താൽപര്യമാണ് എല്ലാ രാഷ്ട്രീയ പാർട്ടികൾക്കുമുള്ളത്. തിരഞ്ഞെടുപ്പ് ഘട്ടങ്ങളിൽ,

അധികാരത്തിൽ വന്നാൽ നടപ്പാക്കുന്ന കാര്യങ്ങൾ ഓരോ പാർട്ടിയും മുന്നണിയും പ്രകടനപത്രികയിലൂടെ അവതരിപ്പിച്ച് പരമാവധി ജനപിന്തുണ സമാഹരിക്കുവാൻ ശ്രമിക്കുന്നു. സമൂഹവും ഭരണകൂടവും നേരിടുന്ന എല്ലാ പ്രധാനപ്രശ്നങ്ങളിലും ഇടപെടാനും അഭിപ്രായം രൂപീകരിക്കാനും രാഷ്ട്രീയ പാർട്ടികൾ ശ്രദ്ധിക്കാറുണ്ട്. ഓരോ പാർട്ടിയും അതിന്റെ കാഴ്ചപ്പാടുകളും ആശയങ്ങളും അവതരിപ്പിച്ചുകൊണ്ട് ജനങ്ങളെ തങ്ങളുടെ പക്ഷത്ത് അണിനിരത്തുവാൻ ശ്രമിക്കുന്നു. അതോടൊപ്പം ജനങ്ങളെ പൊതുകാര്യങ്ങളിൽ ഇടപെടുന്നതിനും തിരഞ്ഞെടുപ്പ് പ്രക്രിയകളിൽ സക്രിയരാക്കാനും പ്രാപ്തരാക്കുന്നു. തിരഞ്ഞെടുപ്പിൽ മത്സരിച്ച് ജയിക്കുകമാത്രമല്ല, തിരഞ്ഞെടുപ്പിനു ശേഷവും പൊതുപ്രശ്നങ്ങളിൽ രാഷ്ട്രീയപാർട്ടികൾ പ്രചാരണം നടത്തിക്കൊണ്ടേയിരിക്കും. തിരഞ്ഞെടുപ്പ് പ്രചാരണഘട്ടങ്ങളിൽ പൊതുജനാഭിപ്രായം തങ്ങൾക്ക് അനുകൂലമാക്കാൻ ഓരോ രാഷ്ട്രീയപാർട്ടിയും അവരുടേതായ നിലപാടുകൾ വ്യക്തമാക്കാൻ ശ്രമിക്കാറുണ്ട്. രാഷ്ട്രീയപാർട്ടികളുടെ പ്രചാരണ പ്രവർത്തനങ്ങൾ അതിരുവിടുമ്പോൾ തിരഞ്ഞെടുപ്പ് കമ്മീഷൻ ഇടപെട്ട് നിയന്ത്രിക്കുന്നത് പതിവാണ്.

ചുവടെ നൽകിയിരിക്കുന്ന പട്ടിക പൂർത്തിയാക്കി ക്ലാസിൽ ചർച്ചചെയ്ത് 'പൊതുജനാഭിപ്രായരൂപീകരണത്തിൽ രാഷ്ട്രീയപാർട്ടികളുടെ പങ്ക്' എന്ന വിഷയത്തിൽ ഒരു പ്രസംഗം തയ്യാറാക്കുക.


**പൊതുജനാഭിപ്രായം രൂപീകരിക്കാൻ രാഷ്ട്രീയ പാർട്ടികൾ സ്വീകരിക്കുന്ന വിവിധ മാർഗങ്ങൾ**

- പ്രകടനങ്ങൾ
- 
- 
- 

## 6. സാമൂഹികസ്ഥാപനങ്ങളും സംഘടനകളും (Social Institutions and Organisations)

സമൂഹത്തിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളും സാമൂഹികസംഘടനകളും പൊതുജനാഭിപ്രായരൂപീകരണത്തിൽ നിർണ്ണായക പങ്കുവഹിക്കുന്നു. മതസ്ഥാപനങ്ങൾ, ജാതി-മത സംഘടനകൾ, വിദ്യാർഥിപ്രസ്ഥാനങ്ങൾ, യുവജനപ്രസ്ഥാനങ്ങൾ, സ്ത്രീസമത്വപ്രസ്ഥാനങ്ങൾ, തൊഴിലാളിയൂണിയനുകൾ, മനുഷ്യാവകാശപ്രസ്ഥാനങ്ങൾ, പരിസ്ഥിതിപ്രസ്ഥാനങ്ങൾ, വ്യാപാരി-വ്യവസായി സംഘടനകൾ തുടങ്ങിയവയെല്ലാം പൊതുജനാഭിപ്രായരൂപീകരണത്തിൽ അവരുടേതായ പങ്കുവഹിക്കുന്നു.

## 7. അഭിപ്രായ വോട്ടെടുപ്പ് (Opinion Poll)




ഒരു വിദ്യാലയത്തിലെ വിദ്യാർഥികൾക്കിടയിൽ നടത്തിയ അഭിപ്രായവോട്ടെടുപ്പും അതിന്റെ ഫലവുമാണ് ചിത്രത്തിൽ നൽകിയിരിക്കുന്നത്.

വിവിധ സാമൂഹിക, സാംസ്കാരിക, രാഷ്ട്രീയ, സാമ്പത്തിക കാര്യങ്ങളിൽ പൊതുമനോഭാവത്തെയും അഭിപ്രായത്തെയും കുറിച്ചുള്ള വിവരശേഖരണത്തിനുള്ള വളരെ ഫലപ്രദമായ മാർഗമാണ് അഭിപ്രായവോട്ടെടുപ്പ്. ഇതിൽ ജനസംഖ്യയുടെ ഒരു സാമ്പിൾ തിരഞ്ഞെടുത്ത് അവരിലൂടെ വിഷയത്തെ സംബന്ധിച്ചുള്ള അഭിപ്രായം ആരായുന്നു. ഈ അഭിപ്രായത്തെ അടിസ്ഥാനമാക്കി പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നു. അഭിപ്രായവോട്ടെടുപ്പ് നടത്തുന്നതിനായി ഇന്ന് വിവിധ പ്രൊഫഷണൽ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്.

## 8. കലയും സാഹിത്യവും (Art and Literature)



"ദാഹിക്കുന്നു ഭഗിനീ കൃപാരസ-
മോഹനം കുളിർതണ്ണീരിതാശു നീ
ഓമലേ, തരൂ തെല്ലെ"ന്നതു കേട്ടൊ-
രാ മനോഹരിയമ്പരന്നോതിനാൾ:
"അല്ലല്ലെന്തുകഥയിതു കഷ്ടമേ !
അല്ലലാലങ്ങു ജാതി മറന്നിതോ?
നീചനാരിതൻ കൈയാൽ ജലം വാങ്ങി-
യാചമിക്കുമോ ചൊല്ലെഴുമാര്യന്മാർ?

* * * * * *

ഓതിനാൻ ഭിക്ഷുവേറ്റം വിലക്ഷനായ്:
"ജാതി ചോദിക്കുന്നില്ല ഞാൻ സോദരി,
ചോദിക്കുന്നു നീർ നാവുവരണ്ടഹോ
ഭീതിവേണ്ടാ തരികതെനിക്കു നീ."

മഹാകവി കുമാരനാശാന്റെ 'ചണ്ഡാലഭിക്ഷുകി' എന്ന ഖണ്ഡകാവ്യത്തിലെ ചില വരികളാണ് ഇവിടെ നൽകിയിരിക്കുന്നത്. ജാതിവ്യവസ്ഥയിൽ നിലനിന്നിരുന്ന അയിത്തം പോലുള്ള ദുരാചാരങ്ങൾക്കെതിരെ പൊതുജനാഭിപ്രായം രൂപപ്പെടുത്തുന്നതിൽ ശക്തമായ സ്വാധീനം ചെലുത്തിയ കൃതിയാണ് ചണ്ഡാലഭിക്ഷുകി.

ഓരോ കാലത്തെയും കലയും സാഹിത്യവും സിനിമയുമെല്ലാം അതത് കാലത്തെ പൊതുജനാഭിപ്രായം രൂപീകരിക്കപ്പെടുന്നതിനെ വളരെയധികം സ്വാധീനിക്കാറുണ്ട്. 'പാട്ടബാക്കി', 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' തുടങ്ങിയ രചനകൾ ഒരുകാലത്ത് കേരളത്തിന്റെ സാമൂഹികജീവിതം തന്നെ മാറ്റിമറിക്കുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ചവയാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് പ്രചോദനം നൽകിയ രബീന്ദ്രനാഥ ടാഗോറിന്റെയും സുബ്രഹ്മണ്യഭാരതിയുടെയും വള്ളത്തോൾ നാരായണമേനോന്റെയും സാഹിത്യരചനകൾ പൊതുജനാഭിപ്രായ രൂപീകരണപ്രക്രിയയിൽ പ്രധാന പങ്ക് വഹിച്ചിട്ടുള്ളവയാണ്.

നിലനിന്നിരുന്ന സാമൂഹികഅനാചാരങ്ങൾക്കെതിരെ ശക്തമായ പൊതുജനാഭിപ്രായം വളർത്തിയെടുക്കാനും അതുവഴി സാമൂഹികവിപ്ലവത്തിന് തിരികൊളുത്താനും ഓട്ടൻതുള്ളൽ, ചാക്യാർക്കൂത്ത് തുടങ്ങിയ കലാരൂപങ്ങൾക്ക് സാധിച്ചിട്ടുണ്ട്. വിവിധ കലാരൂപങ്ങളും സാഹിത്യരചനകളുമെല്ലാം നിങ്ങളുടെ അഭിരുചികളെയും താൽപര്യങ്ങളെയും സ്വാധീനിക്കാറില്ലേ?

നിങ്ങളുടെ അഭിപ്രായരൂപീകരണത്തെ സ്വാധീനിച്ച ഏതെങ്കിലും കലാരൂപത്തെക്കുറിച്ചോ സാഹിത്യരചനയെക്കുറിച്ചോ കൂട്ടുകാരുമായി ചർച്ചചെയ്ത് കുറിപ്പ് തയ്യാറാക്കൂ.

## പൊതുജനാഭിപ്രായരൂപീകരണത്തിന് വിഘാതമാകുന്ന ഘടകങ്ങൾ

പൊതുജനാഭിപ്രായം ശക്തമാകുന്നിടത്ത് ജനാധിപത്യം ശക്തിപ്പെടും. ജനാധിപത്യത്തിന്റെ പരിമിതികളെ ശക്തമായ പൊതുജനാഭിപ്രായം കൊണ്ട് തിരുത്തുവാനും ശരിയായ ദിശയിലേക്ക് നയിക്കുവാനും സാധിക്കും. എന്നാൽ സമൂഹത്തിൽ പൊതുജനാഭിപ്രായം രൂപപ്പെടുന്നതിന് തടസ്സമായി നിൽക്കുന്ന ചില ഘടകങ്ങളുണ്ട്. അവ ഏതൊക്കെയെന്ന് പരിശോധിക്കാം.

**നിരക്ഷരത** - നിരക്ഷരരായ ജനങ്ങൾക്ക് പൊതുപ്രശ്നങ്ങളെക്കുറിച്ച് പരിമിതമായ അറിവുകൾ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. അവർക്ക് യുക്തിപരമായ അഭിപ്രായങ്ങൾ രൂപീകരിക്കുന്നതിന് വേണ്ടത്ര ശേഷി ഉണ്ടായിരിക്കണമെന്നില്ല.

**ഡിജിറ്റൽ വിഭജനം** - ഇന്റർനെറ്റ്, കമ്പ്യൂട്ടർ, സ്മാർട്ട് ഫോൺ തുടങ്ങിയ ആധുനിക വിവര സാങ്കേതികവിദ്യയിലേക്കുള്ള പ്രാപ്യത (Access) യിലുണ്ടാകുന്ന വിടവാണ് ഡിജിറ്റൽ വിഭജനം (Digital divide). ഇത് ഫലപ്രദമായ പൊതുജനാഭിപ്രായരൂപീകരണത്തിന് തടസ്സമുണ്ടാക്കുന്നു.


**ദാരിദ്ര്യം** - ദാരിദ്ര്യം അനുഭവിക്കുന്ന വിഭാഗങ്ങൾ പലപ്പോഴും പൊതുകാര്യങ്ങളിൽ നിന്നും ഒറ്റപ്പെട്ട് നിൽക്കുന്നവരായിരിക്കും. അതുകൊണ്ടുതന്നെ പൊതുവിഷയങ്ങളെക്കുറിച്ചുള്ള അഭിപ്രായരൂപീകരണത്തിൽ ഇവർക്ക് വേണ്ടരീതിയിൽ ഇടപെടാൻ സാധിക്കാറില്ല.

**അനാരോഗ്യകരമായ രാഷ്ട്രീയപ്രവർത്തനവും രാഷ്ട്രീയ പാർട്ടികളിലെ ജനാധിപത്യരാഹിത്യവും** - രാഷ്ട്രീയപ്രവർത്തനങ്ങളിലെ പക്ഷപാതവും ജനങ്ങൾക്കിടയിലെ ധ്രുവീകരണപ്രവർത്തനങ്ങളും പൊതുജനാഭിപ്രായരൂപീകരണത്തിന് വിഘാതം സൃഷ്ടിക്കുന്ന ഘടകങ്ങളാണ്.

**തിരഞ്ഞെടുപ്പ് പ്രചാരണരംഗത്തെ തെറ്റായ പ്രവണതകൾ** - തിരഞ്ഞെടുപ്പ് സമയങ്ങളിൽ വോട്ടർമാരെ സ്വാധീനിക്കുന്നതിനായി നടക്കുന്ന അനാരോഗ്യകരമായ പ്രവണതകൾ യഥാർഥ പൊതുജനാഭിപ്രായം പ്രതിഫലിക്കുന്നതിന് തടസ്സമാകാറുണ്ട്.

ഇവയ്ക്കുപുറമെ അഴിമതിയും പ്രാദേശികവാദവും മറ്റ് സാമൂഹിക- സാമ്പത്തിക- സാംസ്കാരിക വിഭാഗീയ താൽപര്യങ്ങളും വ്യക്ത്യാരാധനയുമെല്ലാം യഥാർഥ പൊതുജനാഭിപ്രായത്തെ ഹനിക്കുന്ന ഘടകങ്ങളാണ്.

ചുവടെ കൊടുത്തിരിക്കുന്ന ഡയഗ്രം പൂർത്തിയാക്കി ക്ലാസിൽ ചർച്ച ചെയ്യൂ. പൊതുജനാഭിപ്രായരൂപീകരണത്തിന് വിഘാതമാകുന്ന കൂടുതൽ ഘടകങ്ങൾ കണ്ടെത്തൂ.




ഒരു രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും തുല്യമായ പങ്കാളിത്തം ഉറപ്പുവരുത്തുന്ന രാഷ്ട്രീയവ്യവസ്ഥിതിയാണല്ലോ ജനാധിപത്യം. ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന സംവിധാനമെന്നനിലയ്ക്ക് ജനാധിപത്യസർക്കാരുകൾ അതിന്റെ നയങ്ങളും പരിപാടികളും രൂപപ്പെടുത്തുന്നത് ജനങ്ങളുടെ

അഭിപ്രായങ്ങൾ, താൽപര്യങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ടാണ്. കൂടാതെ ജനാധിപത്യ സംവിധാനത്തിൽ നടക്കുന്ന തിരഞ്ഞെടുപ്പുകളെ മുഖ്യമായി സ്വാധീനിക്കുന്നതും ജനങ്ങളുടെ അഭിപ്രായങ്ങളാണ്.

ജനാധിപത്യസംവിധാനത്തിൽ പൗരസമൂഹം ഭരണാധികാരികളെ നിരന്തരമായ വിമർശനങ്ങളിലൂടെ ഉത്തരവാദിത്വമുള്ളവരാക്കിത്തീർക്കും. അധികാരപ്രയോഗങ്ങളെ ചോദ്യംചെയ്യാനും നിയമവാഴ്ചയെ ക്രമപ്പെടുത്താനും പൊതുജനാഭിപ്രായംകൊണ്ട് സാധിക്കും. അങ്ങനെയൊരു സമൂഹത്തിൽ പൗരരുടെ അവകാശങ്ങളെയും കർത്തവ്യങ്ങളെയും കുറിച്ച് ജനങ്ങൾ തികച്ചും ബോധവാന്മാരായിരിക്കും. സ്വേച്ഛാധികാരവും ഏകാധിപത്യപ്രവണതകളും പൊതുജനാഭിപ്രായം ശക്തിപ്പെട്ട സമൂഹത്തിൽ തടയപ്പെടുകയും പൗരരുടെ അവകാശങ്ങളും സ്വാതന്ത്ര്യവും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു. പൊതുജനാഭിപ്രായം ശക്തിപ്പെട്ട സമൂഹത്തിൽ ഓരോ വിഷയവും വിമർശനാത്മകമായി വിലയിരുത്തപ്പെടുകയും അത് രാഷ്ട്രീയ പാർട്ടികളെ ഉത്തരവാദിത്വമുള്ളവരാക്കിത്തീർക്കുകയും ചെയ്യുന്നു. ജനങ്ങളുടെ സഞ്ചിതമായ അഭിപ്രായമെന്ന നിലയ്ക്ക് പൊതുജനാഭിപ്രായം ജനാധിപത്യസംവിധാനത്തിൽ മുഖ്യ പങ്ക് വഹിക്കുന്നു.

'ജനാധിപത്യപ്രക്രിയ ശക്തിപ്പെടുത്തുന്നതിൽ പൊതുജനാഭിപ്രായരൂപീകരണത്തിന്റെ പങ്ക്' എന്ന വിഷയത്തിൽ ഒരു പ്രബന്ധം തയ്യാറാക്കുക.

## തുടർപ്രവർത്തനം

- തിരഞ്ഞെടുപ്പുകളിൽ പൊതുജനാഭിപ്രായരൂപീകരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതൊക്കെയാണെന്ന് പരിശോധിച്ച് ക്ലാസിൽ ഒരു സെമിനാർ സംഘടിപ്പിക്കുക.
    - പ്രാദേശിക വിഷയങ്ങൾ
    - വികസനം
    - 
    - 
- ലഹരി, സൈബർകുറ്റങ്ങൾ തുടങ്ങിയ ഏതെങ്കിലും സാമൂഹികതിന്മകൾക്കെതിരെ പൊതുജനാഭിപ്രായം രൂപീകരിക്കുന്നതിന് സഹായകമാകുന്ന ഒരു സ്കിറ്റ് തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുക.
- വി. ടി. ഭട്ടതിരിപ്പാടിന്റെ 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകം കേരളീയനവോത്ഥാനത്തിന് വലിയ സംഭാവനകളാണ് നൽകിയത്. നാടകം വായിച്ച് ഈ പ്രസ്താവനയോട് പ്രതികരിക്കുക.
- സ്കൂളിൽ സത്യജിത് റേയുടെ 'പഥേർ പാഞ്ചാലി' എന്ന സിനിമയുടെ പ്രദർശനം സംഘടിപ്പിച്ച് അതിലെ ഇതിവൃത്തം ചർച്ചചെയ്യൂ. സ്കൂൾ മാഗസിനിലേയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കൂ.

# ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

**51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :**

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

# കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

## നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**
ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in

ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

*online* ***R.T.E Monitoring : www.nireekshana.org.in***